KOTTAYAM PUBLIC LIBRARY

Call No. MF9

Acc. No. 9550

Author ഭാസ്ക്കരമേനോൻ. കെ.

Title മാറുന്ന കാലങ്ങൾ

9550

# മാറുന്ന കാലങ്ങൾ

ഗ്രന്ഥകൎത്താ:

കെ. ഭാസ്കരമേനോൻ, എം. എ., എം. എൽ.

മാതൃഭൂമി

പ്രകാശകന്മാർ:

മാതൃഭൂമി പ്രിൻടിംഗ് ആൻഡ് പബ്ലിഷിംഗ്
കമ്പനി, ലിമിററഡ്, കോഴിക്കോട്.

1952 വില 1ക.

NATIONAL BOOK STALL ★ BR. KOTTAYAM ★ SPCS LTD.

ഒന്നാം പതിപ്പ് 1952

MF9

*Copy right reserved*

Printed at
THE MATHRUBHUMI PRESS,
KOZHIKODE.

# അമ്മയുടെ കാല്ക്കൽ

# കഥകൾ


| | | |
|---|---|---|
| 1 | ഐക്യകേരളം .... .... | 1 |
| 2 | അമ്മ വിളിയ്ക്കുന്നു .... .... | 9 |
| 3 | സേവിക .... .... | 19 |
| 4 | നേതാവിൻെറ വീട്ടിൽ .... | 27 |
| 5 | പെട്ടെന്നു വന്ന ഭക്തി .... | 33 |
| 6 | മാറുന്ന കാലങ്ങൾ .... .... | 40 |
| 7 | പിരിച്ചുവിട്ട പട്ടാളക്കാരൻ .... | 49 |
| 8 | പിറന്നാൾ സമ്മാനം .... | 64 |
| 9 | ആങ്ങള .... .... | 72 |

# ഐക്യകേരളം

"അമ്മ എന്നെ ഇങ്ങിനെ ഒരു കാടനു് പിടിച്ചുകൊടുത്തു ല്ലൊ. കയ്യും കാലുംകെട്ടി കിഴമനച്ചാലിലു് വലിച്ചെറിയല്ലേയി രുന്നു ഇതിലും ഭേദം?"

വിവാഹത്തിൻെറ പിറേറ ദിവസം കിടയ്ക്കയിൽ കമിഴ്ന്നുകി ടന്നു തേങ്ങിത്തേങ്ങി കരയുന്ന മകളെ സാന്ത്വനിപ്പിയ്ക്കുവാൻ ചെ ന്ന മാധവിയമ്മയ്ക്കു കിട്ടിയ സ്വാഗതമാണിതു്.

മാധവിയമ്മ ഒന്നു ചിരിച്ചു. തലയിലെ വെള്ളിക്കമ്പികറം സാവധാനം മീട്ടിക്കൊണ്ടു് ശാന്തസ്വരത്തിൽ അവർ പറഞ്ഞു: "കഷ്ടം നീ ഇത്രപൊട്ടിയാണല്ലൊ? മുക്കപണ്ടവും കടയാരത്തവും തിരിച്ചറിയാൻ വയ്യാത്ത സാധു."

"അതെയതെ—" കരഞ്ഞു തുടുത്ത മുഖമുയർത്തി വിമല അമ്മ യുടെ നേരെ തട്ടിക്കയറി: പൊന്നുണ്ടു് കുഴിച്ചോളൂ; രത്നണ്ടു് കട ഞ്ഞോളൂ എന്നു പറഞ്ഞാൽ മതി. മുള്ളൻപന്നിയുടെ ഉള്ളു് അസ്സ ലു് വെൽവെററാ. എന്നിട്ടാക്കു വേണം ആ ജന്തുനെ?"

മകളുടെ ശുണ്ഠി കണ്ടു മാധവിയമ്മയ്ക്കു വീണ്ടും ചിരി വന്നു. "ആട്ടെ—രണ്ടുകൊല്ലം കഴിയട്ടെ. അപ്പോഠം ഞാൻ ചോദിയ്ക്കു ണ്ടു്." എന്നു ഭാവിയെ നോക്കിക്കാണുന്നവിധം അർത്ഥഗർഭമായ സ്വരത്തിൽ അവർ മകളെ കളിയാക്കി.

അമ്മയും മകളും തമ്മിലുള്ള വാഗ്വാദം കേട്ടു വാതുക്കൽ എ ത്തിനോക്കിയ അച്ഛനും "ആ പനി രണ്ടു ദിവസം ഉണ്ടാവും. പിന്നെയൊക്കെ ശരിയായിക്കോളും." എന്നു് അതിനെ ഒരു നേരമ്പോക്കാക്കി തള്ളി. അവക്കു നേരമ്പോക്കു് തനിയ്ക്കു ജീവൻ പോക്കു് എന്ന ദുസ്സഹമായ വ്യഥയോടെ ആരുമില്ലാത്തവളായല്ലൊ താൻ എന്ന ഭാവത്തിൽ കിടയ്ക്കയോടു പററിക്കിടന്നു വിമല വീണ്ടും കരച്ചിൽ തുടന്നു.

*　　　　*　　　　*

തൃശ്ശിവപേരൂർ അമ്പലക്കുളപരിഷ്ക്കാരത്തിൻെറ നടുവിൽ ക ളിച്ചുവളൻ ഒരു പരിശുദ്ധജീവിയാണു് വിമല. ആ ഒരു 'പോ ളിഷ്' അവളുടെ വാക്കിലും നോക്കിലും ഇരുപ്പിലും നടപ്പിലും എന്നുവേണ്ടാ സവ്വത്തിലും ഒന്നു വേറെ തെളിഞ്ഞുകാണാം. പൊ

ഴുത് വിടിയുംമുമ്പു മുങ്ങിക്കുളിച്ചു വെള്ളയുടുത്തു മോടിവരുത്തി അമ്പലത്തിൽ തൊഴുതുവരും. തിങ്കളാഴ്ചനോൽമ്പ്, ഏകാദശി, രാമായണം വായന, സന്ധ്യാസ്തോത്രം ഇങ്ങിനെ അമ്മമുത്തശ്ശിമാരായി കൈമാറിപ്പോന്നിട്ടുള്ള പഴയ പാരമ്പര്യങ്ങളൊന്നും ഒരിയ്ക്കലും മുടക്കാറില്ല. പാട്ടും വീണവായനയും അഭ്യസിച്ചിട്ടുണ്ട്. കോളേജു പഠിപ്പുംകൂടിയായപ്പോൾ പുതുതും പഴതും കൂടിച്ചേർന്ന ഒരു മനോഹരസമാഹാരമായി.

ഒരു വലിയ ഉദ്യോഗസ്ഥനായ കുഞ്ഞിരാമൻനായർക്കാണ് വിമലയെ വിവാഹം ചെയ്തുകൊടുത്തത്. കുഞ്ഞിരാമൻനായർ വടക്കനാണ്—വടക്ക് എന്നുവെച്ചാലും നന്നെവടക്ക്. അവുധി കിട്ടാഞ്ഞതിനാൽ വിവാഹത്തിൻെറ പിറേറ ദിവസംതന്നെ വധുവെ കൂട്ടാതെ അദ്ദേഹത്തിന് ഉദ്യോഗസ്ഥലത്തേയ്ക്കു തിരിച്ചുപോകേണ്ടതായി വന്നു.

തിരുവാതിരക്കാലത്താണ് അവരുടെ വിവാഹം നടന്നത്. തെക്കോട്ടു തിരുവാതിര വളരെ പ്രധാനമാണെന്നു കുഞ്ഞിരാമൻനായർ കേട്ടിട്ടുണ്ട്. പക്ഷെ അതിൻെറ ചടങ്ങുകളെക്കുറിച്ച് ഒരു വിവരവുമില്ല. തിരുവാതിരക്കാലത്ത് പുത്തൻവധുവോടു യാത്ര പറയുന്ന അവസരത്തിൽ എന്തു ചെയ്താലാണ്അബദ്ധമാവുക, എന്തു ചെയ്യാഞ്ഞാലാണ് മുഷിച്ചലാവുക എന്നായിരുന്നു മൂപ്പർക്കു ഭയം. ഒടുവിൽ നാട്ടുനടപ്പിനെപ്പററി ഒരു നിഗൂഢാന്വേഷണം നടത്തിവരുവാൻ തൻെറ വിശ്വസ്തഭൃത്യനും ഒരു അരസ്സിക്രട്ടറിയുമായ കോമപ്പനെ നിയോഗിച്ചയച്ചു. കോമപ്പൻ കൂലങ്കഷമായ ചില അന്വേഷണങ്ങൾ നടത്തി യജമാനന്നു റിപ്പോർട്ടു സമർപ്പിച്ചു.

വിശേഷദിവസങ്ങളെ തീററവട്ടത്തിൻെറ എണ്ണത്തിലൂടെയും വണ്ണത്തിലൂടെയും നോക്കിക്കാണാറുള്ള കോമപ്പന്നു തിരുവാതിരയെക്കുറിച്ചു വളരെ നിരാശാജനകമായ ഒരു റിപ്പോർട്ടാണ് സമർപ്പിയ്ക്കാനുണ്ടായിരുന്നത്.

''എന്തൊക്കെയാടോ ചോദിച്ചോ?'' കുഞ്ഞിരാമൻനായർ ഉൽക്കണ്ഠയോടേ അന്വേഷിച്ചു.

''എന്തോ, എനക്കൊന്നും തിരിയുന്നില്യോളീ.'' അവനതു പറയാൻതന്നെ ഒരു ഉശിരില്ല. ''ബായക്ക വറക്കും; അതാണു പോൽ പ്രധാനം.'' വളരെ പുച്ഛരസത്തിൽ അവൻ പറഞ്ഞു. ''പിന്നെന്തോ കൂവബെരകേ മറേറാണ്ട് അത്രതന്നെ, പിന്നെയൊക്കെ ഉഞ്ഞാലോട്ടോം കളീം മററാണത്രെ.''

“നീ ശരിയായി അന്വേഷിച്ചിട്ടുണ്ടാവില്ല.” കുഞ്ഞിരാമൻ നായൎക്ക് തൃപ്തിയായില്ല.

“ഉവ്വോളീ. ഞാൻ ഈടട്ടത്തെ പണിക്കാരോടെല്ലാം ചോദിച്ചിരിയ്ക്കുന്ന്. ആ അടിച്ചുതളിപ്പെണ്ണില്ലെ, ഓളോട്ട ഞാൻ ചോദിച്ച് മീനുണ്ടാവോ എന്ന്. ഓള് എന്നെ ഒരു നോട്ടം. ഞാൻ അപ്പാടെ ആട്ന്നു ഓടിക്കളഞ്ഞു”

കുഞ്ഞിരാമൻനായർ വിമലയോട്ട യാത്രപറയുവാൻ ചെന്നു. ശൃംഗരിയ്ക്കുവാൻ തീരെ അഭ്യസിച്ചിട്ടില്ലാത്ത അദ്ദേഹം വല്ലാതൊന്നു കുഴങ്ങി. ഒടുവിൽ ധൈൎയ്യമവലംബിച്ച് തന്റെ സ്വാധീനത്തിലുള്ളതിൽവെച്ച് ഏററവും മൃദുലമായ ഭാവമവലംബിച്ച് ഒരു നൂററപ്പിക്കയുടെ നോട്ട് വിമലയുടെ നേക്ക് നീട്ടിക്കൊണ്ട് “തിരുവാതിരൊക്കല്ല്യോ ബരുന്ന്. ബായക്കവെറക്കേ്ം——....” കുഞ്ഞിരാമൻനായരുടെ വാചകം പൂൎത്തിയായില്ല. അതിനുമുമ്പു വിമല മുറിയിൽനിന്ന് ഓടിക്കഴിഞ്ഞിരിയ്ക്കുന്നു. മുഖം കുനിഞ്ഞിരുന്നതിനാൽ ആ മുഖഭാവം കുഞ്ഞിരാമൻനായർ കാണാനിടവന്നില്ല. അതു നല്ലകാലം. പക്ഷെ എന്തോ പന്തിയായില്ലെന്ന ഒരു ബോധം മൂപ്പൎക്കുണ്ട്. മാധവിയമ്മ ഇതെല്ലാം നോക്കിനിന്നിരുന്നു. പ്രത്യുല്പന്നമതിയായ അവർ സ്വതസ്സിദ്ധമായ വൈഭവത്തോടെ ഉടൻ രംഗം ഭംഗിയായി വെള്ളയടിച്ചു. വിമല പോയ വഴിയേ നോക്കിക്കൊണ്ട് “ഇങ്ങിനെ ലജ്ജയായാലോ?” എന്ന് കുഞ്ഞിരാമൻനായർ കേൾക്കത്തക്ക ഉച്ചത്തിൽ ഒരാത്മഗതവും അതോടൊപ്പം ഒരഭിനയശകലവും പുറപ്പെട്ടവിച്ചതോടെ പകച്ചു നില്ക്കുന്ന ആ ശുദ്ധന് തെല്ലൊരാശ്വാസമായി.

ജാമാതാവിനെ യാത്രയയച്ചശേഷം മകളെ തേടിച്ചെന്ന അമ്മയ്ക്കു കിട്ടിയ അഭിവാദ്യമാണ് കഥയുടെ ആദ്യം വിവരിച്ചത്.

* * *

അങ്ങിനെ പുത്തരിയിൽത്തന്നെ കല്ലുകടിച്ചുകൊണ്ട് വിമലയുടെ വിവാഹജീവിതമാരംഭിച്ചു. മധുവിധു അതിലും കഷ്ടമായിരുന്നു. കനകക്കിനാവുകൾ കാണുന്ന യൌവനാരംഭത്തിലേയ്ക്ക് കാലെടുത്തുകുത്തിയതു മുതൽ അവളുടെ ഹൃദയത്തിൽ ഒന്നൊന്നായി കുരുത്തു വന്നിരുന്ന ആശാമുകുളങ്ങളെല്ലാം ഒരൊററടിയ്ക്കു കരിഞ്ഞു കൊഴിഞ്ഞുപോയി. ഒരു മഹാകവിയുടെ ഭാവനയോടെ ഒരു നൂറു മധുവിധുരംഗങ്ങൾ അവൾ തന്റെ ഹൃദയഭിത്തിമേൽ ചിത്രീകരിച്ച ദിവസവും അവയെനോക്കി ആനന്ദിച്ചുപോന്നിരുന്നു.

ഇന്നാവട്ടെ അവയെല്ലാം അവളെ നോക്കി പല്ലിളിയ്ക്കുകയാണ്.

ആദ്യത്തെ ഷോക്കിൽനിന്നു തന്റേടം തികച്ചും വീണ്ടുകിട്ടാതെ ഒരു തരിച്ചനിലയിലാണ് വിമല ഭർത്തൃഗൃഹത്തിൽ കയറിച്ചെന്നത്. ഒരുപക്ഷെ ആ അർദ്ധസുഷുപ്തി കരുണാവാരിധിയായ ഈശ്വരൻ അവൾക്ക് അറിഞ്ഞുകൊടുത്തതായിരിയ്ക്കാം. അല്ലെങ്കിൽ ആ രംഗങ്ങളെ അവൾ അതിജീവിയ്ക്കുമായിരുന്നുവോ ആവോ?

ധൂപമാല്യാദികളുടെ സുരഭിലവായു ശ്വസിച്ചുവളൎന്ന വിമലയെ ഭർത്തൃഗൃഹത്തിൽ പടിയ്ക്കലേനിന്നുതന്നെ എതിരേററത് നാസാരന്ധ്രങ്ങളിൽക്കൂടി തുളഞ്ഞുകയറുന്ന മീൻപൊരിച്ചതിന്റെ അപ്രതിഹതമായ പരിമളപ്രവാഹമാണ്. നവവധുവിനെ സല്ക്കരിയ്ക്കുവാൻ ഭർത്തൃബന്ധുക്കൾ കേമമായി വട്ടംക്കൂട്ടിയിരുന്നു. പണം കയ്യയച്ചു ചിലവഴിച്ചിട്ടുണ്ട്. വിഭവങ്ങൾ അനവധി. മീൻപൊരിച്ചതും വെച്ചതും, ഇറച്ചി പൊരിച്ചതും വെച്ചതും—അങ്ങിനെ നാലുകറി. മററും മററും. പക്ഷെ എന്തു ഫലം? വിമലയ്ക്ക് അവിടെനിന്നു മടങ്ങുന്നതുവരെ ഒരേ ഒരു വികാരമേ ഉണ്ടായിരുന്നുള്ളു. ഓക്കാനത്തിന്റേയും മൂർച്ഛയുടേയും ഇടയിലുള്ള ആ ദയനീയാവസ്ഥ. വിമല സസ്യഭുക്കാണെന്നറിഞ്ഞപ്പോൾ അവൎക്ക് വലിയ ഇച്ഛാഭംഗമായി; തങ്ങളുടെ കുശനികലാപാടവം പാഴായല്ലോ എന്ന്. വിമലയോട് തെല്ലൊരു അനുകമ്പയും തോന്നാതിരുന്നില്ല. പാവം കുട്ടി, നല്ല വസ്തുക്കൾ അനുഭവിയ്ക്കുവാൻ ദൈവം അവൾക്കു യോഗം കൊടുത്തില്ലല്ലോ എന്ന്. വിമലയ്ക്ക് അവർ വേഗം ചില പ്രത്യേക ഇലക്കറികൾ ഒരുക്കികൊടുത്തു. പക്ഷെ വിമലയ്ക്ക് എല്ലാം ഒരുപോലെയായിരുന്നു. ആദ്യാവതാരത്തെ അവൾ ആ വീട്ടിലുള്ള സൎവ്വവസ്തുക്കളിലും തെളിഞ്ഞുകണ്ടു. "യോമാം പശ്യതി സൎവ്വത്ര സൎവ്വം മയി ച പശ്യതി" എന്നതായിരുന്നു അവളുടെ അവസ്ഥ. ഭഗവാൻ സൎവ്വാന്തര്യാമിയാണെന്ന് അവൾ കേട്ടിട്ടുണ്ട്. അതെങ്ങിനെയാണ് എന്നവൾ സംശയിയ്ക്കാറുണ്ടായിരുന്നു. ഇപ്പോൾ ആ സംശയം തീൎന്നു.

കുശലാന്വേഷണങ്ങളായിരുന്നു മറെറാരു പൊറുതികേട്. ഭർത്താവിന്റെ അമ്മപെങ്ങന്മാർ ഉണ്ണാനിരിയ്ക്കുന്നതിന്റെ ചുററും വന്നുകൂടും—

"കുഞ്ഞെന്താ ഒന്നും തൊട്ടില്യല്ലോ? കുഞ്ഞു തിന്നോളീ."

"കുഞ്ഞിന് ആതിയാ—തള്ളെ പിരിഞ്ഞു വന്നതല്ലേ്യാ—പാവം."

ഈ കുശലങ്ങളുടെ പിറകിലുള്ള നിഷ്കന്മഷമായ, ഉള്ളഴിഞ്ഞ, പരുക്കൻവാത്സല്യത്തിന്റെ വിലയറിയുവാനും അഭിനന്ദിക്കുവാനും അന്നു അവൾക്ക് കണ്ണുണ്ടായിരുന്നില്ല. അവൾ വളൎന്നുവന്ന ലോകം അത്രയും വിഭിന്നമായിരുന്നു. അകത്ത് കത്തിയാണെങ്കിൽകൂടി പുറത്തു പത്തിയായി വിലസുന്നവരെ മാത്രമെ അവൾ കണ്ടു പരിചയിച്ചിട്ടുള്ളു.

അവിടുത്തെ ദിനചര്യയാണ് വിമലയെ എല്ലാററിലുമധികം വീൎപ്പുമുട്ടിച്ചത്. രാത്രിയത്തെ ഊണിന്ന് ഇലവെയ്ക്കുമ്പോൾ പാതിരകഴിഞ്ഞിട്ടുണ്ടാവും. ഉറങ്ങുന്ന കുട്ടികളെ തട്ടിയുണൎത്തി ചോറു കൊടുക്കണം. വിമലയുടെയും ഒരുറക്കം കഴിഞ്ഞിട്ടുണ്ടാവും. രാവിലെ വിമല പതിവുസമയത്ത് ഉണരും. പക്ഷെ വീട് മുഴുവൻ ഉറങ്ങുകയായിരിയ്ക്കും. പിന്നേയും ഒരു രണ്ടോ മൂന്നോ മണിക്കൂർ കഴിയുമ്പോഴേക്കും ഒരോരുത്തരായി മെല്ലെ എഴുന്നേററുവരുന്നുണ്ടാവും. കുളിയും വിസ്തരിച്ചുള്ള പല്ലുതേപ്പും മററും ഉച്ചയ്ക്കോ ഉച്ചതിരിഞ്ഞോ ആണ്. തീററക്ക് വട്ടംകൂട്ടലും അതാസ്വദിയ്ക്കലുമായി കഴിയും ദിവസം മുഴുവൻ. അമ്പലസംസ്കാരത്തിൽ വളൎന്നുവന്ന അവളെ തൂക്കിയെറിഞ്ഞത് അടുക്കളെസംസ്കാരത്തിന്റെ നടുവിലേക്കാണ്.

*　　　*　　　*

കൊല്ലം പത്തുകഴിഞ്ഞു. ഇന്ത്യയുടെ തലസ്ഥാനനഗരിയിൽ അധുനാധുനസജ്ജീകരണങ്ങളെല്ലാം തികഞ്ഞ വിശേഷമായ ഒരു സല്ക്കാരമുറിയിൽ റേഡിയോ തിരിച്ചുവെച്ച്, പക്ഷെ അതിൽ ശ്രദ്ധിയ്ക്കാതെ രസകരമായ ഏതോ മനോരാജ്യത്തിലാണ്ടു സമീപത്തുള്ള ചാരുകസേരയിൽ കിടന്നു കുഞ്ഞിരാമൻനായർ വിശ്രമിയ്ക്കുകയാണ്. മുറിയുടെ മറെറാരുവശത്തുള്ള ഒരു സോഫയിലിരുന്നു വിമല ഒരു കമ്പിളികുപ്പായം തുന്നിക്കൊണ്ടിരിയ്ക്കുന്നു. പെട്ടെന്ന് രണ്ടു കളശബ്ദങ്ങൾ അന്യോന്യം ഏററുമുട്ടിക്കൊണ്ട് ആ മുറിയിൽ വന്നലച്ചു. പിറകിൽ ഓടിക്കിതച്ചുകൊണ്ട് പ്രസരിപ്പു തുളുമ്പുന്ന രണ്ടു കുട്ടികളും.

രവിയും രമയും. അതാണവരുടെ പേര്. രവിയ്ക്ക് ഒരാറുവയസ്സ് കാണും; രമക്ക് എട്ടും. രണ്ടും രണ്ട് ജന്മസ്സാണ്: രവി ഒരു പരുക്കൻ മട്ടാണ്. അവന്റെ കുപ്പായം എപ്പോഴും ചളിയണിഞ്ഞേ കാണൂ. കുടുക്കുകൾ മിക്കതും പോയിട്ടുണ്ടാവും. മുടി എത്ര മിനുക്കിവെച്ചാലും നിൽക്കില്ല. പഴയ ബ്രഷ്പോലെ

രോമങ്ങൾ എപ്പോഴും എഴുന്നേററ് നില്ക്കുന്നുണ്ടാവും. രമ ലളിത കോമളയാണ്. ശ്രീമതിയാണ്. അവളുടെ ഉടുപ്പിൽ ചളിപോയിട്ടു ചുളിവുകൂടി കാണുകയില്ല. പൌഡറിട്ട് തല പിന്നി കണ്ണെഴുതി പൊട്ടുതൊട്ട് നല്ല ചന്തത്തിലേ അവളെ എപ്പോഴും കാണൂ. താൻ ഒരു സുന്ദരിയാണെന്ന ബോധം കൊച്ചിലേതൊട്ട് അവളിൽ മുളച്ചുവന്നിട്ടുണ്ട്. അതു അസ്സലായി അഭിനയിക്കുകയും ചെയ്യും. ഒരു പതിനാറുവയസ്സിൽ വേണ്ട നോട്ടവും ലജ്ജയും കുഴച്ചലുമെല്ലാം അവളിപ്പോഴെ വശമാക്കിയിട്ടുണ്ട്.

രമ അവളുടെ അമ്മയുടെ ആദ്യപരീക്ഷയാണ്. ഒന്നാന്തരം കടിഞ്ഞാണിട്ടാണ് അവളെ വളൎത്തിവന്നത്. വിഭാഗതയുടെ പേരിൽ അവളെ പലതും ശീലിപ്പിച്ചു. അവളും പലതും ശീലിച്ചു. അമ്മയുടെ ആദ്യകാലാദൎശങ്ങൾക്ക് അനുരൂപമായിതന്നെ അവൾ വളൎന്നുവന്നു. പക്ഷെ ആ പരീക്ഷയുടെ ഫലം രുചിക്കാഞ്ഞിട്ടോ എന്തോ രവിയെ വളൎത്തിയത് തീരെ മറെറാരു മട്ടിലാണ്: അവനെ സദാ അഴിച്ചുവിട്ടുകൊണ്ടായിരുന്നു.

വന്നപാട് രവി ഓടിച്ചെന്ന് അമ്മയോടു പററി. രമ അച്ഛൻ കിടക്കുന്ന കസേരയുടെ കയ്യിന്മേലും സ്ഥാനമുറപ്പിച്ചു.

രവി—"അമ്മേ! കുഞ്ഞേടത്തി എന്റെ ചെവി പിടിച്ചു തിരുമ്മി."

രമ—"അവനെന്റെ കുപ്പായത്തില് മണ്ണു വാരിയെറിഞ്ഞിട്ടാ. എന്റെ കുപ്പായേ അവന്റെ ചളിക്കുപ്പായംപോലെയാക്കാൻ കുറച്ചു ചേതം വരും."

രവി—"അപ്പോ കുഞ്ഞേടത്തി എന്തിനേ എന്നെ കുരങ്ങൻ, തവള, എന്നൊക്കെ വിളിക്കാൻ പോയേ?"

രമ—"അവൻ പറയാ, 'ഞാൻ മണ്ണെടുത്തു ചാടും' 'ഞാൻ കല്ലെടുത്തു ചാടും' എന്നൊക്കെ. അപ്പോ ചാടണത് മനുഷ്യക്കുട്ടികളല്ല, കുരങ്ങനും തവളേം മററാണെന്നു ഞാനും പറഞ്ഞു. അവനെന്തിനേ എന്നെ പാച്ചി, കോച്ചി, പോക്കാച്ചി എന്നൊക്കെ വിളിക്കണേ?"

രവി—"ഏടത്തീന്ന് വിളിച്ചാൽ പോര, 'ചേച്ചീ'ന്ന് വിളിക്കണത്രെ. അപ്പോ ഞാനങ്ങട്ട് വിളിച്ചുകൊടുത്തു."

രമ—"അപ്പോ എന്റെ കയ്യിന്ന് അസ്സലായിട്ട് കിട്ടേം ചെയ്തു. അതുതന്നെ."

വാക്കേററത്തിന്റെ എടയിൽ രവി കരയാൻ മറന്നിരുന്നു.

അതിൽ പരാജയപ്പെട്ടപ്പോറം അതു വീണ്ടും തുടൻു. അമ്മ അവനെ മാറോട്ടചേൎത്തു രമയെ നോക്കി ''നിൻെറ അഹമ്മതി കുറെ ജാസ്തിയായിരിയ്ക്കുന്നു. നിന്നോടു പറഞ്ഞിട്ടില്ലെ ഞാൻ, അവൻെറ മേല് കയ്യ്വെച്ചിട്ടുള്ള കളി വേണ്ടാന്ന്. ഇവിടെ വാ. കാണിച്ചുതരാം.''

രമ അച്ഛനോടു പററിക്കൂടി. അച്ഛൻെറ താടി പിടിച്ചു തൻെറ നേക്കു തിരിച്ചുകൊണ്ട് ''ഇത് നോക്കു അച്ഛാ. രവിയ്ക്ക് എന്നെ എന്തും ചെയ്യാം. അതിന് ഒരു കേസ്സല്യ. ഞാനവനെ എങ്ങാനും ഒന്നൂതിയാൽമതി, അപ്പഴക്കും ഇത്രയും പോന്ന കേസ്സായി.'' എനി അതില്ലാണ്ട് തൻെറ കേസ്സിനു ശക്തി കുറയണ്ടാ എന്നു വിചാരിച്ച് അവളും ഒരു കരച്ചിലിന്നൊരുങ്ങി.

കുഞ്ഞിരാമൻനായർ അവളെ വാത്സല്യപൂൎവ്വം തഴുകിക്കൊണ്ടു വിമലയോടു പറഞ്ഞു. ''നീ രവിയോട് വല്ലാത്ത പക്ഷഭേദം കാണിയ്ക്കുന്നുണ്ട്. അവളെന്തു ചെയ്താലും കുററം. അവനെപ്പോഴും സമൎത്ഥൻ. ഇവറം പാവം സാധു.''

വിമല—''സാധു! അസ്സല് സാധുവാണ്. അസത്ത്! തൻെറ കാര്യം എന്നല്ലാതെ മറെറാരു ചിന്തേല്യ. സേവകൂടാൻ അറിയാം അസ്സലായിട്ട്. അവൻ ശുദ്ധനാണ്. തുറന്ന മനസ്സ്. അവളുടെ ഉള്ള് കണ്ടോരില്യ. എനിക്ക് നല്ലോണം അറിയാം. എന്നെ സ്നേഹിയ്ക്കാൻ അവനേ ഉണ്ടാവൂ. വല്ലതും വന്നാൽ താങ്ങാനും.''

കു_നാ—''അതെയതെ. ലാളിച്ചു ലാളിച്ചു അവനെ വഷളാക്കിയിട്ടുണ്ട്. നോക്കിയാട്ടെ അവൻെറ ഒരു വേഷം. തനി കാടൻ.''

രമക്ക് ബഹുരസമായി. അ്വറംക്ക് രവിയെ വിളിയ്ക്കാൻ ഒരു പുതിയ പേര് കിട്ടി. ''ഹലോ മിസ്റ്റർ കാടൻ'' എന്നു വിളിച്ചു ഡാൻസ് ചെയ്തുകൊണ്ട് അവറം രവിയുടെ അടുക്കലേയ്ക്കു ചെന്നു. ''രമേ'' എന്ന അമ്മയുടെ ശാസനാരൂപത്തിലുള്ള വിളി കേട്ടപ്പോറം അവളൊന്നു അടങ്ങി. 'കാടൻ', എന്ന് വിളിച്ചുകൊണ്ടുതന്നെ അവറം മുറിയുടെ പുറത്തേയ്ക്ക് ഓടി.

'കാടൻ' എന്നുള്ള ആവൎത്തിച്ചുള്ള ഈ പദപ്രയോഗം പെട്ടെന്ന് വിമലയുടെ മനസ്സിൽ മാഞ്ഞുകിടന്നിരുന്ന ചില സ്മരണകറം ഇളക്കിവിട്ടു, എന്തോ ആലോചിച്ചു അവളൊന്നു ചിരിച്ചു. കുഞ്ഞിരാമൻനായൎക്ക് അതിൻെറ അൎത്ഥം മനസ്സിലായില്ല. അ

വളുടെ കണ്ണുകൾ അറിയാതെതന്നെ വാതുക്കൽ ഇടതുവശത്ത് തൂക്കിയിരുന്ന വലിയ ഛായാപടത്തിൽ പതിഞ്ഞു. പരേതയായ മാധവിയമ്മയുടെ കണ്ണുകൾ 'ഇപ്പോഴോ' എന്ന ജയസൂചകമായ ഒരു ഭാവത്തിൽ തന്നെ കളിയാക്കുന്നു. വിമലയുടെ കണ്ണിൽനിന്ന് ഒരു ചെറുമുത്ത് കവിൾത്തടത്തേക്കു് ഇററിവീണു. നന്ദിയുടെയും പശ്ചാത്താപത്തിന്റെയും ഒരു കാണിക്കു—അമ്മയുടെ ദീർഘദർശിത്വത്തിന്ന് നന്ദി; അമ്മ ഇതു കാണാനിരുന്നില്ലല്ലോ എന്ന പശ്ചാത്താപം.

21-11-47

# 'അമ്മ വിളിയ്ക്കുന്നു'

സമരത്തിൻെറ പൊരിവെയിലേല്ക്കാൻ കരുത്തില്ലാഞ്ഞോ ക ക്ഷിവഴക്കുകളുടെ ദൂഷിച്ച വായു ശ്വസിക്കുവാൻ മടിച്ചോ, പർദ യുടെ ഉള്ളിലേയ്ക്കു പിൻവലിഞ്ഞ സമുദായസേവികമാർ, അഭയാ ത്ഥിപ്രശ്നം ആവിർഭവിച്ചതോടുകൂടി പുത്തൻമഴ കഴിഞ്ഞാൽ കാണുന്ന പാററകളെപ്പോലെ വീണ്ടും പാറിപ്പറക്കുന്ന കാലമാണ്. കുറെ കാലങ്ങളായി ഉറങ്ങിക്കിടന്നിരുന്ന മഹിളാസമാജങ്ങളിലെല്ലാം ഒരു പുതുചൈതന്യത്തിൻെറ ലക്ഷണങ്ങൾ കാണുവാൻ തുടങ്ങിയി ട്ടുണ്ട്.

ഒരു ദിവസം ഉച്ചതിരിഞ്ഞ് ഒരു സമാജം ആപ്പീസിൽ സ്ഥലത്തെ പ്രമുഖമഹിളമാർ സമ്മേളിച്ചിരിക്കുകയാണ്. "ലോറ സ്റ്റ്"വിവാഹാലോചന മുതൽ സരോജിനിയുടെ കഴുത്തിലെ ചെയിനിൻെറ "പേറേൺ" വരെയുള്ള പല ഗൌരവമേറിയ പ്രശ്നങ്ങളെക്കുറിച്ചും പലരും ഒരേസമയത്തു സംസാരിച്ചുകൊണ്ടിരി യ്ക്കുന്നു. പെട്ടെന്നു സാമാന്യം ഗൌരവപ്രകൃതിയായ ഒരു സമുദാ യസേവിക അക്കൂട്ടത്തിലേയ്ക്കു കയറിവന്നു. ചൊവചൊവക്കും അ ധികാരപ്രൌഢിയും അവർക്കു മററുള്ളവരേക്കാൾ ഒരു പ്രത്യേകത നല്കിയിരുന്നു. പണിത്തിരക്കു കാരണം അവൾക്കു കുളിക്കുവാനോ ഉണ്ണുവാനോ സമയം കിട്ടിയിരുന്നില്ലെന്ന് അവരുടെ വേഷവും ആലസ്യവും വിളിച്ചുപറഞ്ഞിരുന്നു. ആ ഒരു ധാരണ ഉളവാക്കു വാൻ കരുതിക്കൂട്ടി അല്പം മിനക്കെട്ടിട്ടില്ലേ എന്നുകൂടി സൂക്ഷ്മദൃക്കായ ഒരാൾ ശങ്കിച്ചുപോകും. 'അലക്ഷ്യത'യുടെ പ്രദർശനവും, പാടവ മാവശ്യപ്പെടുന്ന ഒരു സുന്ദരകലയാണല്ലോ.

"കുറച്ചു വൈകിപ്പോയി. ക്ഷമിയ്ക്കണം. എല്ലാവരും എ ത്തിയോ?" എന്നു ചോദിച്ചുംകൊണ്ടാണ് അവർ കയറിവന്നത്.

'കമ്പിളി എത്രത്തോളമായി?' ഒരംഗം ചോദിച്ചു. കാശ്മീ രിലെ പട്ടാളക്കാർക്കുവേണ്ടി കമ്പിളി ശേഖരിയ്ക്കുന്ന കാലമായിരുന്നു അത്.

സേവിക—ഓ! നമ്മുടെ ടാർജററൊക്കെ കടന്നിരിയ്ക്കുന്നു. നാളേയുംകൂടി ഒന്നു കയറിയിറങ്ങിയാൽ ആ പണി അവസാനിപ്പി യ്ക്കാം. ആട്ടെ, നിങ്ങൾക്കാർക്കെങ്കിലും കുട്ടികളെ വേണോ?

'അല്ല, ഈ കച്ചവടോം ഉണ്ടോ? ഇതെന്നു തുടങ്ങി.' പത്രവായന ശീലിയ്ക്കാത്ത ഒരംഗം അമ്പരപ്പോടുകൂടി ചോദിച്ചു.

സേ—'രാജകുമാരി അമൃതകൌറിന്റെ അഭ്യർത്ഥന കണ്ടില്ലേ? പഞ്ചാബിലെ അനാഥരായ അഭയാർത്ഥികുട്ടികളെ ദത്തെടുത്തു വളർത്തുവാൻ ഉദാരമതികൾ മുന്നോട്ടു വരണമെന്നു അഭ്യർത്ഥിച്ചിരിക്കുന്നു. ഒരു പത്തു കുട്ടികളെയെങ്കിലും നമ്മുടെ സമാജം വരുത്തണം. എന്താ ജാനുഅമ്മേ! നിങ്ങൾക്കു ഒരു കുട്ടിയേ എടുക്കരുതേ?''

ജാ. അ—''അയ്യോ കുട്ടി! എനിയ്ക്കു വേണ്ടതിലധികം ഈശ്വരൻതന്നെ തന്നിട്ടുണ്ടല്ലോ. അവരെത്തന്നെ നേരാംവണ്ണം നോക്കികൊള്ളാൻ കിടന്നു ഞെരുങ്ങുന്നു. അല്ലേ കല്ല്യാണിയമ്മേ?''

''കല്ല്യാണംകഴിയ്ക്കാത്ത ഈ കുട്ടികളുണ്ടോ ഒരു കുട്ടിയെ വളർത്തിക്കൊണ്ടുവരുവാനുള്ള പാടെന്താണെന്നറിയുന്നു?'' അവിവാഹിതയായ സേവികയെ സൂചിപ്പിച്ചുകൊണ്ടു കല്ല്യാണിയമ്മ മറുപടിപറഞ്ഞു.

''നിങ്ങളെപ്പോലെ ഭാരമൊന്നുമില്ലാത്തവരല്ലേ ആദ്യം കുട്ടികളെ എടുക്കേണ്ടത്. നിങ്ങളെത്ര കുട്ടിയേ എടുക്കുന്നുണ്ട്. അതു പറയൂ, എന്നിട്ടല്ലേ ഞങ്ങളുടെ കാര്യം ആലോചിക്കേണ്ടു.'' മററൊരംഗം പറഞ്ഞു. സേവിക മറുപടി പറയാൻ ഒന്നു പരുങ്ങി. പക്ഷെ വിട്ടില്ല. ''എനിയ്ക്കതിനുള്ള ആലഭാരൊക്കെ എനിയ്ക്കുണ്ടാക്കി വരണ്ടേ. അതിനുള്ള പരിചയവുമില്ല. നിങ്ങൾക്കാണെങ്കിൽ അതു കൂട്ടത്തിലൊന്നായികഴിയും. ചിലവിനും ആദായമുണ്ട്. ഒരു പ്രത്യേകനോട്ടം ആവശ്യവുമില്ല.''

''അപ്പോൾ കുട്ടി, നമ്മുടെ നാട്ടിൽ കുട്ടികൾ പോരാഞ്ഞിട്ടോ. ഗ്രഹണി പിടിച്ചും ചാവാറായും എത്രയെണ്ണം കിടന്നു നരകിയ്ക്കുന്നു. അവരെ ദത്തെടുക്കേം മററും വേണ്ടാ, മര്യാദയ്ക്കു ഒരു നേരം കഞ്ഞിയുടെ വെള്ളം കൊടുക്കാൻ നമ്മുടെ അമ്മമാരെങ്കിലും തയ്യാറാവുമോ'' ഒരു പഴമക്കാരി ഇടയിൽക്കടന്നു ചോദിച്ചു. അസുഖകരമായ ഈ ചിന്ത ഇളക്കിവിട്ടു സേവനാദർശത്തിന്റെ കുമിളയെ കുത്തിപ്പൊട്ടിച്ചതു പലർക്കും പിടിച്ചില്ല.

പക്ഷെ സേവികക്ക് അതിനും ഉത്തരമുണ്ടായിരുന്നു. ''വല്ല്യമ്മേ, നാം ഇമ്മാതിരി ഘട്ടങ്ങളിൽ മറുനാട്ടുകാരോട് അനുഭാവം കാണിച്ചാലല്ലെ, നമുക്ക് ഒരാപത്തുവരുമ്പോൾ അവർ സഹായത്തിന്നെത്തു. കഴിഞ്ഞ കോളറ കാലത്ത് ഉത്തരേന്ത്യയിൽനിന്നും മററും എത്ര പണം ഇന്നാട്ടിലേയ്ക്കു വന്നു?''

"ദുരിതനിവാരണം ഇപ്പോഠം വിവാഹസമ്മാനംപോലെയാ യിരിയ്ക്കുന്നു. നമുക്ക് ആരൊക്കെ അയച്ചുതന്നുവെന്നു പട്ടികയു ണ്ടാക്കി സൂക്ഷിക്കണം. അതിനൊക്കെ, സമയംവരുമ്പോഠം പക രം കൊടുക്കുകയും വേണം." ഒരംഗം വല്യമ്മയെ പറഞ്ഞു മനസ്സി ലാക്കി.

സേവിക അവരെ അവഗണിച്ചു കുറച്ചുകൂടി പരിഷ്കൃതാശയക ളായവരുടെ കൂട്ടത്തിലേയ്ക്കു തിരിഞ്ഞുകൊണ്ടു തുടന്നു: "അസ്സലു കുട്ടികളായിരിക്കും. തടിച്ചുവെളുത്ത്, കണ്ടാൽ കണ്ണു തട്ടും."

"അവരെ നമുക്ക് നോക്കിയെടുക്കാമോ" കുട്ടിയെ എടു ക്കാൻ ആലോചനയുള്ള ഒരംഗം അന്വേഷിച്ചു.

സേ—"അതൊക്കെ നമുക്കു ശരിയാക്കാം. ദൽഹിയിൽ നമ്മുടെ വിശാലാക്ഷിയില്ലേ. അവരെ ഏല്പിക്കാം. അസ്സല് കുട്ടി യെ തിരഞ്ഞെടുത്തയയ്ക്കും. വേണമെങ്കിൽ ദൽഹിക്കു ഒരു ട്രിപ്പ് വന്നാൽത്തന്നെ എന്താ തരക്കേട്?

"എന്നാൽ രണ്ടു കുട്ടിയെ ഞാൻ എടുത്തോളാം."

സേവിക വേഗം പോക്കററ്ബുക്ക് എടുത്തു പേരും മററും കുറിച്ചുകൊണ്ട്, "രണ്ടു കുട്ടിയല്ലേ വേണ്ടത്. ഗുഡ്. പ്രായം?—ആ ൺകുട്ടിയോ പെൺകുട്ടിയോ?"

"ദാ—ആൺകുട്ടിയേ എടുത്തോളൂ എന്നാപ്പിന്നെ പെൺ മക്കഠംക്ക് ആളെത്തേടി കുഴങ്ങേണ്ടിവരില്ല." ഒരു കുസൃതിക്കാരി പൊട്ടിച്ചു.

"അതു കാണാം. വളത്തി വലുതാക്കിക്കൊണ്ടുവന്നാൽ അ വർ അവരുടെ പാട്ടിന്ന് നടക്കും. അത്രേയുള്ളു."

"ശാരദ ആക്ടില്ലെങ്കിൽ പക്ഷെ അതിനു വഴിയുണ്ടായിരുന്നു." മറെറാരംഗം പറഞ്ഞു.

അങ്ങിനെ ആ കാൻവാസിങ്ങും അഭിപ്രായപ്രകടനങ്ങളും എങ്ങോ കിടക്കുന്ന കുട്ടികളുടെ ഭാഗധേയനിർണ്ണയവും തുടന്നു പോയി. കൂട്ടത്തിൽ ദേവകിഅമ്മയും ഒരു കുട്ടിയ്ക്ക് ഏല്പിച്ചു. പഞ്ചാബിലെ ദാരുണസംഭവങ്ങളെക്കുറിച്ചുള്ള വർണ്ണനകഠം അവ രുടെ ഹൃദയത്തെ ഇളക്കിയിരുന്നു. തന്നെക്കൊണ്ട് ആവുന്ന ഉപ കാരം ചെയ്യാമെന്നുമുണ്ട്. പക്ഷെ അതുമാത്രമല്ല കുട്ടിയെ എടു ക്കാൻ കാരണം. ഒരു വെളുത്ത കുട്ടിയെ എടുത്ത് ഓമനിയ്ക്കുണ മെന്നത് അവരുടെ അപൂരിതവും പൂരിപ്പിയ്ക്കുവാൻവഴി കാണാ ത്തതുമായ ഒരാശയായിരുന്നു. അതിനിപ്പോഠം ഒരവസരംകിട്ടി.

അങ്ങിനെ പഞ്ചാബിലെ ഏതോ ദമ്പതികളുടെ നയനതാരമായിരുന്ന വിപിനചന്ദ്രൻ രവി ഗോപി എന്ന ദേവകിയമ്മയുടെ മററു കുട്ടികളോടൊപ്പം ദത്തുപുത്രനായി തൻെറ രണ്ടാംജീവിതമാരംഭിച്ചു.

*　　　*　　　*　　　*

ഉരുക്കുഹൃദയങ്ങളെക്കൂടി തപിപ്പിയ്ക്കുന്ന എന്തെല്ലാമോ പൈശാചിക രംഗങ്ങളുടെ ദൃക്സാക്ഷിയായിരുന്ന ആ ചെറുപൈതലിൻെറ മുഖത്ത് ആദ്യമാദ്യം കണ്ടിരുന്ന ഏകമുഖസ്തോഭം ഒരു പകച്ചനോട്ടം മാത്രമായിരുന്നു. ക്രമേണ ആ മുഖത്ത് ജീവൻ വീണു. സ്തംഭിച്ചുപോയ പ്രസരിപ്പു വീണ്ടും ചലിക്കുവാൻ തുടങ്ങി. പഴയ സ്മരണകൾ മാഞ്ഞു. പുതിയ ഭാഷയിലെ വാക്കുകൾ ഓരോന്നായി പെറുക്കിത്തുടങ്ങി. ഒരു വടക്കൻ ചൊയയോടുകൂടി അവയെ ഉച്ചരിയ്ക്കും. എടയ്ക്ക് സ്മരണയിൽ മായാതെ പററിക്കിടക്കുന്ന ചില പഞ്ചാബിവാക്കുകളും പൊട്ടിപ്പുറപ്പെടും. കേൾക്കുന്നവർ ചിരിയ്ക്കും. അങ്ങിനെ ക്രമേണ വിപിനൻ പുതിയ പരിതസ്ഥിതികളുമായി ഇണങ്ങിവളൻു.

സ്വന്തം മക്കളോടു കാണിയ്ക്കുന്നതിലും കവിഞ്ഞ ഒരു വാത്സല്യം ദേവകിഅമ്മ വിപിനൻെറമേൽ ചൊരിഞ്ഞു. കൃത്രിമബന്ധങ്ങൾക്കാണല്ലോ കാട്ടിക്കൂട്ടൽ അധികമാവശ്യം വരുന്നത്. പക്ഷെ രവിക്കും ഗോപിക്കും ഇതു വലിയ കണ്ണുകടിയ്ക്കു കാരണമായി. വിപിനന്ന് അഴകും ചൊറുക്കും അനുദിനം വളൻുവന്നു. കറുത്തു കണ്ണിൽപിടിയ്ക്കാത്ത മററു കുട്ടികൾക്ക് അതു തന്നെ അസൂയയ്ക്കുള്ള ഒരു കാരണമായിരുന്നു.—പോരെങ്കിൽ അമ്മ കാണിയ്ക്കുന്ന ഈ പ്രത്യേക പ്രതിപത്തിയും.

തൻെറ അസ്വാഭാവികമായ നിലയെക്കുറിച്ചു വിപിനന്നു കൊച്ചിലേ തൊട്ടു ബോധമുണ്ട്. സഹജമായ പ്രസരിപ്പുകൊണ്ടു രക്തം ഉള്ളിൽക്കിടന്നു പതയ്ക്കുന്ന അവസരങ്ങളിൽപ്പോലും അവൻെറ തല എവിടേയും താണിട്ടാണ്. പക്ഷെ താനെത്ര സൂക്ഷിച്ചാലും എടക്ക് മററു കുട്ടികളുയി വഴക്കാവും. അവർ അതിന്നു തക്കം പാത്തിരിയ്ക്കും. വഴക്കുണ്ടായാൽ അമ്മ എപ്പോഴും വിപിനൻെറ ഭാഗത്താണ്. ഇതു മററു കുട്ടികളുടെ അരിശം കൂട്ടും. അവർ അച്ഛൻെറ അടുക്കൽ കേസ്സു കൂട്ടും.

കുമാരമേനന്ന് ഇതിൽ പണ്ടേ താല്പര്യമുണ്ടായിരുന്നില്ല. വാമഭാഗത്തെ വാമമാക്കേണ്ടെന്നു കരുതിമാത്രം അന്നു സമ്മതം മൂളിയ

താണ്. ദേവകിയമ്മ കാണാതെ എടക്ക് അദ്ദേഹം വിപിനന്റെ നേരെ കണ്ണുരുട്ടും. ആലോചനാശീലനായ വിപിനൻ വളരെ സൂക്ഷിച്ചിട്ടാണ് കുമാരമേനോന്റെ സാന്നിദ്ധ്യത്തിൽ പെരുമാറാറുള്ളത്. കുമാരമേനോന്റെ സ്നേഹം സമ്പാദിക്കുവാൻ ശ്രമിക്കായ്കയല്ല. ഒന്നു രണ്ടു കുറി സദുദ്ദേശത്തോടുകൂടി ചെയ്ത അത്തരം ഉദ്യമങ്ങൾ അബദ്ധത്തിൽ കലാശിയ്ക്കുകയാണുണ്ടായത്. അതിന്നു ശേഷം അവൻ അകന്നുനില്ക്കുകയാണ് പതിവ്.

ആപ്പീസിൽനിന്നു തിരിച്ചെത്തി ഗെയിററു കടക്കുമ്പോഴയ്ക്കു രവിയും ഗോപിയും ഓടിച്ചെന്നു കുമാരമേനോന്റെ കൈകളിൽ തൂങ്ങും. ഇടയ്ക്കദ്ദേഹം അവക്ക് വല്ല സമ്മാനങ്ങളും കൊണ്ടുവരും. ചാരുകസേരയിൽ മലൎന്നുകിടന്നു വിശ്രമിക്കുന്ന അദ്ദേഹത്തിന്റെ മടിയിലും മാറിടത്തിലും ആ വിരുതന്മാർയഥേഷ്ടം വിഹരിയ്ക്കും. സ്കൂളിലെ ഒരു നൂറു കാര്യങ്ങൾ അവക്കു അച്ഛനെ പറഞ്ഞു കേൾപ്പിയ്ക്കാനുണ്ടാകും. ഇതെല്ലാം വിപിനൻ അകലേനിന്നു നോക്കിക്കാണും. ആ പളുങ്കുഹൃദയത്തിൽക്കൂടി അവ്യക്തങ്ങളായ ഒരു നൂറ് ആശകൾ മിന്നൽപോലെ പാഞ്ഞുപോവും. അസുഖകരങ്ങളായ ചിന്തകളുടെ നിഴലുകൾ ആ ഓമനവദനത്തിൽ നിഴലിയ്ക്കും. ഇതെല്ലാം ഇടയ്ക്കു ദേവകിഅമ്മയുടെ കണ്ണിലും പെടും. പക്ഷെ അവരുടെ ധൎമ്മസങ്കടത്തിന്നു നിവൃത്തിമാൎഗ്ഗമുണ്ടായിരുന്നില്ല. മൂക്കാതെ ഞെക്കിപ്പഴുപ്പിയ്ക്കാവുന്ന ഒന്നല്ലല്ലോ വാത്സല്യം. പിതൃവാത്സല്യത്തിന്റെ ഈ വിടവു നികത്താൻ തന്റെ കൃത്രിമവാത്സല്യം അവർ ചൊരിഞ്ഞുനോക്കും. പക്ഷെ വൈദ്യുതകിരണങ്ങളുണ്ടോ താമരയെ വിരിയിയ്ക്കുന്നു.

* * * *

ഒരു ദിവസം രവിയുടെ ചെറിയമ്മ വിരുന്നുവന്നു. രവിയുടേയും ഗോപിയുടേയും ഉത്സാഹത്തിന്ന് അതിരില്ല. ചെറിയമ്മ അവക്ക് വിശേഷപ്പെട്ട കളിപ്പാട്ടങ്ങൾ കൊണ്ടുവന്നിരുന്നു. അവർ അതു വിപിനനെ കാട്ടിക്കൊതിപ്പിച്ചു. തങ്ങൾക്കു കിട്ടിയതിലധികം വിപിനന്നു കിട്ടാത്തതിലായിരുന്നു അവരുടെ സന്തോഷം. ദേവകിയമ്മ ധൎമ്മസങ്കടത്തിലായി. ഇങ്ങനത്തെ കാര്യങ്ങളിൽ താൻ സദാ സൂക്ഷിച്ചിട്ടാണ്. എന്തുവാങ്ങുന്നുണ്ടെങ്കിലും മൂന്നാൾക്കും ഒപ്പം വാങ്ങും. ആദ്യം വിപിനന്നു കൊടുത്തേ, അവർ സ്വന്തം കുട്ടികൾക്കു നൽകൂ. സ്വന്തം കുട്ടികളോടുള്ള സ്നേഹക്കുറവല്ല അതിന്നുകാരണം; വാസ്തവത്തിൽ അവരോടുള്ള സ്നേഹാ

ധികൃമാണ്. ഒരു ശിശുഹൃദയത്തിൻെറ ശാപം തൻെറ കുട്ടികളുടെ തലയിൽ വീഴുമോ എന്നായിരുന്നു അവൾക്കു ഭയം. രവിയുടെ ഒരു കളിപ്പാട്ടം ദേവകിയമ്മ അവൻെറ ചീറലിനെ അവഗണിച്ചു, തട്ടിപ്പറിച്ചു വിപനന്നു സമ്മാനിച്ചു. "വേണ്ടാമ്മെ" അതു രവിക്കു കൊണ്ടുകൊടുത്തതല്ലെ." ഒരു മുതിന്ന ആളുടെ ത്യാഗമനോഭാവത്തോടെ മധുരവും വിനീതവുമായ സ്വരത്തിൽ വിപിനൻ അതു നിരസിച്ചു.

വിപിനനെ ഒററയ്ക്കാക്കി രവിയും ഗോപിയും വിരുന്നുവന്ന കുട്ടികളുമായി കളിയ്ക്കുകയാണ്. "വിപിനനെക്കൂടി കളിയ്ക്കാൻ കൂട്ടു" ദേവകിയമ്മ വിളിച്ചു പറഞ്ഞു. പക്ഷെ വിപിനൻ സുഖമില്ലെന്ന് ഒഴികഴിവു പറഞ്ഞു, പോയില്ല. അവനറിയാം, കൂട്ടത്തിൽ കൂട്ടിയാലും ഉള്ളിൽനിന്ന് കുത്താൻ അവക്ക് ഒരു നൂറു വഴികളുണ്ടെന്ന്.

അന്നു വിപിനന്ന് ഒരു വലിയ അബദ്ധം പിണഞ്ഞു. ദേവകിയമ്മ പുറത്തെങ്ങോ പോയിരിയ്ക്കുന്ന സമയമാണ്. കുമാരമേനോൻെറ ആപ്പീസുമുറിയിൽ അവൻ കടക്കാറില്ല. അന്നെന്തോ കടന്നുപോയി. കുട്ടികൾക്ക് കൈ വെറുതെയിരിയ്ക്കയില്ലല്ലോ. മേശപ്പുറത്തുള്ള എന്തോ അവൻ ഓക്കാതെ തിരുപ്പിടിച്ചു കൊണ്ടിരുന്നു. പെട്ടെന്ന് അതു താഴെ വീണുടഞ്ഞു. ശബ്ദം കേട്ടു കുമാരമേനോൻ അകത്തുവന്നു. "നിന്നോടു പറഞ്ഞിട്ടില്ലേ ഈ മുറിയിൽ കാലെടുത്തുകുത്തരുതെന്ന്" എന്നും പറഞ്ഞ് വിപിനൻെറ ചെവി പിടിച്ചു തൂക്കി പുറത്തുകൊണ്ടുവന്ന് ഒരു കിഴുക്കും കൊടുത്തുവിട്ടു.

രവിയ്ക്കും മററും ഇതു ബഹുരസമായി. നീറുന്ന ഹൃദയത്തോടുകൂടി ഒരുമുറിയുടെ മുക്കിൽപോയി നിശ്ശബ്ദമായി കണ്ണുനീർ വാററിയ്ക്കുന്ന വിപിനൻെറ ചുററുംകൂടി അവർ പരിഹസിയ്ക്കാൻ തുടങ്ങി.

എന്താ സാറെ! ചെവിക്കു നീളംവെച്ചിട്ടുണ്ടല്ലോ. വേദനയുണ്ടോ? എന്നാൽ ഞാൻ ഉഴിഞ്ഞുതരാം. എന്നുംപറഞ്ഞു രവി അവൻെറ ചെവിതലോടാൻ ചെന്നു. വിപിനൻ കൈ തട്ടിക്കളഞ്ഞു.

'ഠാ ദേഷ്യം വരുന്നേ സൂക്ഷിയ്ക്കണേ' ഒരു കുട്ടി പറഞ്ഞു. 'നോക്കട്ടെ ദേഷ്യം വരുന്നുണ്ടോന്നു നോക്കട്ടെ' എന്നു പറഞ്ഞു രവി തൻെറ വിരൽ വിപിനൻെറ മൂക്കിൻെറ ചുററും ചുററിയ്ക്കാൻ തുടങ്ങി. വിപിനൻെറ അസാമാന്യമായ ക്ഷമയ്ക്കും ഒരറുതിവന്നു.

അവൻ രവിയെപ്പിടിച്ച് ഊക്കിലൊന്നു തള്ളി. മറിഞ്ഞുവീണ രവി അലറാൻ തുടങ്ങി. മററു കുട്ടികാം കേസ്സുകൂട്ടുവാൻ ഓടിപ്പോയി വിപിനന്ന് താൻ ചെയ്തതു കവിഞ്ഞുപോയെന്നു തോന്നി. പിടയുന്ന ഹൃദയത്തോടെ അവൻ കുമാരമേനോൻെറ വരവും കാത്തുനില്പായി. അവന്നു തലയാസകലം കറങ്ങുന്നപോലെ തോന്നി. പെട്ടെന്നു രണ്ടു ചെകിടത്തും ഓരോ അടി വീണപ്പോഴാണ് അവൻെറ തലക്കു വെളിവുവന്നത്. വളരെ നാളായി അണകെട്ടിനിർത്തിയ ദേഷ്യമെല്ലാം പെട്ടിയൊലിച്ചതുപോലെ കുമാരമേനോൻ ക്രോധംകൊണ്ടു വിറയ്ക്കുന്നുണ്ട്.

'നന്ദികെട്ട ജന്തു! തീററിപ്പോററി വളത്തുമ്പോഴേയ്ക്കും അവൻെറ ഹുങ്ക് കണ്ടില്ലേ. എനി ഒരു ദിവസം എൻെറ കുട്ടികളുടെ മേൽ കയ്യുവെച്ചാൽ കാണാം. അന്നു നീ പുറത്താണ്. സൂക്ഷിച്ചു കളിച്ചോ ധിക്കാരത്തിന്നും വേണ്ടേ ഒരതിര്.''

തരിച്ചുനില്ക്കുന്ന അവൻെറ കണ്ണിൽ കണ്ണീർപൊടിയാത്തതുകണ്ട് അവൻെറ കുറുമ്പാണെന്നു വ്യാഖ്യാനിച്ച കുമാരമേനോൻ മററു കുട്ടികളെക്കൊണ്ടെല്ലാം മാറിമാറി അവൻെറ ചെകിട്ടത്തടിപ്പിച്ചു—പ്രഹരത്തിന്നു പുറമെ തേജോവധവും.

വിപിനൻ പോററമ്മയുടെ വരവും കാത്തിരുന്നു. കേസുകൂട്ടുവാനല്ല. അതവന്നുവശമില്ല. നീറിക്കത്തുന്ന തൻെറ ഹൃദയത്തെ വാത്സല്യമസൃണമായ ആ സാന്ത്വനംകൊണ്ട് ഒന്നു കുളൎപ്പിയ്ക്കാൻ അവൻ കൊതിച്ചു. എന്നാൽ ദേവകിയമ്മ ഈ നടന്നതൊന്നുമറിഞ്ഞില്ല. മററു കുട്ടികാം അമ്മയെ അതറിയിച്ചതുമില്ല. വിരുന്നുകാർ വന്ന തിരക്കിൽ വിപിനനെ അവർ അലക്ഷ്യമാക്കി. പതിവുലാളനങ്ങാംപോലും വിപിനന്നു നല്കുവാൻ രണ്ടു ദിവസത്തേയ്ക്ക് അവൎക്കു കഴിഞ്ഞില്ല. വിപിനന്ന് ഇതത്യധികം ദുസ്സഹമായി തോന്നി. അവൻെറ ഹൃദയം ആഴത്തിൽ മുറിഞ്ഞു. അന്നുമുതൽ അവൻെറ മട്ടിൽ വലിയൊരു മാററം കാണാറായി. സ്വതസ്സിദ്ധമായ അവൻെറ ആഹ്ലാദശീലം അപ്രത്യക്ഷമായി. വിരുന്നുകാരിൽ വ്യാപൃതയായ ദേവകിയമ്മയുടെ ശ്രദ്ധയിൽ ഇതൊന്നും പെട്ടതുമില്ല.

* * * *

വിരുന്നുകാർ മടങ്ങി. അന്നുപാതിരയ്ക്കു ദേവകിയമ്മ നിലവിളിച്ചുകൊണ്ട് ഞെട്ടിയുണൎന്നു.

'എന്തേത്, എന്തേത്?' കുമാരമേനോൻ പരിഭ്രമിച്ചുകൊണ്ടു

ചോദിച്ചു. ദേവകിയമ്മ കിതയ്ക്കുന്നുണ്ട്. ഒച്ചവലിച്ചിട്ട് വരുന്നില്ല. ഒടുവിൽ വളരെ പണിപ്പെട്ടു് 'അവരെവിടെ?' എന്നു ചോദിച്ചു.

'ആര്?'

'ആ സ്ത്രീ'

'ഏതുസ്ത്രീ? നീ സ്വപ്നം കാണുകയാണോ?'

ദേവകിയമ്മ കണ്ണുതിരുമ്മി ചുററംനോക്കി. ക്രമേണ താൻ സ്വപ്നം കാണുകയായിരുന്നുവെന്ന് അവൾക്കു ബോദ്ധ്യംവന്നു.

"ഓ. ഞാൻ ഭയങ്കരമായ ഒരു സ്വപ്നംകണ്ടു." ക്ഷീണസ്വരത്തിൽ അവർ പറഞ്ഞു. 'വിപിനനെവിടെ?' പെട്ടെന്നവർ ചോദിച്ചു. പിടഞ്ഞെഴുന്നേററ അവർ വിപിനൻകിടക്കുന്നേടത്തേയ്ക്കു ചെന്നു. അവൻ ശാന്തനായി ഉറങ്ങുകയാണ്. ഉള്ളഴിഞ്ഞ വാത്സല്യത്തോടെ ദേവകിയമ്മ അവൻെറ നെററിമേൽ ചുംബിച്ചു.

'എന്തായിരുന്നു സ്വപ്നം?' കുമാരമേനോൻ ചോദിച്ചു.

ദേവകിയമ്മയൊന്നുഞെട്ടി. "ഞാൻ ഒരു സ്ത്രീയെ സ്വപ്നംകണ്ടു. വല്ലാത്ത ഒരുസ്ത്രീ. അതിരൂക്ഷമായ മുഖഭാവം. പക്ഷെ ഒരിക്കലവർ അതിസുന്ദരിയായിരുന്നുവെന്നതിൻെറ ലക്ഷണങ്ങൾ ആ മുഖത്തിൽ കാണാം. തല ജടപിടിച്ചു കെട്ടാതെ, ചീകാതെ, അഴിഞ്ഞുകിടക്കുന്നുണ്ട്. വസ്ത്രങ്ങൾ വിലപിടിച്ചതാണ്. പക്ഷെ അവ മുഷിഞ്ഞു് കീറിപ്പറിഞ്ഞുകിടക്കുന്നു. എല്ലുകൾ അവിടവിടെ പൊന്തിയിട്ടുണ്ട്. കണ്ണുകൾ കുണ്ടിൽ പോയിരിയ്ക്കുന്നു. പക്ഷെ ആ മിഴികളിൽനിന്നു് തീപൊരി ചിതറുന്നുണ്ട്. നാലുപാടും ശവങ്ങൾ ചിതറിക്കിടക്കുന്ന ഒരു ദിക്കിൽനിന്നാണ് അവരെഴുന്നേററുവരുന്നത്. ചുടലഭദ്രകാളിയോ എന്ന് ഞാൻ ആദ്യംഭയപ്പെട്ടു.

'എൻെറ കുട്ടിയെവിടെ—എൻെറ കുട്ടി!' എന്നു ഒരു ഭ്രാന്തത്തിയെപ്പോലെ ഉറക്കെനിലവിളിച്ചുകൊണ്ട് അവർ ജനലിൻെറ അഴികൾകടന്നു മുറിയിലേയ്ക്കുവന്നു. എന്നെത്തന്നെ തുറിച്ചു നോക്കിക്കൊണ്ട് കട്ടിലിന്നരികിലേയ്ക്കു വരുന്നതായിതോന്നി. അതോടെ ഞാൻ നിലവിളിച്ചിട്ടുണ്ടായിരിയ്ക്കണം."

"എന്തൊ അസംബന്ധം. നിനക്കെപ്പോഴും വിപിനനെയും പഞ്ചാബിനേയും കുറിച്ചുള്ള വിചാരമാണ്" എന്ന് കുമാരമേ

നോൻ അതിനെ സാരമില്ലാതെ തള്ളി.

*　　　*　　　*　　　*

പിറേറന്ന് രാവിലെ വിപിനനു് അകാരണമായ ഒരു പനി തുടങ്ങി. നിമിത്തങ്ങളിൽ വിശ്വാസമുള്ള ദേവകിയമ്മ സ്ത്രീ സഹജമായ ആപൽശ്ശങ്കയോടെ ഉടനെ ഡാക്ടർമാരെ വരുത്തി. പനി മണിക്കൂറിന് മണിക്കൂറിന് കയറിവന്നു. ഐസുവെച്ചു, ഇഞ്ചക്ഷൻനോക്കി. പനി താഴുന്നില്ല. ചൈതന്യമററ് വിപിനൻ തളൎന്നുകിടക്കുന്നു. ഒരു നേരിയ ശ്വാസോച്ഛ്വാസം മാത്രം ആശക്ക് ഇടം നല്കുന്നുണ്ട്.

രാത്രി അവൻ പെട്ടെന്ന് ഞെട്ടിവിളിച്ചു. അമ്മേ! അമ്മേ!'

'എന്താ മോനെ അമ്മ ദാ അടുത്തുതന്നെയുണ്ടല്ലോ. മോൻ ഇങ്ങോട്ടു നോക്കു?' ഉറക്കമൊഴിച്ചു തൊട്ടുകിടന്നിരുന്ന ദേവകിയമ്മ പറഞ്ഞു.

വിപിനന്റെ അടഞ്ഞിരുന്ന കണ്ണുകറം തുറന്നു. 'അമ്മേ അമ്മേ' അവൻ വീണ്ടും വിളിച്ചു. ദേവകിയമ്മ അവന്റെ ഒരു പിഞ്ചുകൈപിടിച്ചു കഴുത്തിലണച്ചുകൊണ്ടു് വീണ്ടും പറഞ്ഞു. "ദാ മോൻ ഇങ്ങോട്ടുനോക്കു. അമ്മ ഇവിടെ ഉണ്ടല്ലോ. കാണാനില്ലേ?."

വിപിനൻ ആ മുഖത്ത് കണ്ണിമയ്ക്കാതെ രണ്ടു നിമിഷം നോക്കി. 'അല്ല' എന്ന് നിഷേധസ്വരത്തിൽ സാവധാനം തലയാട്ടി. 'എന്റെ അമ്മ അതാ' ആ മുറിയുടെ മറെറാരു മൂലയിലേക്കു കൈ ചൂണ്ടിക്കൊണ്ടു് അവൻ പറഞ്ഞു.—"അമ്മ വിളിയ്ക്കുന്നു" "അമ്മേ അമ്മേ ഞാനിതാവന്നു." പെട്ടെന്ന് അവൻ എഴുനേല്ക്കാൻ ശ്രമിച്ചു. ആ തളൎച്ചയോടെ പിറകോട്ടു് മലൎന്നു. 'അമ്മേ,' എന്നു വിളിച്ചുകൊണ്ടുതന്നെ ആ കണ്ണുകളടഞ്ഞു. അവാച്യമായ ഒരു ശാന്തി ആമുഖത്തു പരന്നു. മരവിപ്പിയ്ക്കുന്ന ഒരു പുഞ്ചിരി നിശ്ചേഷ്ടങ്ങളായ ആ ചുണ്ടുകളിൽ തങ്ങിനിന്നു.

'അയ്യോ മോൻ ചതിച്ചുവോ' എന്നു നിലവിളിച്ചുകൊണ്ടു് ദേവകിയമ്മ ആ പിഞ്ചുമാറിലേക്ക് ചാഞ്ഞു. ഒരു മാറാവ്രണം അവരുടെ ഹൃദയത്തിൽ സ്ഥലംപിടിച്ചു. നികത്താൻവയ്യാത്ത ഒരു വിടവ് അവരുടെ ജീവിതത്തെ കറപ്പിച്ചു.

'ആ പ്രോബ്ലം അവസാനിച്ചുവല്ലോ' എന്നൊരാശ്വാസമാണ് കുമാരമേനോന്റെ ഹൃദയത്തിൽ ഏററവും മുന്നിട്ടുനിന്നിരുന്നത്. പക്ഷെ ആ ചിന്ത തെററാണ്, പൈശാചികാമാണ് എ

ന്നെല്ലാം അതേസമയംതന്നെ അദ്ദേഹത്തിൻെറ ധാമ്മികബോധം മറുപുറത്തുനിന്നു് മന്ത്രിയ്ക്കുന്നുമുണ്ടായിരുന്നു. ഹൃദയത്തിൽ നടന്ന തെന്തായാലും മുഖം വീപ്പിച്ചു് ഒരു ദീർഘനിശ്വാസത്തോടെ അദ്ദേഹം സഹധർമ്മിണിയെ സാന്ത്വനപ്പെടുത്തി.

'എന്താ ചെയ്യാ. നമ്മുടെ കടമ നാം ചെയ്യു. ഈശ്വരൻ നമുക്കു് വെച്ചതല്ല അതു്.'

തരിച്ചുകിടക്കുന്ന ദേവകിയമ്മയുടെ ചെകിട്ടിൽ ആ വേദോപദേശമൊന്നും പോയ്ത്തുമില്ല.

23_11_'47

# സേവിക

അധുനാധുനമോടിയിൽ സജ്ജീകരിച്ചിട്ടുള്ള ഒരു സല്ക്കാരത്തളത്തിൽ സെററികളുടെയും കുഷിനുകളുടെയും പരവതാനികളുടെയുമെല്ലാം ഇടയിൽ ഒതുങ്ങിയ നാടൻമട്ടിൽ വസ്ത്രധാരണംചെയ്ത ഒരു സ്ത്രീ ഇരുന്നു വിശ്രമംകൊള്ളുന്നു. നിറപ്പകിട്ടുള്ള പൂക്കുപ്പിയിൽ വെച്ച വെള്ളത്താമരപോലെ അവരും ആ തളവുമായി ഒരു പൊരുത്തക്കേടുണ്ടു. അതല്ല ഇവിടെ വേണ്ടതെന്നു തോന്നും; അത് ഇവിടെയല്ല വേണ്ടത് എന്നും തോന്നാം.—കൂടുതൽ പ്രതിപത്തി കുപ്പിയോടോ പൂവിനോടോ എന്നതിനനുസരിച്ചിരിയ്ക്കും ആ രുചിഭേദം എന്നു മാത്രം. ആകർഷണീയമായ ഒരു സൌന്ദര്യം ആദരണീയമായി മാറുന്നതാണ് അവരുടെ പ്രായം. ഏതോ ദിവ്യാനുഭൂതിയുടെ ലഹരി ആസ്വദിക്കുവാൻ തുടങ്ങിയതിന്റെ ശാന്തമധുരിമ കരുണാമസൃണങ്ങളായ ആ നേത്രങ്ങളിൽ കളിയാടുന്നുണ്ടു. ആരേയോ പ്രതീക്ഷിക്കുംപോലെ അവർ പടിക്കലേക്കു കണ്ണോടിച്ചുകൊണ്ടിരിയ്ക്കുന്നു. സാത്വികതേജസ്സു നിറഞ്ഞ ആ മുഖത്ത് ഒരു നേരിയ നീരസച്ഛായ നിഴലിക്കുന്നുണ്ടോ എന്നും സംശയം.

കഴിഞ്ഞ മനുഷ്യജന്മത്തിലെ ഏതോ 'ത്യാഗസുരഭില'മായ ജീവിതത്തിന്റെ പ്രതിഫലമായാവാം ഈ ജന്മത്തിൽ ഒരു ധനികഗൃഹത്തിലെ നായയായിപ്പിറന്ന, ഏമാന്റെ ഓമനയും വേലക്കാരുടെ അസൂയാഭാജനവുമായ 'ടിമ്മി' തെണ്ടിവർഗ്ഗത്തിൽപ്പെട്ടതല്ല താൻ എന്നുള്ള ഒരു തികഞ്ഞ തറവാടിത്തബോധത്തോടെ, കാഞ്ചിക്കൂട്ടിലെ തന്റെ ബന്ധനത്തിന്റെ മധുരസ്മരണയിൽ ലയിച്ച് സംതൃപ്തനായി കണ്ണുകൾ പാതിക്കൂമ്പി ചെവിമടക്കി തല മുൻകാലുകളുടെ ഇടയിൽ അമർത്തിവെച്ച് ഉമ്മറത്ത് ഗംഭീരനായി ശയിക്കുന്നു. മറെറാരു സ്ത്രീ ആ സമയം തളത്തിലേക്ക് കയറിച്ചെന്നത്, 'താനറിയാതെയല്ല' എന്ന് ഒരു ഏകലോചനസംജ്ഞകൊണ്ട് സൂചിപ്പിച്ചതല്ലാതെ മററു യാതൊരു ചലനവും ടിമ്മിയിൽ ഉളവാക്കിയില്ല. ആ സ്ത്രീ അവിടെ നിത്യപരിചിതയാണെന്നും പക്ഷെ തന്റെ ഉപചാരം അർഹിക്കത്തക്ക പ്രാമാണ്യം അവർക്കില്ലെന്നും ടിമ്മിയുടെ ആ അലക്ഷ്യഭാവം വിളിച്ചുപറഞ്ഞിരുന്നു.

"അല്ലാ മാധവിയമ്മേ, രമ എത്തിയില്ലേ? അവിടെവന്ന് ശാരദയേയും കൂട്ടിപ്പോയതാണ്. ഇവിടെ വന്നിട്ടുണ്ടോ എന്ന് നോക്കാൻ പോരേ്."

മാധവിയമ്മ—"കാലത്തുപോയതാണു. കുളിച്ചിട്ടില്ല. ഉണ്ടിട്ടില്ല. ഒന്നിനുമില്ല സമയം. ലോകം നന്നാക്കാൻ ഇറങ്ങിയിരിക്കുകയാണ്. ഇവര് നന്നാക്കീട്ട് എത്രകണ്ടു നന്നാവും കുഞ്ഞുകുട്ടിയമ്മേ?"

കുഞ്ഞുകുട്ടിയമ്മ—"—കുറച്ച് കാലത്തേക്കുണ്ടാവും ആ സുഖക്കേട് പിന്നെയൊക്കെ ശരിയായിക്കൊള്ളും"

മാ. അ—"ഞാനും അത്രതന്നെ വെച്ചിട്ടുള്ളു. തരത്തിന്ന് ഒരാളു വരുന്നവരെ വീട്ടിലിരുന്നു മുഷിയേണ്ട എന്നുവെച്ച് അങ്ങിനെ അയച്ചുവിട്ടിരിക്കുയാണു. പക്ഷെ വല്ല രോഗവും വരുത്തിവെക്കുമോ എന്നാണു ഭയം. നേരത്തിന് ഉണ്ണില്ല. അതും ഉണ്ണുന്നതോ, പക്ഷികൾ കൊത്തിപ്പെറുക്കംപോലെ. തടിക്കും എന്ന് പേടിച്ചിട്ടാത്രെ. തേച്ചുകുളിക്കില്ല. കുറേ പൌഡർ വാരിത്തേച്ചാൽ സൌന്ദര്യായി എന്നാണ് വിചാരം."

കു.അമ്മ—"അല്ല, ഞാനാലോചിക്കുകയാണു, ഞാൻ ഈ പ്രായത്തിൽ മൂന്നു പെററിരിക്കുന്നു. നമ്മളൊക്കെ എന്തു പൌഡറ തേച്ചിട്ടാണ്, മാധവിയമ്മേ. മാധവിയുടെ നിറം കണ്ടാൽ ഇന്നു പതിനാറവയസ്സായ ഒരു പെൺകിടാവിന്ന് അസൂയ തോന്നും".

ടിമ്മി പെട്ടെന്ന് ചെവി വട്ടംപിടിച്ച് ഒന്നെഴുന്നേററ് നമസ്കരിച്ച് വാലാട്ടി ഒരു സ്വാഗതത്തിന് തയ്യാറായി. അതോടെ ഒരു കാർ പടികടന്ന് പൂമുഖത്തു വന്നുനിന്നു. ആ സല്ക്കാരത്തളത്തെ അലങ്കരിക്കുവാൻ തികച്ചും പററിയ രണ്ടു യുവതികൾ കാറിൽ നിന്നിറങ്ങി, ടിമ്മിയെ ഒന്നോമനിച്ചു തളത്തിൽ പ്രവേശിച്ചു. രണ്ടുപേരും കണ്ടാൽ നന്ന്. എന്നാൽ ഈശ്വരൻ കനിഞ്ഞരുളിയ ആ സ്വാഭാവികസൌന്ദര്യത്തെ കൃത്രിമോപകരണങ്ങളുടെ 'പർദ'യിൽ മൂടിവെക്കുവാൻ അവർ ഒരു ശ്രമം നടത്തിയിട്ടുണ്ട്. അത് ഏറെക്കുറെ വിജയിച്ചിട്ടുമുണ്ട്. പക്ഷെ പ്രകൃതിനിയമങ്ങളെയെല്ലാം വെല്ലുവിളിച്ചുകൊണ്ടുള്ള അവരുടെ കൃത്രിമജീവിതരീതിക്കു സ്വതസ്സിദ്ധമായ അവരുടെ ആരോഗ്യത്തേയോ യൌവ്വനോൽഗമത്തിന്നു സഹജമായ ആ വിശേഷചൈതന്യത്തേയോ കീഴടക്കുവാൻ ഇനിയും സാധിച്ചു കഴിഞ്ഞിട്ടില്ല.

കു. അ—“രമക്ക് ആയുസ്സുണ്ട്. ഞങ്ങറം ഇപ്പോറം രമയെക്കുറിച്ച് സംസാരിച്ചുകൊണ്ടിരിയ്ക്കുകയായിരുന്നു.”

രമ—(പുച്ഛരസത്തിൽ) “എന്തൊക്കെയൊണ്? ഞാൻ തേച്ചുകുളിക്കാറില്ലെന്ന്. ഞാൻ നന്നാക്കിയാൽ ലോകം നന്നാവില്ലെന്ന്. പിന്നെ അമ്മ ഈ പ്രായത്തിൽ എത്ര—”

കു. അ—(ചിരിച്ചുംകൊണ്ട്) “അല്ല അത് ഞാനാ പറഞ്ഞത്.”

ശാരദ—“ഈ അമ്മമാരെക്കൊണ്ടു തോററു.”

മാ. അ.—“എന്താ ചെയ്യ്ാ? എനി ഇപ്പോറം മടങ്ങിപ്പോയി വേറെ ആരുടെയെങ്കിലും വയററിൽ കിടക്കാൻ നിവൃത്തിയില്ലല്ലോ. അല്ലെങ്കിൽ മദനൻ ഇന്നാറം ഒരു കഥപറഞ്ഞു.—അതിലെപ്പോലാവണം. ഒരു ഷ്ാ എന്നോ മറേറാ പറഞ്ഞ ആളുടെയാണത്രെ കഥ. കേറംക്കണം കുഞ്ഞുകുട്ടിയമ്മേ. നേരംമ്പോക്കുണ്ട്. അതിൽ ഈ സോഫയോളം പോന്ന ഒരു വലിയ മുട്ട. അതു വിരിഞ്ഞ് പത്തൊമ്പതുവയസ്സായ ഒരു പെൺകിടാവ് ഡാൻസുചെയ്തുകൊണ്ട് പുറത്തേയ്ക്കുവരുന്നു. മനുഷ്യൻ എനി അങ്ങിനെയാണ് ആവാൻ പോണതത്രെ. എന്നാൽ പിന്നെ നമ്മളീ അമ്മമാരേകൊണ്ടുള്ള സൊല്ലതീനല്ലൊ. ഈററനോവുമില്ല. മുലകുടിയുമില്ല. മുട്ടകുത്തലും പിച്ചനടക്കലും ഒന്നും വേണ്ടാ. സുഖം!”

രമ—“അമ്മയ്ക്ക് എന്നോടേ ഉള്ളു ഇതെല്ലാം. മദനൻെറ അടുത്ത് ഹാ! എന്തു പഞ്ചാരയാണ്. ഞങ്ങറം മൂന്നാറംക്കു വേണ്ട അവനു വേണ്ടത്ര പൌഡറം സ്നോവും ഹെയർ ഓയിലും. അതിന്ന് അമ്മയ്ക്ക് ഒരു കേസുമില്ല. അവിടെ അമ്മ പട്ടു പട്ടാണ്.”

മാ. അ.—(വാത്സല്യപൂർവ്വം പുഞ്ചിരിതൂകി) “അതു നീ എന്തു പറഞ്ഞാലും ആണ് ആണുതന്നെ”

രമ—“അതൊക്കെ പണ്ട്. അമ്മയെപ്പോലെ ഇങ്ങിനെ അടുക്കളെയും രാമായണവുമായി കൂടാൻ ഈ ഞങ്ങളാരും തയ്യാറില്ല.

മാ. അ—“അതിന്നും വേണ്ടേ കുട്ടീ ചിലരൊക്കെ.” മകളുടെ വാക്കിലല്ല അവളുടെ മുഖത്തെ തളച്ചയിലായിരുന്നു അമ്മയുടെ ശ്രദ്ധ. “ആട്ടെ ഇനിപോയി വല്ലതും കഴിക്കാൻ നോക്കു. നേരം എത്രയായി” എന്ന് പറഞ്ഞു മാധവിയമ്മ എഴനേററു ഭക്ഷണമൊരുക്കാൻ അകത്തേയ്ക്കു പോയി. കുഞ്ഞുകുട്ടിയമ്മയും അവരെ അനുഗമിച്ചു.

രമയും ശാരദയും—"ദാ. ആ റിപ്പോർട്ട് കടലാസ്സിലേക്കെ യയ്യാൻ മറക്കല്ലേ. എനിയത്തെ പ്രാവശ്യം കുറെ ഫോട്ടൊ എടുക്കുവാൻ ഏപ്പാട്ട ചെയ്യണം. എന്നാൽ പിരിവിന്ന് എളുപ്പമുണ്ട്. നമ്മുടെ പ്രവൎത്തനങ്ങൾക്ക് നല്ല പ്രചരണം കൊടുക്കാമെന്ന് പത്രാധിപർ ഏററിട്ടുണ്ട്. പോരെങ്കിൽ അദ്ദേഹത്തിൻെറ ഭാൎയ്യയോട് പിരിമുറുക്കാനും ഏല്പിച്ചിട്ടുണ്ട്. ഒരു ലേഖനം അയച്ചുകൊടുക്കണമെന്നും പറഞ്ഞു. പക്ഷെ എനിയ്ക്ക് മലയാളം എഴുതാൻ വരില്ല. ഇംഗ്ലീഷിൽ എഴുതി അയച്ചുകൊടുക്കാം. തൎജ്ജമചെയ്തു പൊടിപ്പും തൊങ്ങലുമൊക്കെ വെച്ചു പ്രസിദ്ധപ്പെടുത്തിക്കോട്ടെ."

ആ സഖിമാരുടെ സംഭാഷണം റിപ്പോർട്ട് ചെയ്യുവാനുള്ള ശ്രമം ഇവിടെ ഉപേക്ഷിക്കുന്നു. തനിയ്ക്കു പറയാനുള്ളത് പറയണമെന്നല്ലാതെ മറേറ ആൾക്ക് പറയാനുള്ളത് കേൾക്കണമെന്ന ഉദ്ദേശമില്ലാതെ രണ്ടു പേർ ഒരേസമയത്തു സംസാരിച്ചുകൊണ്ടിരിയ്ക്കുമ്പോൾ ആ സംഭാഷണം ആർ ആരോട് എന്തുപറഞ്ഞു എന്ന് വേർതിരിച്ച് കടലാസിൽ പകൎത്തുക സാദ്ധ്യമല്ല. കൂട്ടുപാതകളിലെ പോലീസ്സുകാരേപ്പോലെ ഒരു വഴി തുറന്നും മററു വഴികൾ അടച്ചും സംഭാഷണം നിയന്ത്രിയ്ക്കുവാനുള്ള ഒരു മദ്ധ്യസ്ഥനെ കൂടാതെ അതിന് തുനിഞ്ഞിട്ടും ഫലമില്ല. പാൽ ടിന്നുകളും അന്നദാനങ്ങളും എണ്ണ കൊടുക്കലും മീററിംഗുകളും അങ്ങിനെ പല പല വിഷയങ്ങളും വളരെയധികം ഇംഗ്ലീഷുവാക്കുകളും ആ സംഭാഷണത്തിൽ പൊങ്ങിയും താണും കളിച്ചിരുന്നുവെന്നു മാത്രം പൊതുവിൽ പറയാം.

*     *     *     *

നേരം ഇരുട്ടുന്നതേയുള്ളു. രമയും മദനനും അവരുടെ അച്ഛനും മുററത്തുള്ള വിശേഷമായ പൂന്തോട്ടത്തിൽ കസേരകളിൽ ചാഞ്ഞുകിടന്ന് കാററുംകൊണ്ട് പലേ വിഷയങ്ങളേക്കുറിച്ചും സംസാരിച്ചുകൊണ്ടിരിക്കുന്നു.

മദനൻ—"തൊഴിലാളി ഒരു മൃഗമാണോ? അവനും മനുഷ്യനായി ജീവിയ്ക്കണം. കുടുംബം പുലൎത്തണം. അതു കഴിഞ്ഞിട്ട് ലാഭം."

അച്ഛൻ—എന്നാൽ നീ ഒന്നു വന്നു ഫാക്ടറി നടത്ത്. അപ്പോൾ കാണാം. രണ്ടു ദിവസത്തേക്കുണ്ടാവും. പിന്നെ പീടിക പൂട്ടാം.

മ—അതിന്നു വയ്യെങ്കിൽ പൂട്ടിയേക്കണം.

അ—എൻെറ ഫാക്ടറി അവിടെ നിന്നാൽ നിൻെറ ഈ സൂട്ടും കാറും ധാടിയും മോടിയും എല്ലാം അസ്ത. അതു വയ്യ അല്ലേ?.

മ—ഗാന്ധിക്കാരെപ്പോലെ മുട്ടമറയ്ക്കാത്ത മുണ്ടുമായി ജീവിയ്ക്കാമെന്നു ഞാൻ ഏററിട്ടില്ല. ഉണ്ടെങ്കിൽ അതിന്നനുസരിച്ച്. ഇല്ലെങ്കിൽ അതുപോലെ.

അ—പോടാ, അവിടുന്ന്. നീയും നിൻെറ കമ്യൂണിസവും. എല്ലാം വീട്ടിൻെറ ഉള്ളിൽ എന്നോടും ഏടത്തിയോടും.

രമ—ഉശിരുണ്ടെങ്കിൽ ഇത് ഒന്നു പുറത്തുപോയി പ്രസംഗിയ്ക്കു. ലാത്തിയുടെ ആ സ്വാദ് ഒന്നറിയട്ടെ. അപ്പോൾ തലയ്ക്ക് ഇത്തിരി വെളിവു വരും.

മട—എന്നെ അയക്കാഞ്ഞിട്ടല്ലെ?

അ—ഓഹോ, അപ്പോൾ ഞാനാണ് തടസ്ഥം.

മട—അല്ലെങ്കിൽ അമ്മയായിരിയ്ക്കും.

അ—അമ്മയുടെ പിന്നിൽപോയി ഒളിച്ചോ.

രമ—അന്തപ്പുരത്തിലെ ഉത്തരൻ.

മ—ഒരാൾക്കു ത്യാഗം ചെയ്യാൻ സന്നദ്ധതയില്ലെന്നുവെച്ച് ഒരു ആദർശത്തിൽ വിശ്വാസംതന്നെ പാടില്ലെന്നോ?

രമ—വിശ്വാസമുണ്ടെങ്കിൽ അതിന്നനുസരിച്ച പ്രവൃത്തിക്കണം. അതാണ് ആണത്തം.

മ—അപ്പോൾ, ആണത്തം എന്ന ഒന്നുണ്ട്, ഇല്ലേ ഏടത്തി? കുറേ ഭേദം. ഏടത്തിക്കു ബുദ്ധി കൂടിവരുന്നുണ്ട്.

രമ—(പറഞ്ഞത് അബദ്ധമായിയെന്നു തോന്നിയെങ്കിലും വീണേടത്ത് ഉരുണ്ടുംകൊണ്ട്) "ആണത്തം എന്നൊന്നുണ്ട്. നിശ്ചയമായും. പക്ഷെ, അതിപ്പോൾ ഞങ്ങൾക്കാണ് എന്നേയുള്ളു!"

മ—എന്നാൽ, അതിൻെറ പേര് ഒന്നു മാററിയേക്കണം. "പെണ്ണത്തം" എന്ന്. അല്ലെങ്കിൽ പൊണ്ണത്തം എന്നായിക്കോട്ടെ.

രമ—എനിയ്ക്കു നിന്നേപ്പോലെ ഒരാദർശത്തിൽ വിശ്വാസമുണ്ടെങ്കിൽ നിശ്ചയമായും ഞാൻ അതനുസരിച്ച പ്രവൃത്തിയ്ക്കുകയും ചെയ്യും.

മ—അതുകൊണ്ടല്ലേ അപകടംപിടിച്ച അത്തരം വിശ്വാസ

ങ്ങളൊന്നും ഏട്ടത്തിയെ തീണ്ടാത്തത്. ഏട്ടത്തി ഭാഗ്യവതി. ഞാൻ പാവം. എനിയ്ക്കു് ഒരാദർശത്തിൽ വിശ്വാസമുണ്ട്. പക്ഷെ, അതുപ്രകാരം നടക്കുവാൻ ശക്തിയില്ല.

അച്ഛൻ—ശക്തിയില്ലെങ്കിൽപിന്നെ എന്തിനാണെടാ ആ വിശ്വാസം വെച്ചു പുലത്തുന്നത്?

മ—വിശ്വാസത്തിന്നും ശക്തിക്കും എപ്പോഴും തുല്യബലമുണ്ടായിക്കൊള്ളണമെന്നില്ല. ചിലർ സമരത്തിൻെറ മുന്നണിയിലുണ്ടാവും. വളരെ പേർ അവിടെയുമിവിടെയുമല്ലാതെ മതിൽപുറത്തും ഇരിയ്ക്കുന്നുണ്ടാവും. തക്കം വന്നാൽ എല്ലാവരും എടുത്തു ചാടും. ചൈനയിലെ കഥ കണ്ടില്ലേ?

രമ—ഓ, നീ ഒരു ചൈനാവിദഗ്ദ്ധൻ. ഒന്നു കഴിഞ്ഞാൽ രണ്ടാമത്തേതിന്നു ചൈനവന്നു. അങ്ങേലെ തൊടിയാണ് ചൈന എന്നു തോന്നും.

മ—ഏട്ടത്തി, ഇത്ര ഞെളിയൊന്നും വേണ്ട. അച്ഛനിപ്പോൾ ഏട്ടത്തിക്കു പണം തരുന്നതും ഏട്ടത്തിയുടെപക്ഷം നില്ക്കുന്നതുമെല്ലാം ഏട്ടത്തിയുടെ ധാർമ്മികബോധംകണ്ട് അനുഭാവം തുളുമ്പിയിട്ടാണെന്നാണ് ഏട്ടത്തിയുടെ വിചാരം. അയ്യോ, പാവം! അച്ഛനെപ്പോലെയുള്ളവക്ക് അതിൽ വേറൊരു കണ്ണുണ്ട്. ഒരു വലിയ പട്ടിണിസേന വാതുക്കൽ മുട്ടുന്നുണ്ട്. ചില അപ്പക്കഷ്ണങ്ങൾ എറിഞ്ഞുകൊടുത്തില്ലെങ്കിൽ ആപത്തുണ്ട്. അതിന്ന് ഏട്ടത്തിയെപ്പോലത്തെ ചില പാവങ്ങൾ—അല്ല പാവകൾ—വേഷംകെട്ടി നടക്കാൻ വേണം. ധർമ്മത്തിൻെറ കാഹളമൂതാൻ. പക്ഷെ, പട്ടിണിക്കാരുടെ കണ്ണ് എന്നും മൂടിവെയ്ക്കാമെന്നു കരുതേണ്ട. അവക്ക് അവകാശപ്പെട്ടത് ഇരന്നു വാങ്ങേണ്ട.

"പിടിച്ചുപററണം. ഇൻകിലാബ്,–സിന്താബാദ്. സഖാവ്, മദനനി–കീ–ജയ്". എന്നുപറഞ്ഞു മുഷ്ടി മേലോട്ട് ചുരുട്ടിയെറിഞ്ഞു രമ ഒരൊന്നാന്തരം അഭിനയം നടത്തി, കിലുകിലെ ചിരിച്ചുംകൊണ്ടു കസേരയിലേയ്ക്കു വീണു. അച്ഛനും ചിരിയിൽ ചേന്നു. തൻെറ ആവേശത്തിൻെറ കുമിള കുത്തിപ്പൊട്ടിച്ചതിൽ അരിശംപൂണ്ട മദനൻ അവജ്ഞയോടെ പറഞ്ഞു: "ഉത്തരം മുട്ടിയാൽ കൊഞ്ഞനം കാട്ടിക്കോളു."

രമ—വാക്കിലുള്ള ഉശിര് പ്രവൃത്തിയിലുണ്ടെങ്കിൽ! നിൻെറ പിടിച്ചു പററലെല്ലാം അമ്മയുടെ അടുക്കൽ. അവിടെമാത്രം അതു ചിലവാവും.

92550

മ—നിങ്ങളുടെ ഈ വെങ്കിളി പൂശിയ പുരോഗമനത്തേക്കാളും ഒരു നൂറിരട്ടി ഭേദമാണ് അമ്മയുടെ പഴഞ്ചത്തം.

*　　　*　　　*　　　*

സൽക്കാരത്തളത്തിൽ മാധവിയമ്മ മടിയിൽ ഒരു പൂംപൈതലിനെ കിടത്തി കളിപ്പിച്ചുകൊണ്ടിരിയ്ക്കുന്നു. കുഞ്ഞുകുട്ടിയമ്മ കയറിവന്നു. "അല്ല, അപ്പോൾ രമ ഇന്നലെ പോണു എന്നല്ലേ, പറഞ്ഞിരുന്നത്?

മാ. അ—ഇന്നലെ പോയല്ലോ.

കു. അ—"എന്ത്! കുട്ടിയെ ഇവിടെയാക്കിയോ?

മ. അ—(പുഞ്ചിരിതൂകി) "മദനൻ ഇവളെ എന്താ വിളിക്കാറ് എന്നോ? 'പരഭൃത' എന്ന്. ശാരദ ഇക്കുറി നാട്ടിലേക്കു വരുന്നില്ലേ? അവളെങ്ങിനെ, സുഖമായിരിക്കുന്നില്ലേ? ലോകസേവനം ഇപ്പോഴും ഉണ്ടോ?"

കു. അ—അതൊക്കെ എന്നോ നിലച്ചു. കയ്യിലൊന്നായപ്പോൾ സമയംപോവാത്ത ബുദ്ധിമുട്ടില്ല. പിന്നെ മാധവിയമ്മയെപ്പോലെ 'പരഭൃത'കളെ വളത്താനുള്ള ത്യാഗമൊന്നും എനിയ്ക്കില്യേ.

മാ. അ—ഇതെന്തു ത്യാഗമോ? അവൾ കുട്ടിയല്ലെ. കുറച്ചു കൂടി സുഖിച്ചോട്ടെ. ആവുമ്പോഴല്ലെ ആവൂ. പാവം ഞാനുള്ളേടത്തോളേ അവൾക്കി സ്വാതന്ത്ര്യമുള്ളു. പിന്നെ, പിടിപ്പതു ഭാരമായി. എനിയ്ക്കാണെങ്കിലൊ ഇത് ഉവ്വശിശാപം ഉപകാരം എന്നപോലെയായി. എത്രകാലമായി വീട് ഉറങ്ങിക്കിടക്കുന്നു. ഒരു കുട്ടിയുടെ കരച്ചിൽ കേൾക്കാൻ ഞാനെത്ര മോഹിച്ചിരുന്നു.

കു. അ—അപ്പോൾ മാധവിയമ്മേ, ഇപ്പോഴത്തെ പെൺകിടാങ്ങൾക്ക് അങ്ങിനത്തെ മോഹങ്ങളൊന്നും ഇല്ലേ?

മാ. അ—ആവേ. അവരുടെചെവി ലോകത്തിൻെറ കരച്ചിൽ കേൾക്കാൻ കൂപ്പിച്ചിരിയ്ക്കുയല്ലേ." 'ലോകമേ തറവാട്".

കു. അ—സ്വന്തം കുഞ്ഞിൻെറ കരച്ചിൽ കേൾക്കാത്തവരുണ്ടോ ലോകത്തിൻെറ കരച്ചിൽ കേൾക്കാൻ പോകുന്നു. ശുദ്ധ കമ്പം!

മാ. അ—"അപ്പൻറിക്സ്"' എന്നോ മറേറാ പറഞ്ഞ ഒരു ഓപ്പറേഷൻ ഇല്ലേ? ആ സാധനം മനുഷ്യന് ഒരു കാലത്ത് ആവശ്യമായിരുന്നുവത്രെ. ഇപ്പോൾ അതു മുറിച്ചുകളഞ്ഞാലും തരക്കേടില്ലെന്നായി. എനി ഹൃദയവും കുറച്ചു കഴിഞ്ഞാൽ അങ്ങിനെ

വേണ്ടാത്ത ഒരു സാധനമാവും എന്നാണ് തോന്നുന്നത്.

തന്നെ കളിപ്പിച്ചിരുന്നതിന്നു ഭംഗം വരുത്തിയ ആ സംസാരം നിർത്താനോ എന്നു തോന്നുംവിധം രണ്ട് ഇളംവിരലുകൾ തപ്പിത്തടഞ്ഞുവന്നു മാധവിയമ്മയുടെ ചുണ്ടുകളെ കിക്കിളിയാക്കി. അടക്കാൻ വയ്യാത്ത വാത്സല്യത്തോടെ അമ്മമ്മ ആ കുഞ്ഞിക്കയ്യിലും തുനെററിയിലും പലവുരു മാറിമാറി, ഒരു രണ്ടാംക്കുവേണ്ട ചുംബനം അർപ്പിച്ചു.

കു. അ—എന്നി ഇവർ വലുതാവുമ്പോഴേക്കും ലോകം എവിടെയെത്തുമാവോ?

മാ. അ—ഇല്ല, അപ്പോഴേക്കും പഴയപടി എല്ലാം തിരിച്ചുവരും. തല കുത്തിനില്ക്കൽ എടയ്ക്കൊക്കെ ഒരു രസമാണ്. പക്ഷെ, എന്നേയ്ക്കും അതുപററില്ല.

7-5-'50

# നേതാവിൻെറ വീട്ടിൽ

കാത്യായനി അരി അരച്ചുകൊണ്ടിരിയ്ക്കുകയാണ്. അവൾക്ക് ഒരു പന്ത്രണ്ടു വയസ്സുകാണും. നല്ല ചൊറുചൊറുക്കുള്ള പെണ്ണ്. പക്ഷെ ഇന്നവൾ തളൎന്നിരിയ്ക്കുന്നു. ഇന്നു തിരുവാതിരയാണ്. അവളുടെ കൊച്ചമ്മമാരുണ്ടു തൊടിയിൽ ഊഞ്ഞാലാടുന്നു. കളിയും ചിരിയും തകൃതിയിൽ നടക്കുന്ന ശബ്ദം അവളുടെ കാതിൽ വന്നലയ്ക്കുന്നുണ്ടു. പണിക്കിടയിൽ ഇടക്കിടെ ആൎത്തിയോടെ അവളങ്ങോട്ടൊന്നുനോക്കും. അവൾക്കും കുറച്ചുപോയി ആടണമെന്നുണ്ടു. പക്ഷെ എന്തുചെയ്യും? ഇന്നു അവൾക്കു പതിവിലും ജാസ്തി പണിയായിരുന്നു. കയ്യൊഴിഞ്ഞസമയം ഉണ്ടായിട്ടില്ല. നേരാംവണ്ണം തണ്ടൽനിവൎത്തി ഒന്നുനില്ക്കാൻപോലും അവൾക്കു കഴിഞ്ഞിട്ടില്ല. ശപിച്ചുംകൊണ്ടു അവൾ അവളുടെ പണിതുടൎന്നു.

പെട്ടെന്ന് ഏഴെട്ടുവയസ്സായ ഒരു കുട്ടി അവിടെ ഓടിയെത്തി—വിമല, അവളുടെ ഏമാൻെറ മകൾ; ദുരഭിമാനത്തിൻെറ ഒരു കൂമ്പ്! ആഭിജാത്യത്തിൻെറ ഒരു പൊടിപ്പ്.

"പെണ്ണേ! കുടിയ്ക്കാൻ ഇത്തിരിവെള്ളം എടുത്തുതാ. വേഗാവട്ടെ". ഒരു തറവാട്ടമ്മയുടെ ഔദ്ധത്യത്തോടുകൂടി വിമല കല്പിച്ചു.

കാത്യായനി ഒന്നുംമിണ്ടിയില്ല. അവൾ വിചാരിയ്ക്കുകയായിരുന്നു: "കൃഷ്ണൻനായരുണ്ടവിടെ കയ്യുംകെട്ടിനില്ക്കുന്നു. കുട്ടിക്കെന്താ അയാളോടൊന്നു പറഞ്ഞാൽ. എല്ലാററിന്നും ഞാനേ ഉള്ളൂ?"

വിമലയുടെ ക്ഷമ അവസാനിച്ചു. അവൾക്കു കളിയ്ക്കാൻ മടങ്ങണം. കുറച്ചുതിരക്കുണ്ടു. വൈകിച്ചെന്നാൽ അവളുടെ ഊഴം പോവും.

ചൊടിച്ചുംകൊണ്ടവൾ ചോദിച്ചു. "നിനക്കെന്താ ചെവിടുപൊട്ടിപ്പോയോ? നിന്നോടല്ലേ പറഞ്ഞേ ഇത്തിരിവെള്ളം എടുത്തുതരാൻ".

"എനിയ്ക്കു കയ്യ് രണ്ടേയുള്ളു". അവൾ കുലുങ്ങാതെ മറുപടി പറഞ്ഞു. "കുട്ടികണ്ടില്ല്യേ ഞാനൊരു പണിയെടുക്കണേ. ആ കൃഷ്ണൻനായരോടോ മറേറാ ഒന്നുപറയരുതേ?"

"ഓ! നിനക്കു തക്കുത്തരം പറയാറായോ?" വിമല അവളെ പിടിച്ചു ഒരു തള്ളുകൊടുത്തു.

കാത്യായനിയ്ക്കും ശുണ്ഠിവന്നു. അവൾ വിമലയുടെ കൈയ്ക്കു് കടന്നുപിടിച്ചു. "ദാ കുട്ട്യേ—" എന്നൊന്നു സ്വരംമൂപ്പിച്ചുചോദിച്ചു. വിമലയ്ക്കു ദേഷ്യവും അപമാനവും ഒക്കേക്കൂടിവന്നു. പോരെങ്കിൽ വിരുന്നുവന്ന അവളുടെ സഹപാഠി ലളിത ഇതെല്ലാം കണ്ടുനില്ക്കുന്നുണ്ടെന്ന ജാള്യതയും. കാത്യായനിയെ ഒരു പാഠംപഠിപ്പിയ്ക്കുവാൻ അവൾ തീൎച്ചയാക്കി. കരച്ചിലായിരുന്നു അവളുടെ ഏററവും വലിയ ആയുധം. കരഞ്ഞുംകൊണ്ടു് അവൾ അമ്മയുടെ അടുക്കലേയ്ക്കുചെന്നു.

"എന്തേതു്. നിനക്കെന്തുപററി?" അമ്മ ഉൽക്കണ്ഠയോടെ ചോദിച്ചു. ഉത്തരമില്ല. വിമല തേങ്ങിത്തേങ്ങി കരഞ്ഞു. അവൾക്കു അഭിനയിയ്ക്കുവാൻ ബഹുവശമായിരുന്നു.

"എന്തേ നിനക്കു പററിയതു്? വല്ലേടത്തും വീണുവോ? പറ" അമ്മ വീണ്ടുംചോദിച്ചു.

"ഞാൻ ഇത്തിരി വെള്ളമെടുത്തുതരാൻ പറഞ്ഞതതിന്നു് കാത്യായനി എൻെറ കൈപിടിച്ചുഞെരിച്ചു". പൊട്ടിപ്പൊട്ടിക്കൊണ്ടു അവൾ പറഞ്ഞു. അരിമാവടയാളമുള്ള തൻെറ കൈ അമ്മയ്ക്കു നീട്ടിക്കാണിച്ചുകൊടുത്തു. പോരെ, തെളിവിന്നു പിന്നെന്തുവേണം?

'കാത്യായനീ'! ഇടിമുഴക്കംപോലത്തെ ഒരു ശബ്ദം. കാത്യായനി പാവം, മിന്നൽകഴിഞ്ഞു ഇടിക്കെന്നെപോലെ ഇതും കാത്തുനില്പായിരുന്നു. അവൾ കിടുകിടെവിറച്ചു. എന്തുചെയ്യണമെന്നറിയാതെ അവൾ തരിച്ചുനില്പായി. ഈ രംഗം അവൾക്കു പുതുതല്ല. ഈ ചെറുവയസ്സിന്നുള്ളിൽ ഈ നാടകം പലവുരു അവൾ അഭിനയിച്ചുകഴിഞ്ഞതതാണു്. എങ്കിലും ഓരോതവണ ആവൎത്തിയ്ക്കുമ്പോഴും അതു അവൾക്കു പുത്തനാണു. അവൾ ഞെട്ടും. ആ ശിശുഹൃദയം കിടന്നുപിടയ്ക്കും. അവളുടെ നാഡികൾതളരും.

"ഏതുമടയിലാ ആ പെരുച്ചാഴിപോയി ഒളിച്ചിരിയ്ക്കുണേ?" വീണ്ടും ഗൎജ്ജനം. വീണ്ടും അവൾ ഞെട്ടി. മറുപടിപറയാൻ ഒച്ചവലിച്ചിട്ടു അവൾക്കുവരുന്നില്ല. ഇതിനിടയിൽ വിമലയും അമ്മയും അരികത്തെത്തിക്കഴിഞ്ഞു. 'അമ്മേ! ദാ, അവൾ ആ അറയിൽ പതുങ്ങിയിരിയ്ക്കുകയാണു' എന്ന വിമലയുടെ ജയഭേരിയോടുകൂടിയ സ്വരം അവളുടെ കാതിൽപതിഞ്ഞു. പിന്നെ നടന്നതെല്ലാം ഒരു മൂടൽപോലെയേ അവൾക്കു ഓൎമ്മയുള്ളു.

ചെവിക്കുപിടിച്ചു് അവളെ പുറത്തേക്കു് ഇഴച്ചുകൊണ്ടുവന്നു രണ്ടു പൊട്ടിച്ചുംകൊണ്ടു് ആയമ്മ ചോദിച്ചു. "നൻെറ അഹമ്മ

തി ഇത്രക്കായോ? എന്തെടി നീ കുട്ട്യേ ചെയ്തതു—പറ—ഉം പറ'' അവളെന്തുപറയാനാണ്. പറഞ്ഞിട്ടെന്താണ്. പ്രതിഭാഗംകേൾക്കാത്ത കോടതിയിലാണ അവൾ. എന്തു പറഞ്ഞാലും പ്രഹരത്തിൻെറ മൂച്ച്കൂട്ടുകയേ ഉള്ളൂ. അവൾ മിണ്ടാതെനിന്നു. ''നോക്കൂ! അവളുടെ കുറമ്പ്. നീ മിണ്ടില്യ. അല്ലേ?'' വീണ്ടും പ്രഹരം. അവൾക്ക ഒച്ചപൊന്തുന്നില്ല. ധാരധാരയായി ഒഴുകിയിരുന്ന കണ്ണുനീർമാത്രം അവളുടെ നോവുന്ന ഹൃദയത്തിൻെറ മൂകമായ പ്രതിഷേധം രേഖപ്പെടുത്തി.

ഏതു ആപത്തിന്നും അനിഷ്ടസംഭവത്തിന്നും ഒരറുതിയുണ്ട്. അങ്ങിനെ ആ നിഷ്ഠുരമർദ്ദനവും അവസാനിച്ചു. ആവൂ, കഴിഞ്ഞുവല്ലോ എന്നവൾ നിശ്വസിച്ചു.

*        *        *        *

കരഞ്ഞുംകൊണ്ട് ആ ചെറുപെണ്ണ് തൊടിയിൽ ഒരു മൂക്കിലുള്ള അവളുടെ കുടിലിലേയ്ക്കുചെന്നു. പെററമ്മയുടെ മാറിൽ തലചായ്ച്ചു കുറേനേരം കരഞ്ഞു. ഒന്നും മിണ്ടാതെ രണ്ടു കൂട്ടരും കുറച്ചുനേരം അങ്ങിനെനിന്നു. ശോകമൂകമോ, സ്നേഹമൂകമോ ആയ ഒരു അന്തരീക്ഷം. ഒടുവിൽ പിടച്ചുകൊണ്ടിരുന്ന അവളുടെ ഞെരമ്പുകൾ തളർന്നുശാന്തമായി. അവൾക്ക സംസാരിയ്ക്കാറായി. അവൾ പറഞ്ഞു: ''അമ്മേ! ഇനി ഞാൻ അവിടെ പണിയ്ക്കു പോവില്യ''

''അങ്ങിനെ പറഞ്ഞാൽ പററോ മോളേ?'' അമ്മ അവളെ തഴുകിക്കൊണ്ടുപറഞ്ഞു. നമ്മൾ അവിടെ പണിയ്ക്കുപോയില്ലെങ്കിൽ ഏമാൻ നമ്മെ കുടിയിറക്കും. പിന്നെ നമുക്ക തെരുവേ ഗതി.''

കാത്യായനി മുഖമുയർത്തി അവളുടെ അമ്മയുടെ മുഖം സൂക്ഷിച്ചു. യാതനകൾകൊണ്ടു നിശ്ചേതനമായിത്തീർന്നിരുന്ന ആ മുഖത്തു രണ്ടു അശ്രുകണങ്ങൾ തങ്ങിനില്ക്കുന്നുണ്ടായിരുന്നു. കാത്യായനിയെ അതു വല്ലാതെ വേദനിപ്പിച്ചു. അമ്മ കരയുന്നത് അവൾ കണ്ടിട്ടില്ല. ആ ഉറവുകളെല്ലാം എന്നോ വററിയിരുന്നു.

പെട്ടെന്നു നിരാശയുടെ അടിത്തട്ടിൽനിന്നു ആ ചെറുപെണ്ണിനു ഒരു യുക്തിതോന്നി. ജിജ്ഞാസയോടെ അവൾ ചോദിച്ചു. ''അമ്മേ! നമുക്ക വേറെയെവിടെയെങ്കിലും പണിയ്ക്കുപോകരുതേ?''

“എവിടെപോയിട്ടെന്താണ് മോളേ? ഏമാന്മാരും അമ്മമാരും കൊച്ചമ്മമാരും എല്ലാം എല്ലായിടത്തും ഇങ്ങിനെതന്നെ ഇരിക്കൂ.” ആ പഴകിയ ബുദ്ധി ഉപദേശിച്ചു. മിന്നിയിരുന്ന കാത്യായനിയുടെ കണ്ണുകൾ നിഷ്പ്രഭമായി.

* * * *

അന്നുരാത്രി തിരുവാതിരയുടെ മാദകമായ പൂനിലാവിൽ മുററത്തെ ധവളമായ പൂഴിയിൽ വിമല എന്തോ കളിയ്ക്കുകയാണ്. കുമ്പയും തലോടിക്കൊണ്ട് വിമലയുടെ അച്ഛനുണ്ടു മുററത്തെ ഒരു ചാരുകസേരയിൽ മലൎന്നുകിടന്നു വിശ്രമംകൊള്ളുന്നു. കുറേ നേരം വിമല കളിയ്ക്കുന്നത് അദ്ദേഹംകണ്ണിമയ്ക്കാതെ നോക്കിയിരുന്നു. അസുഖകരമായ ചില ചിന്തകൾ അദ്ദേഹത്തിൻെറ മുഖത്തു നിഴലാടിയിരുന്നു. ഒടുവിൽ ആരുടേയോ സാന്നിദ്ധ്യത്തെ ഭയപ്പെടുന്നപോലെ നാലുപാടും ഒന്നുനോക്കി. ആരുമില്ലെന്നുകണ്ടു, വിമലയെ അദ്ദേഹം അരികെവിളിച്ചു. വിമല ഓടിച്ചെന്നു അച്ഛനോടുപററി. അവൾക്ക് അച്ഛനെ വലിയ കാര്യമായിരുന്നു, അമ്മയെ ഭയവും. പക്ഷെ അമ്മയുടെ തൻേറടത്തിലും സാമൎത്ഥ്യത്തിലും അവൾക്കഭിമാനമുണ്ട്. അമ്മയേപ്പോലാവണം എന്നാണു മോഹം. അച്ഛൻ ഒരു പാവമാണ്. ഒന്നിനുംകൊള്ളില്ലെന്നാണു അവളുടെ ആന്തരമായബോധം.

മകളുടെ പുറംതലോടിക്കൊണ്ട് വാത്സല്യമസൃണമായ സ്വരത്തിൽ അച്ഛൻ ചോദിച്ചു: “മോളേ! നീ എന്തിനാണിന്ന് കാത്യായനിയെക്കുറിച്ച് കേസ്സുകൂട്ടിയത്? അവൾ നിന്നെ ഒന്നുംചെയ്തില്ലല്ലോ?”

“ഉവ്വച്ഛാ, അവളെൻെറ കയ്യ് ദാ ഇങ്ങിനെ ഞെരിച്ച് ഒടിക്കാറാക്കി”. അവൾ മുഖംകൊണ്ട് ആ ഞെരിക്കലും വേദനയും ഒന്നഭിനയിച്ചു. അവളുടെ മുഖത്തുനിന്ന് കണ്ണെടുക്കാതെ അവൾക്ക് അപരിചിതമായിരുന്ന ഒരു ഗൌരവസ്വരത്തിൽ അദ്ദേഹം പറഞ്ഞു: “നുണപറയരുത്. ഞാനെല്ലാം കണ്ടുകൊണ്ടുനിന്നിരുന്നു.” വിമലയുടെ മുഖംതുടുത്തു. ഒരപരാധിനിയെപ്പോലെ അവൾ തലതാഴ്ത്തി.

“നിന്നെപ്പോലെതന്നെ ഒരു കുട്ടിയല്ലേ അവളും? നീ ചിരിച്ചു കളിച്ചു നടക്കുമ്പോൾ അവളെത്ര പണിയെടുത്തുകൂട്ടുന്നു.” ശാന്തമായ സ്വരത്തിൽ അദ്ദേഹം തുടൎന്നു. വിമലക്ക് അതു ശരി

യാണെന്നുതോന്നി. ആ ശിശുഹൃദയം പെട്ടെന്നൊന്നലിഞ്ഞു. അവരം ഓടി അകത്തേയ്ക്കുപോയി. 'കാത്യായനീ! കാത്യായനീ' അവരം വിളിച്ചു. കാത്യായനി കുടിലിലേയ്ക്കു മടങ്ങിക്കഴിഞ്ഞിരുന്നു. "ആട്ടെ നാളെ അവരംവരട്ടെ. അവരംക്കു ഞാൻ അസ്സലൊരു സമ്മാനംകൊടുക്കും........എന്താവേണ്ടത്?" അവരം ആലോചിക്കുകയായി. എത്ര നിഷ്കന്മഷമാണു ശിശുഹൃദയം; അതിനെ ഉയർത്താനും കെടുത്താനും എത്ര വേഗംകഴിയും.

*    *    *    *

പിറേറന്ന് സന്ധ്യയ്ക്കു കാത്യായനി പുറത്തെങ്ങോപോയി തിരക്കിട്ടു മടങ്ങുകയാണു.

വഴിക്കുമൈതാനിയിൽ വളരെപേർ കൂടിയിരുന്നു.അത് ഒരു പൊതുയോഗമാണെന്ന് ആരോ അവളോട് പറഞ്ഞു. അവരം പൊതുയോഗങ്ങരം കണ്ടിട്ടില്ല. ആ കുഗ്രാമത്തെ അതുവരേയും ആക്രമിച്ചിട്ടുമുണ്ടായിരുന്നില്ല. കൌതുകത്തോടുകൂടി അവരം രണ്ടുമിനിട്ടുനേരം തങ്ങിനിന്നു.

"നാം സ്വാതന്ത്ര്യത്തിൻെറ വാതുക്കലെത്തിക്കഴിഞ്ഞു. ആർക്കുള്ളതാണ് ആ സ്വാതന്ത്ര്യം? എനിയ്ക്കും നിങ്ങരംക്കും, ഇന്നാട്ടിലെ കൃഷിക്കാർക്കും തൊഴിലാളികരംക്കും, എന്നുവേണ്ട മൃഷിതരും മദ്ദിതരുമായ എല്ലാവക്കുമുള്ളതാണ്. അവരുടെ കയ്യിലായിരിയ്ക്കണം ഭരണാധികാരം. ഇന്ത്യയിലെ ഏതു കുഞ്ഞു കുട്ടിയ്ക്കും, ചെററമച്ചാളയിലും മണിമേടയിലും ഒരുപോലെ സമാവകാശങ്ങളും സമാവസരങ്ങളും........"

അങ്ങിനെ ആ പ്രസംഗധോരണി ഉച്ചഭാഷിണിയുടെ മൂന്നു കുഴലുകളിൽക്കൂടി അനഗ്ഗളം പ്രവഹിയ്ക്കുകയാണ്.

കാത്യായനിയെ ആ വാക്കുകരം ആവേശംകൊള്ളിച്ചു. തളന്നുകിടന്നിരുന്ന അവളുടെ ഹൃദയത്തിൽ ഒരു പുതുജീവൻ വന്നപോലെതോന്നി. പ്രാസംഗികനെ ഒരു നോക്കുകാണുവാൻ അവരംക്കു തിരക്കായി. തിക്കിത്തിരക്കി അവരം മുന്നോട്ടു ചെന്നു.

അടുത്തെത്തിയതോടുകൂടി അവരം സ്തംഭിച്ചുനിന്നു. പ്രാസംഗികൻ മററാരുമായിരുന്നില്ല. അവളുടെ ഏമാനാണ്. അവളുടെ ഹൃദയത്തിൽ നവമായങ്കുരിച്ച ആശയുടെ പുതുമൊട്ടുകരം അതോടെ കരിഞ്ഞുകൊഴിഞ്ഞുപോയി. അവരം പിന്നെ അവിടെ ഒരു

നിമിഷംപോലും നിന്നില്ല. അമ്മയവിടെ ചന്ദ്രഹാസവുമായി നില്ക്കുന്നുണ്ടാവും. അവൾ ബദ്ധപ്പെട്ടുനടന്നു. അവൾ വിചാരിച്ചു: "എട്ടമാൻ ഈ പ്രസംഗം കുറച്ചൊന്നു അമ്മയോടു ചെയ്തിരുന്നെങ്കിൽ"

"തെണ്ടലുകഴിഞ്ഞ് ഇപ്പോഴെ വരാറായുള്ളു അല്ലേ?" അവൾ പ്രതീക്ഷിച്ചിരുന്ന സ്വാഗതം അവളെ എതിരേററു.

9_2_'47

# പെട്ടെന്നു വന്ന ഭക്തി

വില്ലേജ് കോൺഗ്രസ്കമ്മിററി, ഭക്ഷണക്കമ്മിററി, ദുരിതനിവാരണക്കമ്മിററി, വായനശാലാക്കമ്മിററി എന്നിങ്ങിനെ പലപല കമ്മിററികളുടേയും പ്രസിഡണ്ടോ സിക്രട്ടരിയോ ആയിരുന്നതോ ആയതോ ആയ ദേഹമാണ് മി. മൂക്കുതലയ്ക്കൽ കുഞ്ചുപ്പണിക്കർ—കാവുരേയും പരിസരങ്ങളിലേയുംഅനിഷേദ്ധ്യ നേതാവ്. പണിക്കരുടെ സ്വാഗതപ്രസംഗം കൂടാതെ അവിടങ്ങളിൽ ഒരു പൊതുയോഗം കൂടുകയെന്നത് സംഭാവ്യമല്ല. കമ്മ്യൂണിസ്റ്റ്കളുടെ കുതന്ത്രങ്ങൾ പൊളിക്കുന്നതിൽ പണിക്കർ ഒരു ആററംബോമ്പ്തന്നെയായിരുന്നു. ഉപരിക്കമ്മിററികളിലേക്കും മന്ത്രിമാൎക്കും മററും അദ്ദേഹം അയക്കാറുള്ള മെമ്മോറാണ്ടങ്ങൾക്കും നിവേദനങ്ങൾക്കും കണക്കില്ല. അവയ്ക്കൊന്നും മറുപടി കിട്ടാറില്ലെന്നുള്ളത് ശരിതന്നെ. പക്ഷെ പണിക്കൎക്ക് അതിൽ കുണ്ഠിതമില്ല. ഒരു തത്വചിന്തകൻെറ സമചിത്തതയോടെ ആ ഇച്ഛാഭംഗങ്ങളെയെല്ലാം മനസ്സിൽനിന്നും കുടഞ്ഞുകളയും. ഗീത, പണിക്കർ വായിച്ചിട്ടില്ല. പക്ഷെ 'കൎമ്മണ്യേവാധികാരസ്തേ' എന്നു കേട്ടിട്ടുണ്ട്. അത് ചൊല്ലി സമാധാനിക്കും.

പണിക്കർ ജയിലിൽ പോയിട്ടില്ല. അതൊരു വലിയ ന്യൂനതയാണ്. 'ജയിൽ റിട്ടേൺഡ്' ഫാഷൻ ആയ കാലമല്ലെ. തഞ്ചത്തിലൊരിക്കൽ ഒന്നു പോയിവരണമെന്നുണ്ട്. കഴിഞ്ഞ രണ്ടു സമരങ്ങളിലും ചേരാൻ തരപ്പെട്ടില്ല. ഒരിയ്ക്കൽ തനിയ്ക്കു ദേഹസുഖം പോരായിരുന്നു. മറെറ പ്രാവശ്യം 'വൈഫി'നും. 'അല്ലെങ്കിൽ—' എന്നിങ്ങിനെ അർത്ഥഗർഭമായ അദ്ധോക്തിയിൽ പണിക്കർ അടിക്കടി വിരമിക്കാറുണ്ട്.

പണിക്കൎക്കു ചെറുപ്പമാണ്. "സ്ത്രീണാംച ചിത്തം പുരുഷസ്യ ഭാഗ്യം" എന്നല്ലെ. വിശേഷിച്ചും സമാവകാശങ്ങളും സമാവസരങ്ങളുമുള്ള സ്വതന്ത്ര ഇന്ത്യ ഇതാഎന്നു പറഞ്ഞപോലെ എത്തിപ്പോയി. പണിക്കരുടെ ആശകൾ, മഹാകവികളുടെ ഭാവനകൾപോലെ ചിറകുകൾ വീശി വളരെവളരെ ഉയരം മേല്പോട്ടു പറക്കാറുണ്ട്. ലോയിഡ് ജോർജ്ജ് ചെരുപ്പുകുത്തിയായിരുന്നു, പെത്തിക്ക് ലോറൻസ് കൂലിക്കാരനായിരുന്നു എന്നും മററും

പണിക്കർ കേട്ടിട്ടുണ്ട്. റഷ്യയുടെ കഥ പറയാനുമില്ല. ഒരു സ്വതന്ത്രരാഷ്ട്രത്തിൽ ഇന്ന ആൾക്ക് ഇന്നതേ വന്നുകൂടൂ എന്നില്ല. പക്ഷെ ഇതെല്ലാം പണിക്കരുടെ നിഗൂഢചിന്തകൾ മാത്രമാണേ. പുറത്തേക്ക് അദ്ദേഹം അങ്ങിനെയൊന്നുമല്ല. നിസ്വാത്ഥതയുടെ പ്രവാചകനാണ്. മന്ത്രിപദത്തിലും മററും കയറിക്കൂടുവാനുള്ള അധികാര ദുർമ്മോഹികളുടെ ചെയ്തികളെ പററി എത്രയെത്ര നിശിതശരങ്ങളാണ് പണിക്കർ തൊടുത്തുവിടാറുള്ളത്. തനിക്ക് മന്ത്രിപദം വെച്ചുകെട്ടിയാൽകൂടി വേണ്ടെന്നു പണിക്കർ ഒരു അറപ്പോടെ പറയാറുണ്ട്. ഭവിച്ചിട്ടു മതിയല്ലോ ഭാവിക്കാൻ എന്നാണ് പണിക്കരുടെ യുക്തി.

*　　　*　　　*　　　*

പണിക്കർ ഒരു ദിവസം സകുടുംബം ഗുരുവായൂക്ക് പുറപ്പെട്ടു—കുട്ടിക്കു ചോറു കൊടുക്കുവാൻ. മോഹിച്ചുണ്ടായ കുട്ടിയാണ്. ഹരിജനങ്ങൾക്കു പ്രവേശനമില്ലാത്ത ക്ഷേത്രങ്ങളിൽ കടക്കുകയില്ലെന്നു ഗാന്ധിജിയോടൊപ്പം വ്രതമെടുത്തിരുന്ന പണിക്കർ ആ വ്രതം ഒരു തല്ക്കാല സസ്പെൻഷനിൽ വെക്കുവാൻ തീച്ചയാക്കി. പണിക്കക്കു അതിനൊരു ന്യായവുമുണ്ടായിരുന്നു. കുട്ടിക്കു ഗുരുവായൂർ നടക്കൽ ചോറു കൊടുക്കാമെന്നു 'വൈഫ്' പ്രാത്ഥിച്ചതാണ്. അതു നിറവേററാതിരുന്നാൽ അതും വ്രതഭംഗമാവില്ലേ? രണ്ടിലൊന്നിനു ഭംഗം വരണമെങ്കിൽ സ്ത്രീകൾക്കു മുൻഗണന നല്കുന്നത് ഉചിതം മാത്രമല്ലേ? തന്നോടു ചോദിക്കാതെ വഴിവാടുകൾ നേരുന്ന ഈ ഏപ്പാടിൽ പണിക്കക്കു ശക്തിയായ പ്രതിഷേധമുണ്ട്. പക്ഷെ അതു മൂകമാണെന്നേയുള്ളു. കാമാക്ഷിക്കു് എപ്പോഴുമുള്ള പതിവാണതു. നേർന്നുകഴിഞ്ഞു പിന്നീടേ കാര്യം പറയൂ. പറഞ്ഞിട്ടു കാര്യമില്ല. പറഞ്ഞാൽ വലിയ മുഷിച്ചലിന്നു കാരണമാവും—മുഷിച്ചലു മാത്രമായിരുന്നെങ്കിൽ പൊറുക്കാമായിരുന്നല്ലോ.

പണിക്കക്കു വഴിവാടുകളിലെന്നല്ല, ഈശ്വരന്മാരിൽത്തന്നെ, തീരെ വിശ്വാസമില്ല. കാമാക്ഷിയമ്മക്കാണെങ്കിൽ അങ്ങിനെയൊട്ടല്ലതാനും. പണിക്കരുടെ സവ്വാഭ്യുദയങ്ങൾക്കും തൻെറ വഴിവാടുകളും പ്രാത്ഥനയുമാണ് നിദാനം എന്നാണ് അവരുടെ ഉറച്ച വിശ്വാസം. രോഗം വരാത്തതും വന്നാലതു മാറുന്നതും വഴിവാടുകളുടെ ശക്തിയാണ്. "കണ്ടില്ലേ, ക്ഷേത്രപ്രവേശനത്തിൽ വന്നപ്പോഴെയ്ക്കും പ്രധാനമന്ത്രിക്കു തന്നെ കെട്ടു കെട്ടാറായത്?

അതാണ് ഗുരുവായൂരപ്പനോട്ട കളിച്ചാൽ'' എന്നവർ പണിക്കരേയും പണിക്കരുടെ കോൺഗ്രസ്സിനേയും കളിയാക്കാറുണ്ട്. ഉണ്ണിയ്ക്ക് ആറു തികഞ്ഞാൽ പഴനിമല കയററാമെന്നുകൂടി പ്രാർത്ഥിച്ചിട്ടുണ്ട്. അതു പക്ഷെ പണിക്കരെ അറിയിച്ചിട്ടില്ല. ഇപ്പോഴെ പറഞ്ഞുവെക്കേണ്ടല്ലോ. കുട്ടിയുടെതലക്കുറി കൊണ്ടുവന്നപ്പോറം വലിയ ബാലാരിഷ്ടം കണ്ടു. ആറു വയസ്സുവരെ വളരെ ചീത്തകാലമാണെന്നും ആയുർഭാഗത്തേയ്ക്കുകൂടി ദോഷം കാണുന്നുണ്ടെന്നുമാണ് പറഞ്ഞത്. അന്ന് ഉള്ളു ചുട്ടു പ്രാർത്ഥിച്ചതാണ്. ഒരമ്മയുടെ ഹൃദയം അമ്മയ്ക്കല്ലേ അറിയൂ! എത്ര ആററുനോററിട്ടാണുണ്ടായത്. വൈക്കത്ത് അടിമകിടത്താമെന്നുകൂടി പ്രാർത്ഥിച്ചിട്ടില്ലേ എന്നു കാമാക്ഷിയമ്മയ്ക്കു തന്നെ ഒരു സംശയമുണ്ട്.

* * * *

''ദാ, ഇതുംകൂടി അതിലിരുന്നോട്ടെ.'' പണിക്കർ പാക്ക് ചെയ്യുന്നതിനിടയിൽ സാമാന്യം വലിയൊരു പൊതി കുത്തിത്തിരുകികൊണ്ട് കാമാക്ഷിയമ്മ പറഞ്ഞു.

പ—''എന്താത്?''

കാ—''ഒന്നൂല്യ'' കാമക്ഷിയമ്മ ഒന്നു പരുങ്ങി.

പ—''ഒന്നൂല്യാച്ചാൽ'' പണിക്കക്ക് സംശയം തോന്നി. പൊതി പരിശോധിച്ചു. അതു അരിയായിരുന്നു. പണിക്കക്കു ശുണ്ഠിവന്നു. പൊതി വലിച്ചു പെട്ടിയുടെ പുറത്തിട്ടു.

പ—''അരികൊണ്ടുപോവാൻ പാടില്ലെന്നറിയില്ലേ''?

കാ—''ഒരാഴ്ചത്തെ റേഷൻ കൊണ്ടുപോവാം''

പ—''ആരുപറഞ്ഞു? ഒരാഴ്ചത്തെ പോയിട്ട് ഒരൊററ ദിവസത്തേക്കുടി കൊണ്ടുപോവാൻ പാടില്ല.''

കാ—''ഉവ്വ്ന്ന്. എന്നോടു നാണിയമ്മ പറഞ്ഞു.'' കാമാക്ഷിയമ്മയ്ക്കു മാത്രമല്ല അവിടുത്തെ മിക്ക സ്ത്രീകറംക്കും നാണിയമ്മ പറഞ്ഞാൽ അതിന്നു മീതെ അപ്പീലില്ല. നാണിയമ്മ എത്താത്ത വീടില്ല. അവക്കറിയാത്ത കാര്യമില്ല.

''ഓ. പിന്നെ നാണിയമ്മയാണല്ലോ നിയമം ഉണ്ടാക്കാൻ'' പണിക്കർ ഒരു പുച്ഛസ്വരത്തിൽ പറഞ്ഞു.

കാമാക്ഷിക്കൊന്നും അറിയില്ലെന്നാണ് പണിക്കരുടെ എപ്പോഴുമുള്ള ഭാവം. അതിൽ കാമാക്ഷിയമ്മയ്ക്ക് കേസില്ല. പക്ഷെ

നാണിയമ്മയെക്കുറിച്ചു പുച്ഛിച്ചു സംസാരിച്ചത് അവക്കു തീരെ പിടിച്ചില്ല. അവരുടെ ഭാവം മാറി.

കാ—നിങ്ങൾക്കൊക്കെ നുളും വകുപ്പും പറയേവേണ്ടു. കിടന്നു നരകിക്കാനൊക്കെ ഞങ്ങളാണ്! കയ്യുംവീശി അങ്ങട്ട് വിരുന്നു കയറിച്ചെന്നാൽ മുഖം വീപ്പിയ്ക്കുന്നതു അവിടുത്തെ പെണ്ണുങ്ങളായിരിയ്ക്കും. അതു കാണാൻ ഞങ്ങളും. നിങ്ങളതൊന്നും അറിയില്യ. പുറത്തു കോലായിൽ സൊള്ളിക്കൊണ്ടിരിക്ക്യല്ലെ വേണ്ടു. എന്നെക്കൊണ്ടാവില്യ അവരുടെ ചീത്തമുഖം കാണാൻ. അവരെ പറഞ്ഞിട്ട് കാര്യമില്ല. എനിയ്ക്കാണെങ്കിലും അതുതന്നെയാണ് തോന്നുക. പക്ഷെ പോണ്ടാന്നുവെയ്ക്കാം. എന്നാൽ സൊല്ലേല്യല്ലോ. എത്തണ്ടസമയമായാൽ ഗുരുവായൂരപ്പൻ എത്തിച്ചോളും. എനിയ്ക്കു അതിലൊരു സമാധാനക്കേട്ടല്യ.'' കാമാക്ഷിയമ്മ ഒരു കരച്ചിലിൻെറ അടുത്തെത്തിക്കഴിഞ്ഞു.

പണിക്കക്കു താൻ ചെയ്തത് അബദ്ധമായി എന്നു തോന്നി. കുറച്ചുകൂടി നയത്തിൽ പോയിരുന്നെങ്കിൽ കാര്യം തകരാറാവാതെ കഴിക്കാമായിരുന്നു. എനി പറഞ്ഞിട്ടു കാര്യമില്ല. യാത്ര മുടക്കിയാൽ പിന്നെ ആ വീട്ടിൽ പൊറുക്കാൻ നോക്കണ്ട. ഒടുവിൽ വരുന്നതു വരട്ടെ എന്ന് ധൈര്യമവലംബിച്ചു അരി കൊണ്ടുപോവാൻതന്നെ തീർച്ചയാക്കി. പൊതി ഭദ്രമായി പെട്ടിയിൽ പാക്ക്ചെയ്തുകൊണ്ട് ഒരു അനുരഞ്ജനസ്വരത്തിൽ പറഞ്ഞു:

''ഞാൻ പറഞ്ഞതു മററൊന്നുമല്ല. പിടിച്ചാൽ പിന്നെ തല പൊന്തിച്ചുനടക്കാൻ നോക്കേണ്ടന്നേയുള്ളു. കോടതിയിൽ കയറി സമാധാനം പറയാൻ കാലത്തു ഞാനേ ഉണ്ടാവൂ.

കാ—എന്തിനു്? ഞാൻ പറഞ്ഞോളാം മജിസ്ട്രേട്ടിനോട്. എനിയ്ക്ക് അതിലൊരു ക്ലേശവും തോന്നുന്നില്ല. മജിസ്ട്രേട്ടിൻെറ വീട്ടിലും ഇൻസ്പെക്ടരുടെ വീട്ടിലുമൊക്കെ ഇതുതന്നെയാണ് നടക്കുന്നത്. നുളും വകുപ്പും നോക്കിയാൽ ഇക്കാലത്ത് കാര്യം നടക്കില്യാന്നേയുള്ളു. നിങ്ങൾ പുരുഷന്മാക്ക് അവിടെയിരുന്നു നുളുണ്ടാക്കുകയേ വേണ്ടു. അതിൻെറ ഭാരോം പൊറുതികേടും മുഴുവൻ വീട്ടിലെ പെണ്ണുങ്ങൾക്കാണ്. ഞങ്ങൾക്ക് ഇപ്പോൾ തന്നെ ഒരു നേരേ ഊണുള്ളു. എനി അതും വേണെങ്കിൽ വേണ്ടാന്നുവെക്കാം. പക്ഷെ പണിക്കാര് അതുപറഞ്ഞാൽ നില്ക്കോ? കിട്ടുന്ന റേഷൻെറ ഇരട്ടി വേണം അവക്ക്. ഇല്ലെങ്കിൽ പണിക്ക് ആളെ കിട്ടില്യാന്നേയുള്ളു. അല്ലെങ്കിൽ, തരക്കേടൊന്നൂല്യാ.

പണിക്കാര് വേണ്ടാന്നുവെയ്ക്കാം. അടുക്കളെയിലേയ്ക്കു ഒന്ന് സഹായത്തിന്നു വരുമോ? അതു പറഞ്ഞാൽ മുഖം ഇതുയാവുല്ലോ'' (അഭിനയം)

ഇനിയും അവിടെ നില്ക്കുന്നത് പന്തിയല്ലെന്നുകണ്ടു ബുദ്ധിമാനായ പണിക്കർ തഞ്ചത്തിൽ ഒഴിഞ്ഞുമാറി. കാമാക്ഷിയമ്മയുടെ വാശധാര മുറിയാതെ കുറച്ചു നേരംകൂടി ഒഴുകികൊണ്ടിരുന്നു.

* * * *

ബസ്സിൽ കയറിയതും പണിക്കരുടെ ഹൃദയം അതിവേഗം മിടിക്കുവാൻ തുടങ്ങി; ബസ്സിൻെറ കരിയിഞ്ചിൻ ഒരു പരിഹാസസ്വരത്തിൽ താളം പിടിക്കുവാനും. കൊച്ചി ബ്രിട്ടീഷ് അതിർത്തി അടുക്കുംതോറും ആ താളം മുറുകിമുറുകി വന്നു. പെട്ടെന്നു അത് നിലച്ചു. ഒരു യൂണിഫോറക്കാരൻ കൈകാട്ടിയതിനനുസരിച്ചു ബസ്സു നിന്നു. പതിവുപോലെ അയാറം പരിശോധന തുടങ്ങി. ആദ്യം സീററിൻെറ ചുവട്ടിലെല്ലാം ഒന്നു കണ്ണോടിച്ചു. ഒടുവിൽ ബസ്സിൻെറ തട്ടിലേക്കു എത്തിനോക്കി. അവിടെ ഒരു വലിയ പെട്ടി ഇരിക്കുന്നതു കണ്ടു. ''പെട്ടി ആരുടേയാ? പെട്ടിയൊന്നു തുറക്കണം'' എന്നു കണ്ടക്ടറോടായിപറഞ്ഞു.

പണിക്കരുടെ അപ്പോഴത്തെ കഥ പറയാതിരിക്കുകയാണ് ഭേദം. തൻെറ ആകാശസൌധങ്ങളെല്ലാം ഹിരോഷിമയിലെ കെട്ടിടങ്ങറംപോലെ ഒന്നോടെ തകന്നു തരിപ്പണമാവുന്നതായി ആ സാധുവിന്നു തോന്നി. ''നേതാവിൻെറ കരിഞ്ചന്ത'' ''വേലിതന്നെ വിള തിന്നുന്നു'', ''ഭക്ഷണക്കമ്മിററി പ്രസിഡണ്ടിൻെറ മാതൃക'' എന്നും മററുമുള്ള ഒരു നൂറു പത്രശീഷ്കങ്ങറം ആ പാവത്തിൻെറ പുകഞ്ഞ തലയിൽക്കൂടി മിന്നൽപിണർപോലെ പായുവാൻ തുടങ്ങി. മുഖത്തു ഒരു തുള്ളി ചോരയില്ലാതെ, തരിച്ചു, സ്തംഭിച്ചു എവിടേയോ നോക്കികൊണ്ടിരുന്ന പണിക്കരെ സമീപിച്ചുകൊണ്ട് കണ്ടക്ടർ വളരെ ആദരവോടുകൂടി മന്ത്രിച്ചു. ''ആ പെട്ടിയൊന്നു തുറക്കണമത്രെ.'' സാധാരണ തൻെറ ദുരഭിമാനത്തെ കിക്കിളിപ്പെടുത്താറുള്ള ആ ആദരവ് ഇന്നു പണിക്കക്കു ദുസ്സഹമായി തോന്നി. ഉച്ചഭാഷിണി കൂടാതെ ഏതു വലിയ യോഗത്തിലും പറഞ്ഞു കേറംപ്പിക്കുവാൻ കെൽപ്പുള്ള പണിക്കരുടെ കരളിൽനിന്നു ഒച്ചവലിച്ചിട്ടു വരുന്നില്ല. കാമാക്ഷിയമ്മയുടെ നേക്കു നോക്കി ''ആ താക്കോലൊന്നു വേണമത്രെ'' എന്ന് എങ്ങിനെയോ ഒരുവിധം പറഞ്ഞൊപ്പിച്ചു.

കാമാക്ഷിയമ്മക്കു യാതൊരു കുലുക്കവുമില്ല. കുട്ടി മടിയിൽ കിടന്നു ചീറുന്നതിന്നിടയിൽ അവർ സാവധാനത്തിൽ താക്കോൽ ഊരിയെടുത്തുകൊണ്ടു് ഇൻസ്പെക്ടരുടെ നേരേ തിരിഞ്ഞു.

കാ—"ആളുകളെ ദ്രോഹിച്ചേ വിട്ടയക്കൂ എന്നു് നിങ്ങൾക്കൊരു വരാണു്. ആ പെട്ടി ഇങ്ങോട്ടെടുത്തുവെക്കു, ഞാൻ തുറന്നു കാണിക്കാം."

ഇ—"അമ്മ ബുദ്ധിമുട്ടണമെന്നില്ല. താക്കോൽ ഇങ്ങോട്ടു് തന്നാൽ മതി. ഞാൻ തുറന്നു് നോക്കിക്കൊള്ളാം."

കാ—"അതെയതെ. അതിലേയു് പണ്ടങ്ങളും മററുമുള്ളതാ. നിങ്ങൾക്കേ വലിച്ചിട്ടു പോവ്വേ വേണ്ടു."

ഇത്രയുമായപ്പോഴേക്കും ബസ്സിലുള്ള യാത്രക്കാരെല്ലാം കാമാക്ഷിയമ്മയുടെ ഭാഗത്തായി. എല്ലാവരും കൂടി പൊതുശത്രുവിൻെറ നേക്കു തിരിഞ്ഞു. പലരും പല അഭിപ്രായങ്ങളും പാസ്സാക്കുവാൻ തുടങ്ങി.

"കരിഞ്ചന്ത കടത്തണോരു വേറേവഴിയേ കടത്തും. ഇതു് പാവങ്ങളെ ദ്രോഹിക്കാൻ മാത്രം."

"പക്ഷി കാണച്ചലെ വലവീശിയാലുണ്ടോ പക്ഷിയെ കിട്ടുന്നു?" എന്നു കുറച്ചു് സാഹിത്യത്തിൻെറ രോഗമുള്ള മറെറാരു വിദ്വാൻ ശിങ്കിടിപിടിച്ചു.

"വല്ലോരും കുട്ടിക്കു ദീനായിട്ടോ മറെറാ ഇത്തിരി പൊടിയരിയോ മറെറാ കൊണ്ടുപോണുണ്ടെങ്കിൽ അവരുടെ നേരയാ ഇക്കൂട്ടരുടെ ശൌര്യമെല്ലാം. അങ്ങേപ്പുറത്തു് ചാക്കു ചാക്കായിട്ടു കടത്തുന്നുണ്ടാവും. അതിന്നൊരു കേസ്സല്യ."

"ഇതു് ഇപ്പോൾ ബസ്സായതുകൊണ്ടല്ലേ? ഒരു ഒന്നാന്തരം കാറാണെന്നിരിക്കട്ടെ—ഇതേ കൂട്ടരുതന്നെ സലാംവെച്ചു മാറിത്തരും."

"ചുരുക്കത്തിലൊന്നു കൈമടക്കണം അത്രേയുള്ളൂ. അതിന്നുള്ളതാ ഇതെല്ലാം. അവക്കും കഴിഞ്ഞുകൂടണ്ടേ?

"നശിച്ച ഒരു കാലം. വല്ലോണോം ഇതൊന്നു കഴിഞ്ഞു കിട്ടിയാൽ മതിയായിരുന്നു." ഒരു വയസ്സൻ മുറുമുറുത്തു.

പൊതുജനാഭിപ്രായം ശക്തിയായി തൻെറ നേക്കു തിരിയുന്നതു കണ്ടു് ഇൻസ്പെക്ടരും സൊല്ലയൊഴിക്കാൻ തീച്ചയാക്കി. കാമാക്ഷിയമ്മയോടു് "പെട്ടിയിലെന്താന്നു് പറഞ്ഞാൽ മതി. ഞങ്ങൾക്കു് ഞങ്ങളുടെ കടമ ചെയ്യാതെ നിവൃത്തിയുണ്ടോ?" എ

ന്നൊരു മാപ്പുചോദിയ്ക്കുന്ന മട്ടിൽ പറഞ്ഞു. കാമാക്ഷിയമ്മ വിട്ടുകൊടുത്തില്ല. "ഏയ്, വേണ്ട. പെട്ടിതുറന്നു നോക്കുകതന്നെ ചെയ്യാല്ലോ? ഞങ്ങടാക്കു കരിഞ്ചന്ത കച്ചോടോന്നൂല്യാ. ആരേം ഒട്ടു ഭയപ്പടേം വേണ്ട." ഇൻസ്പെക്ടർ പിന്നെ ഒട്ടും താമസിച്ചില്ല. വല്ലവിധത്തിലും തടി ഒഴിച്ചാൽ മതിയെന്നായി. ബസ്സ് പൊയ്ക്കോളാൻ ആംഗ്യംകാണിച്ചു.—കണ്ടക്ടറുടെ റൈററ് വിളിയോടുകൂടി ബസ്സു മുന്നോട്ടു നീങ്ങി.

പണിക്കർക്കു അപ്പോഴേ ശ്വാസം നേരെ വീണുള്ളു. കാമാക്ഷിയമ്മയുടെ ജയസൂചകമായ നോട്ടമൊന്നും ആ പാവത്തിന്റെ കണ്ണിൽ പെട്ടില്ല. പണിക്കരുടെ ഇതഃപര്യന്തമുള്ള ജീവിതത്തിലെ ഏററവും ഭയങ്കരമായ ഒരു നിമിഷമായിരുന്നു അത്. പണിക്കർ ഒരു തനി മാർക്സിസ്റ്റാണ്. മാർക്സിന്റെ പുസ്തകങ്ങളെപ്പററിയുള്ള പുസ്തകങ്ങൾ പണിക്കർ വായിച്ചിട്ടുണ്ട്. ഭൌതികചരിത്രവാദമാണ് പണിക്കരുടെ ബൈബിൾ, അഥവാ ഗീത. മനുഷ്യൻ ജനിയ്ക്കുന്നതും, ജീവിയ്ക്കുന്നതും, തിന്നുന്നതും, ശ്വസിയ്ക്കുന്നതും, ചാടുന്നതും, ഓടുന്നതും എല്ലാം സാമ്പത്തിക കാരണങ്ങളാലാണ്. ഉല്പാദനശക്തികളാണ് അവയുടെയെല്ലാം അടിസ്ഥാനം. ഉല്പാദനോപകരണങ്ങൾ പിടിച്ചുപററി പൊതുസ്വത്താക്കുകയേ വേണ്ടൂ. പിന്നെ മാബലിയുടെ കാലത്തെപ്പോലെ "മാനുഷരെല്ലാരുമൊന്നുപോലെ" കള്ളവും ചതിയും ഓടിയൊളിയ്ക്കും, നേരും നെറിയും മാമൂലാവും. രോഗം എന്നതുണ്ടാവില്ല. ജരാനരകളും മരണവുംകൂടി നിലച്ചുപോവില്ലേ എന്നും കൂടി പണിക്കർക്കു സംശയമുണ്ട്. ഗാന്ധിവാദികളേയും ആത്മീയവാദികളേയും മററും പണിക്കർക്കു വലിയ പുച്ഛമാണ്.

പക്ഷെ ആ ദുർഘടനിമഷത്തിൽ മർക്സിനെ പണിക്കരുടെ ഹൃദയത്തിലോ മനസ്സിലോ ബുദ്ധിയിലോ എവിടെ തപ്പിനോക്കിയാലും കാണുമായിരുന്നില്ല. "ഗുരുവായൂരപ്പാ" എന്നൊരു വിളി പണിക്കരുടെ ഹൃദയാന്തർഭാഗത്തിൽനിന്നു പൊട്ടിപ്പുറപ്പെടുകയുണ്ടായി. പൂന്താനംകൂടി ഇത്ര ഉള്ളു ചുട്ടുവിളിച്ചിട്ടുണ്ടാവില്ല, നിശ്ചയം.

13–5–'47

# മാറുന്ന കാലങ്ങൾ

“മതി കുട്ടീ കരണ്ടിയത്. വരൂ, [നമുക്കു ഇത്തിരി വല്ലതും പോയി കളിക്ക്യാ” ക്ലാസിൽ ഒരു പീരിയഡ് ഒഴിവു വന്നപ്പോൾ പുസ്തകം നിവർത്തി വായനയാരംഭിച്ച ഉണ്ണൂലിയെ പിടിച്ചുവലിച്ചു കൊണ്ട് ലീലാലോലയായ മാധവി പറഞ്ഞു.

ഉ:—“കുട്ടിക്കതു പറയാം. കുട്ടി എല്ലാം പഠിച്ചുംവെച്ച് പരിക്ഷേം കാത്തിരിക്കല്ലേ?”

മാ—“എന്തിനാങ്ങിനെ പൊളിപറയണേ. ഈശ്വരനാണ് സത്യം ഞാനൊററവസ്തു വായിച്ചിട്ടില്ല. ഓപ്ഷണൽനോട്സും മററും എവിടെയാണെന്നു എനി തപ്പിപ്പിടിച്ചിട്ടുവേണം. പരീക്ഷയെന്നു പറയുമ്പോൾ പേടിയാവുന്നൂ.” മാധവിക്കു യാതൊരു പേടിയുമില്ല. പക്ഷെ അങ്ങിനെ പറഞ്ഞുവെന്നുമാത്രം.

ഉ—“അതെയതെ. ഇപ്പോഴിങ്ങനെയൊക്കെ ഓരോന്നു പറയും റിസൾട്ട് വരുമ്പോൾ കാണാം കുട്ടിതന്നെ എല്ലാററിലും ഫസ്റ്റ്. ഞാനങ്ങിനെ കഷ്ടിമുഷ്ടി മുപ്പത്, മുപ്പത്തഞ്ച്, എന്നിങ്ങനെ ചാടി വീഴണതുണ്ടാവും”.

മാ—“ഇങ്ങിനെ കരണ്ടികരണ്ടിയിട്ടുതന്നെയാ മാർക്കിത്ര കുറഞ്ഞുപോണത്. കുറച്ചേ വായിക്കാവൂ, എന്നാൽ വായിച്ചതെല്ലാം ഓർമ്മ നില്ക്കും”.

ഉ—“അസ്സലുപദേശമാണ്. കുട്ടിക്കേ, അതൊക്കെ പററും. കുട്ടിക്കെന്താ ഒരൊററ വട്ടം വായിച്ചാൽ എല്ലാം മനപ്പാഠായി. ഒരു പത്തുപ്രാവശ്യം വായിച്ചാലെ എൻെറ മരത്തലയിൽ വല്ലതും കയറും. ദാ അഞ്ചാമത്തെ വട്ടാണു ഞാനിത് വായിക്കണേ. എന്നിട്ടെന്താ? പുസ്തകം അടച്ചാൽ അസ്ത. രണ്ടു വരി തികച്ചും തോന്നില്ല. വല്ലാത്ത ഒരു തല” ഇതും പറഞ്ഞു അവൾ തൻെറ തലയിലൊന്നു കിഴക്കി.

മാധവി പൊട്ടിച്ചിരിച്ചു. അവൾക്ക് ഇത്തരം സംവാദങ്ങൾ ബഹുരസമാണ്. തൻെറ പ്രതിഭാശക്തിയിൽ അവൾക്ക് അതിരുകവിഞ്ഞ അഹങ്കാരമുണ്ട്. അതിനെപററി എത്ര വാഴ്ത്തി കേട്ടാലും മതിയാവുമില്ല. സംഭാഷണം അതിലേക്കു തിരിച്ചുവി

ടാനുള്ള ഒരു സാമർത്ഥ്യവും അവൾക്കുണ്ട്. ശൈശവസഹജമായ ഒരു വിനോദം.

ഉണ്ണൂലി പാവപ്പെട്ട ഒരു ഹരിജനബാലികയാണ്. പാടത്തു പണിയെടുക്കുന്ന നിരക്ഷരകുക്ഷികളാണ് അവളുടെ അച്ഛനമ്മമാർ. ആരുടേയോ ഒക്കെ ദയാദാക്ഷിണ്യങ്ങൾകൊണ്ട് അവളുടെ പഠിപ്പ് ഇന്നോ നാളെയോ കാലം കൂടുകയെന്ന അനിശ്ചിതാവസ്ഥയിൽ തുടർന്നുവരുന്നു. ബാങ്കിൽ പത്തു ലക്ഷം തികഞ്ഞാൽ നമ്മുടെ ചില കുബേരന്മാർക്ക് പെട്ടെന്നൊരു ധാർമ്മികബോധമോ ദൈവഭീതിയോ പ്രശസ്തിമോഹമോ ഒക്കെ പൊട്ടിപ്പുറപ്പെടാറുണ്ട്. അതിൻെറ ഫലമായി നമ്മുടെ സാമൂഹ്യരംഗത്തിൽ അങ്ങിങ്ങ് ചില ധർമ്മസ്ഥാപനങ്ങൾ പൊങ്ങിവരാറുമുണ്ട്. അതിലൊന്നിനോടാണ് ഉണ്ണൂലിയും അവളുടെ പഠിപ്പിന്നു കടപ്പെട്ടിട്ടുള്ളത്. എന്തിന്? അവളുടെ ജീവിതം മുഴുവൻതന്നെ ഒരു കടമാണ്. അവൾ ജീവിക്കുന്ന ഓരോ നിമിഷവും ആ കടം പെരുകിപ്പെരുകി വരുന്നു. ആരോടെല്ലാം ഈ ചെറുവയസ്സിനുള്ളിൽ അവൾ കടപ്പെട്ടു കഴിഞ്ഞു? കാഴ്ചബംഗ്ലാവിലെ വിചിത്രമൃഗങ്ങളെ നോക്കുവാൻ വരുന്നപോലെ സന്ദർശകന്മാർ അടിക്കടി ആ സ്ഥാപനത്തിലെ അന്തേവാസികളെ കാണുവാൻ വരും. അനുകമ്പാമസൃണമായ അവരുടെ വീക്ഷണങ്ങൾ ആത്മാഭിമാനത്തിൻെറ കണികയെങ്കിലും അവശേഷിച്ചിട്ടുള്ളവരുടെ ഹൃദയത്തിൽ കൂരമ്പുകൾപോലെ തുളഞ്ഞുകയറും. പക്ഷെ അഭിമാനമെന്നത് ആ പാവങ്ങൾക്കു അജ്ഞാതമായ ഒന്നാണ്. വണങ്ങാനും വഴങ്ങാനുമല്ലാതെ ഉയർത്തിപ്പിടിക്കുവാനുള്ളതല്ല അവരുടെ ശിരസ്സ്. മറക്കാനവർക്കു അവകാശമില്ല—, പൊറുക്കേണ്ടതിനൊട്ടറുതിയുമില്ല.

ഉണ്ണൂലി അദ്ധ്വാനശീലയാണ്. അവൾക്കു കർത്തവ്യനിഷ്ഠയുണ്ട്. ഒരു നിമിഷംപോലും അവൾ പാഴാക്കിക്കളയുകയില്ല. പക്ഷെ പറഞ്ഞിട്ടെന്തു ഫലം. വിദ്യാഭ്യാസമെന്നതു അവൾക്കു വിദ്യയുമായിട്ടുള്ള ഒരു ഭയങ്കരസമരമാണ്. തൻെറ ഉത്സാഹശീലം മുഴുവനുപയോഗിച്ചും അവളതിനെ കീഴൊതുക്കുവാൻ ശ്രമിക്കാറുണ്ട്. പക്ഷെ അതുക്കതുക്കത് തെററിത്തെററിച്ചുപോവുകയേ ഉള്ളൂ. അവളുടെ മനം മടുക്കും, വിധിയെ ശപിക്കും. മററുള്ളവരുടെ പ്രതിഭാശക്തി കണ്ടു അസൂയപ്പെടും. എങ്കിലും, സമരം അവൾ വിട്ടുകൊടുക്കാറില്ല. അങ്ങിനെ പഴയ കട്ടവണ്ടിപോലെ

തട്ടിയും തടഞ്ഞും, ഉരുണ്ടും പിരണ്ടും അവൾ പത്താം ക്ലാസിൽ എത്തി വീണു. ഇപ്പോഴിതാ 'പബ്ലിക്ക് എക്സാമിനേഷൻ' ഒരു മലപോലെ ഭീമാകൃതിയിൽ അവളുടെ മുമ്പിൽ നില്ക്കുന്നു.

മാധവി ജീവിക്കുന്ന ലോകംതന്നെ വേറെയാണ്. അവളുടെ മുത്തച്ഛന്റെ അച്ഛൻതൊട്ടേ ബിരുദധാരികളും ഗവർമ്മേണ്ടുദ്യോഗസ്ഥന്മാരുമാണ്. സ്കൂൾ ഒരു വിനോദ സ്ഥലം. വിദ്യ ആടിക്കുഴഞ്ഞു അവളുടെ ചൊല്പടിക്കു നില്ക്കും. അദ്ധ്വാനിക്കാതെതന്നെ അതവൾക്കു സ്വാധീനമാവും. പുതിയ പാഠങ്ങൾ അവൾക്കു മസ്തിഷ്കത്തിലെ പഴയ ഏടുകൾ മറിക്കുംപോലെയാണ്. ആ ഏടുകളുംകൊണ്ടാണ് അവൾ ഭൂസ്പർശം ചെയ്തതുതന്നെ. പ്രതിവർഷം ഉഴുതുന്ന കൃഷിഭൂമിയിൽ കലപ്പ തടസ്ഥമെന്നിയെ മുന്നോട്ടു നീങ്ങുന്നു. യുഗാന്തരങ്ങളായി കൃഷി ചെയ്യാതെ കിടക്കുന്ന തരിശിൽ അതു മുട്ടിയും പൊട്ടിയും കിടന്നു കറങ്ങുന്നു.

കാറിലാണ് മാധവി സ്കൂളിൽ വരിക. അകമ്പടികൂടാതെ ഒരു ദിക്കിലും അവൾക്കു പോയിക്കൂടാ. അത്ര കർശനമാണ് വീട്ടിലെ അച്ചടക്കം. പൊന്നിൻകൂട്ടിലെ കിളിയെപ്പോലെ അവളാർത്തിയോടെ കാറിൽനിന്നു പുറത്തേക്കെത്തിനോക്കും. എടയ്ക്കെല്ലാം അവൾ അസൂയപ്പെടാറുണ്ട്. "ഉണ്ണൂലിയ്ക്കെന്തു സുഖമാണ്. അവൾക്കിഷ്ടംപോലെ എവിടേയും പോവാം." "വീട്ടിലേക്കു നടന്നുപോവാൻ എന്തു രസമായിരിക്കും." "മഴവെള്ളത്തിൽ തത്തിക്കളിക്കുവാൻ എന്തു തമാശയായിരിക്കും." എന്നും മററും സെഡാൻകാറിന്റെ അടച്ചിട്ട ചില്ലുജനാലുകളുടെ നടുവിലിരുന്ന് അവൾ മോഹിക്കാറുണ്ട്. സ്കൂൾ 'എക്സ്കർഷൻസ്' വരാൻ അവൾക്കൊരു വെമ്പലാണ്. അന്നേ ഉള്ളൂ അവൾക്കതെല്ലാരു സ്വാതന്ത്ര്യം. ഉണ്ണൂലിക്കു ഒരു എക്സ്കർഷനുമില്ല. പുറംനാടുകൾ കാണാൻ അവൾക്കും ആശയില്ലായ്കയല്ല. പക്ഷെ വണ്ടിക്കൂലിക്കു പണമില്ല. അതെല്ലാം ടീച്ചർമാക്കും പണക്കാരായ കുട്ടികൾക്കും മാത്രമുള്ള ഒരു ഉല്ലാസം.

എടയ്ക്ക് ഉണ്ണൂലിയെ മാധവി കാറിൽ കയററി ഇരുത്തും. അതിനും വേണം ഡ്രൈവരുടെ സേവ. വീട്ടിലറിഞ്ഞാൽ കേസാവും. പക്ഷെ ഉണ്ണൂലിക്കു കാറിൽ ഇരിപ്പു ഉറക്കാറില്ല. സ്പ്രിങ്ങ്സീററിൽ ചാരി ഇരിക്കുവാൻ അവൾക്കൊരു ഭയം. വക്കത്തങ്ങിനെ അസ്വാസനമായിരുന്നു നാലുപാടും പകച്ചുനോക്കും. മാധവി അതു കണ്ടുരസിക്കും. അവൾക്കതൊരു തമാശ.

കൊച്ചിലേ തൊട്ടുള്ള സഹപാഠികളാണ് ഉണ്ണൂലിയും മാധവിയും. ഉണ്ണൂലി സംശയം തീക്കാറുള്ളതെല്ലാം മാധവിയുടെ അടുക്കലൊണ്. 'ഹോംവക്ക്' മിക്ക ദിവസവും മാധവിയുടെ പുസ്തകം നോക്കി പകത്തും. മാധവിയുടെ എഴുതിച്ചെറുതായ പെൻസിലുകളുടേയും പാതിയെഴുതിയ നോട്ടുപുസ്തകങ്ങളുടേയും അനന്തരാവകാശി ഉണ്ണൂലിയാണ്. അങ്ങേ അററം ചില ബ്ലൌസുകൾ പോലും ആരുമറിയാതെ അവൾ ഉണ്ണൂലിക്കു സമ്മാനിയ്ക്കാറുണ്ട്. പകരം മാധവിയുടെ ശ്രമസ്തപ്പണിയ്ക്കെല്ലാം ഉണ്ണൂലിയാണ്. ക്ലാസിൽ കൊടുക്കുന്ന നോട്ടുകളെല്ലാം ഉണ്ണൂലി അവളുടെ വൃത്തിയായ കയ്യക്ഷരത്തിൽ മാധവിക്കു പകത്തിക്കൊടുക്കും.

അങ്ങിനെ ആ ഇരുജീവൻ ഒരു ജീവനെന്നപോലെ പഠിച്ചും കളിച്ചും വളൻ വലുതായി. പത്തിലെ പരീക്ഷ കഴിഞ്ഞു. പ്രതീക്ഷിച്ചിരുന്നപോലെത്തന്നെ മാധവി ഫസ്റ്റായി പാസ്സായി. ഉണ്ണൂലി തോററു. നനഞ്ഞ കണ്ണുകളോടുകൂടി ആ ഉററ സഖികൾ കെട്ടിപ്പുണൻ യാത്ര പറഞ്ഞു. രണ്ടുപേരും രണ്ടു വഴിക്കു തിരിഞ്ഞുപോയി. മാധവി ഉല്ലാസകേന്ദ്രമായ കോളേജുജീവിതത്തിലേയ്ക്കും ഉണ്ണൂലി പഠിപ്പു നിത്തി ഇരുളടഞ്ഞ അവളുടെ കുഗ്രാമത്തിലേയ്ക്കും. രണ്ടു ലോകത്തിൽനിന്ന്, അഥവാ നാകത്തിൽനിന്നും നരകത്തിൽനിന്നും, പാറന്നുവന്ന രണ്ടു പറവകൾ ഒട്ടു നാൾ ഒരേ ഉദ്യാനത്തിൽ വിഹരിച്ചു. അതു കഴിഞ്ഞു രണ്ടു വഴിക്കു പാറന്നുപോയി. ഒന്നു ഭോഗലോലുപമായ അലസജീവിതത്തിലേക്കും, മറേറത് ക്ലേശഭ്രയിഷ്ഠമായ ദാരിദ്ര്യത്തിലേയ്ക്കും.

* * * *

കൊല്ലം പത്തിരുപതു കടന്നുപോയി. സാധാരണ കൊല്ലങ്ങളല്ല. സംഭവബഹുലങ്ങളായ; ചരിത്രം സൃഷ്ടിച്ച കൊല്ലങ്ങൾ. ഭൂമുഖത്തെ മാററിമറിച്ച വിപ്ലവാത്മകങ്ങളായ കൊല്ലങ്ങൾ. ചില ഭൂകമ്പങ്ങൾ പ്രകൃതിയിൽ പല വമ്പിച്ച പരിണാമങ്ങളും സൃഷ്ടിയ്ക്കാറുണ്ട്. കടൽ കരയാവും, കര കടലാവും, മലകൾ ഭൂഗഭത്തിലേയ്ക്ക് ഉള്ളോട്ടു വലിയും; മാമലകൾ പൊട്ടിമുളയ്ക്കും. നാടു കാടാവും, കാടു നാടാവും. സാമൂഹ്യജീവിതത്തിലുംഇങ്ങിനെ ചില വമ്പിച്ച കോളിളക്കങ്ങൾ ഉണ്ടാവാറുണ്ട്. അത്തരമൊരു ദശാസന്ധിയിലൂടെയാണ് ആ ഇരുപതു കൊല്ലങ്ങൾ കടന്നുപോന്നത്.

കറുത്തിരുണ്ട ഒരു നിഴൽ അതിവേഗം വന്നു മനുഷ്യജീവിതത്തെ ആകമാനം ഗ്രസിച്ചതായി തോന്നി. സ്പഷ്ടവും സുവ്യക്ത

വുമായിരുന്ന സ്വപ്നരൂപങ്ങളും ഒരിരുണ്ട യവനികയ്ക്കു പിറകിൽ മറഞ്ഞു. സനാതനങ്ങളായി കരുതിപ്പോന്നിരുന്ന മനുഷ്യമൂല്യങ്ങളും ആദർശങ്ങളുമെല്ലാം അടിയോടെ ഇളകിമറിഞ്ഞു. ധർമ്മം എന്താണ്, അങ്ങിനെയൊന്നുണ്ടോ, ലോകം പുരോഗമിക്കുകയാണോ, അതോ പ്രളയത്തിലേയ്ക്കു കുതിക്കുകയോ—ഇത്തരമൊരു നൂറു ചോദ്യചിഹ്നങ്ങൾ സാമൂഹ്യാന്തരീക്ഷത്തിൽ ഉയർന്നുപൊങ്ങി. ഒരു 'ടിയർഗ്യാസ്'' പ്രയോഗത്തിൽ അകപ്പെട്ട ജനക്കൂട്ടത്തെപ്പോലെ തുപ്പിയും തുമ്പിയും പകച്ചും മിഴിച്ചും ആ രംഗത്തിലെ നടന്മാർ കിടന്നു വട്ടം കറങ്ങി.

മെല്ലെ മെല്ലെ, ആ യവനിക പൊന്തിത്തുടങ്ങി. മൂടിയിരുന്ന കരിനിഴൽ ഒട്ടൊട്ടായി ഒഴിഞ്ഞു. രംഗം അപ്പോഴേയ്ക്കും മാറിയിരിക്കുന്നു. അന്നത്തെ പ്രധാനവേഷക്കാരെല്ലാം അണിയറയിലേയ്ക്കു വലിഞ്ഞു. ഒരു നൂതനസമുദായം ഉടലെടുത്തുകഴിഞ്ഞു. പരമ്പരയായി ഐശ്വര്യത്തിൽ കിടന്നു മദിച്ചിരുന്ന പേരുകേട്ട കുടുംബങ്ങളെല്ലാം ഇന്ന് ഊരും പേരുംപോലുമില്ലാതെ തിരോധാനം ചെയ്തിരിക്കുന്നു. നിതാന്തദുരിതത്തിൽ കിടന്നു നരകിച്ചിരുന്ന ചെററച്ചാളകളിലേയ്ക്കു സൌഖ്യത്തിൻേറയും ആശയുടേയും കിരണങ്ങൾ എത്തിനോക്കുവാൻ തുടങ്ങി. മനുഷ്യനെ മനുഷ്യനിൽനിന്നും വളച്ചുകെട്ടി നിർത്തിയിരുന്ന കൃത്രിമഭിത്തികൾ തകർന്നു തരിപ്പണമായി.

ഇരമ്പിക്കയറുന്ന വിപ്ലവത്തിൻെറ തിരമാലകൾ നമ്മുടെ പഴയ സ്കൂളിനേയും ഒഴിച്ചുവിട്ടില്ല. അത് ഇന്നു കണ്ടാൽ തിരിച്ചറിയുവാൻ പ്രയാസം. മുന്നിലുള്ള വയസ്സൻമാവുമാത്രമുണ്ട് ഇന്നും കഴിഞ്ഞതിനെല്ലാം ദൃക്സാക്ഷിയായി നിശ്ചേഷ്ടനായി നിലകൊള്ളുന്നു. പഴയ ഗംഭീരമായ കെട്ടിടം ഇന്നു കാണാനില്ല. ആ സ്ഥാനത്തു ചെറിയ ചില കുട്ടിപ്പുരകളുണ്ട്. പക്ഷെ സ്കൂൾ വളപ്പു വളരെ വലുതായിരിക്കുന്നു. കായ്കറിത്തോട്ടങ്ങളും കൃഷിസ്ഥലങ്ങളും ഇന്നു സ്കൂൾവളപ്പിൻെറ ഒരു ഭാഗമാണ്. ഇന്നുമുണ്ട് അവിടെയൊരു സ്കൂൾ. പക്ഷെ ക്ഷീണാപാണ്ഡുകപോലങ്ങളും ഓജസ്സററ കണ്ണുകളുമല്ല അവിടെ കാണുന്നത്. ബലിഷ്ഠശരീരങ്ങളും പ്രസരിപ്പു തുളുമ്പുന്ന വദനങ്ങളുമാണ്. കുട്ടികൾ അധികസമയവും തൊടിയിലായിരിക്കും. അവരുടെ പഠിപ്പിൻെറ വലിയ ഒരു ഭാഗം അവിടെ കഴിയും. കെട്ടിടത്തിൻെറ ഉള്ളിൽ വരുന്നതുതന്നെ അധികവും പുസ്തകം കരണ്ടാനല്ല. നൂൽപ്പ്, നെയ്ത്ത്,

തുന്നൽപ്പണി തുടങ്ങിയ പല കൈവേലകളും അഭ്യസിയ്ക്കാനാണ്.

ഇന്നുമുണ്ട് ആ സ്കൂളിൽ ഉണ്ണൂലിയേയും മാധവിയേയും അനുസ്മരിപ്പിയ്ക്കുന്ന, രണ്ടു സഹപാഠികൾ: ചിത്രയും കമലയും. ചിത്ര പരുക്കൻമട്ടാണ്, ദൃഢഗാത്രിയാണ്. കമല ലോലയും മൃദുലയും. കരിങ്കൽചില്ലും പൂവും തമ്മിലുള്ള വ്യത്യാസം. തോട്ടപ്പണിയ്ക്കു പോയാൽ കമല വേഗം തളരും. രണ്ടു ബക്കററു വെള്ളം കോരുമ്പോഴേയ്ക്കും അവൾ കിതക്കാൻ തുടങ്ങും. അപ്പോഴെല്ലാം ചിത്ര അവളുടെ സഹായത്തിനെത്തും. സ്വന്തം പണി മുഴുവൻ കഴിഞ്ഞാലും പിന്നേയും രണ്ടാളുടെ പണിയെടുക്കുവാനുള്ള ശേഷി ചിത്രയ്ക്കുണ്ട്. കമലയുടെ കായികദൌർബ്ബല്യത്തിൽ അവൾക്ക് അനുതാപമുണ്ട്; തൻെറ ബലിഷ്ഠതയിൽ ഒട്ടൊരഭിമാനവും. പരുത്തി കടയാനിരുന്നാൽ പത്തു മിനുട്ടു കഴിയുമ്പോഴേയ്ക്കും കമലയുടെ കൈ കുഴയും. അവൾ നിസ്സഹായയായി ചിത്രയുടെ മുഖത്തേയ്ക്കു നോക്കും. മിക്ക ദിവസവും കമലയുടെ പണി മുഴമിച്ചുകൊടുക്കാൻ ചിത്ര വരണം. കമലയുടെ വില്ലു പൊട്ടിയാൽ നേരെയാക്കാൻ ചിത്ര വേണം. ചിത്രക്കതെല്ലാം ക്ഷണം ക്ഷണം പഠിയും.

അന്ന് അവരുടെ സ്കൂൾവാർഷികമാണ്. രക്ഷിതാക്കന്മാരെല്ലാം ആ ദിവസം സ്കൂളിൽവരും. കമലയുടെ അമ്മ വീട്ടിൽ നിന്ന് എവിടേയും പുറത്തുപോവാറില്ല. പക്ഷെ ഇക്കൊല്ലം അമ്മയും വരണമെന്ന് ഒരാഴ്ചയായി കമല വിടാതെ വാശിപിടിയ്ക്കുന്നു. മററെല്ലാരുടേയും അമ്മമാർവരും, കുട്ടീടെ അമ്മ എന്താ വരാത്തത് എന്നുചോദിച്ചാൽ തനിക്കെത്ര കുറവാവും എന്നെല്ലാമാണു അവളുടെ ആവലാതി. ഒടുവിൽ മകളുടെ കണ്ണുനീർകണ്ടു മനസ്സലിഞ്ഞു അമ്മ സമ്മതംമൂളി.

അമ്മയെ ചിത്രക്കു പരിചയപ്പെടുത്താൻ കമലക്കു തിരക്കായി. സ്കൂളിലെത്തിയതും അവൾ അമ്മയെ വലിച്ചിഴച്ചു കൊണ്ടുപോയി, ദാ, ഇതാണ് ചിത്ര, ഇതാണ് ചിത്രയുടെ അമ്മ' എന്നു പരിചയപ്പെടുത്തി.

പക്ഷെ പരിചയപ്പെടുത്തേണ്ടിവന്നില്ല, അമ്മമാർ തമ്മിൽ കണ്ടതുംഉടൻ 'ഉണ്ണൂലി!' 'ആര് മാധവിയോ!' എന്നുപറഞ്ഞു കെട്ടിപ്പുണർന്നതും ഒന്നായികഴിഞ്ഞു.

അല്ലമാധവി! മാധവിക്കെന്തുപററി? മാധവിയെ കേശാദി

പാദം നോക്കിക്കൊണ്ട് ഉണ്ണൂലി ഇടനെഞ്ചുപൊട്ടുന്നസ്വരത്തിൽ ചോദിച്ചു.

മാധവിക്ക് വളരെയൊക്കെ പററിയിരുന്നു. വിടരാനടുത്ത ഒരു മനോഹര കുഡ്മളത്തോടാണ് ഉണ്ണൂലി അന്നു യാത്രപറഞ്ഞ് പിരിഞ്ഞത്. ഇന്നു അതു പൂർണ്ണമായി വികസിച്ച് നയനാനന്ദകരമായും പരിമളധോരണി ചിതറിയും നില്ക്കുന്നുണ്ടാവും എന്നായിരുന്നു ഉണ്ണൂലിയുടെ സങ്കല്പചിത്രം. എന്നാൽ ഇന്നിവൾ മുമ്പിൽകാണുന്നത് വിടരുംമുമ്പേതന്നെ വാടിയ ഒരു പുഷ്പത്തെയാണ്. അംഗസൌഷ്ഠവമെല്ലാംപോയി മാധവി ഇന്നൊരു ശുഷ്കഗാത്രിയായിരിക്കുന്നു. താരുണ്യദശ അസ്തമിക്കുന്നതിനു എത്രയോ മുമ്പുതന്നെ വെള്ളിക്കമ്പികൾ അവളുടെ തലയിൽ ധാരാളം സ്ഥലംപിടിച്ചിരിയ്ക്കുന്നു. യാതനകൾ അവളുടെ വദനത്തിൽ അകാലവാർദ്ധക്യത്തിൻെറ രേഖകൾ കുത്തിക്കോറിയിരിക്കുന്നു. പക്ഷെ ഇതെല്ലാമായിരുന്നിട്ടും അവളുടെ മുഖത്തു നൂതനമായ ഒരു ആകർഷകത്വം കളിയാടുന്നുണ്ട്. അന്നത്തെ മാദകമായ വിലാസലഹരിയല്ലാ അതു. ത്യാഗത്തിൽ നിന്നും കദനത്തിൽനിന്നും ഉടലെടുത്ത ഒരാത്മീയതേജസ്സ്. വൈദ്യുതദീപത്തിൻെറ പളപളായമാനമായ പ്രഭയല്ല, ക്ഷേത്രങ്ങളിലെ നെയ്‌വിളക്കിൻെറ പാവനമായദീപ്തി. അന്നത്തെ ചെമ്പകം, ഇന്നൊരു പിച്ചിമലരാണ്.

"എന്താ ഞാൻ വല്ലാതെ മാറിയിരിക്കുന്നൂ, ഇല്ലേ? ശരിയാണ്. ഉണ്ണൂലി അറിയോ? ഇരുപത്‌കൊല്ലത്തെ ചരിത്രമുണ്ട് ആ മാററത്തിൻെറ പിറകിൽ" ഒരു പുഞ്ചിരിയോടുകൂടി മാധവി പറഞ്ഞു. ആ ഓരോവാക്കും ഉണ്ണൂലിയുടെ ഹൃദയത്തെ അതിയായി വേദനിപ്പിച്ചു.

*        *        *        *

പഠിച്ചുവലുതായി പുരുഷനു് കീഴ്‌വഴങ്ങാത്ത ഒരു സ്വതന്ത്രജീവിതം നയിയ്ക്കുവാൻ വെമ്പിയിരുന്ന മാധവിയുടെ ആകാശക്കോട്ടകളെല്ലാം തട്ടിത്തകർത്തുകൊണ്ട് അവളുടെ മാതാപിതാക്കന്മാർ പഠിപ്പു പൂർത്തിയാവുന്നതിന്നു മുമ്പുതന്നെ അവളെ വിവാഹം ചെയ്തുകൊടുത്തു. വരൻെറ ആഢ്യതയിലും സമ്പത്തിലും സൌകുമാര്യത്തിലും ഭ്രമിച്ചു സൌശീല്യത്തിൻെറ കാര്യം അവരത്രവകവെച്ചില്ല. മധുവിധുവിൻെറ കനകക്കിനാവുകൾക്കിടയിൽ മാധവി തൻെറ ഇച്ഛാഭംഗത്തെ തെല്ലിട വിസ്മരിച്ചു. പക്ഷെ

ആ അരുമസ്വപ്നം അധികകാലം നിലനിന്നില്ല. പുതുപുഷ്പം തേടുന്ന വണ്ടുപോലെ അവളുടെ ഭർത്താവ് പുതിയ ഭോഗങ്ങളുടെ പിന്നാലെ പാഞ്ഞുതുടങ്ങി. അതോടെ മാധവിയുടെ നരകജീവിതവും ആരംഭിച്ചു. ആദ്യമാദ്യം രഹസ്യമായും ശങ്കിച്ചും ചെയ്തിരുന്നതെല്ലാം പിന്നീട് പരസ്യമായിത്തന്നെ അയാൾ ചെയ്യാൻ തുടങ്ങി. മാത്രമല്ല അതവൾ അറിയുന്നതും കാണുന്നതും തന്നെ തനിക്കു് ഒരു രസമെന്നും വന്നുകൂടി. സ്വന്തം വീടുതന്നെ വ്യഭിചാരത്തിൻേറയും മദ്യപാനത്തിൻേറയും ഒരു കൂത്തരങ്ങായി. അവളുടെ നീറുന്ന ഹൃദയത്തെ ലോകം കണ്ടില്ല. ലോകസമക്ഷം അവൾ ഭാഗ്യത്തിൻെറ ഉച്ചകോടിയിലായിരുന്നു. അവൾക്കു മണിമേടയുണ്ട്, ഉദ്യാനമുണ്ട്, കാറുണ്ട്, പട്ടുപുടവകളുണ്ട്, അമൂല്യാഭരണങ്ങളുണ്ട്, ആജ്ഞാനുസാരികളായ ഭൃത്യഗണങ്ങളുണ്ട്. ഈ ആഭാടങ്ങളുടെയെല്ലാം നടുവിൽ എണ്ണവററിയ ദീപംപോലെ അവളുടെ ഹൃദയം പട്ടുതിരിയായി കത്തിക്കൊണ്ടിരുന്നു. പക്ഷെ അതു പൊലിഞ്ഞില്ല. നിഷ്ഠുരമായ വിധിക്കുപോലും ഒടുവിൽ മനസ്സലിഞ്ഞു. അവളിൽ കരുണ തോന്നി. ഉവ്വശിശാപമെന്നപോലെ ആ കലാപം അവളെ അനുഗ്രഹിച്ചു. പണവും പ്രതാപവുമെല്ലാം അസ്തമിച്ച അവളുടെ ഭർത്താവിന്നു ദുർഗ്ഗുണങ്ങൾമാത്രം ശേഷിപ്പായി. അതുംകൊണ്ട് അയാൾ നാട്ടുകടന്നു. അധികം നരകിക്കാതെ ആ ദുഷിച്ച ജീവൻ കാലയവനികക്കുള്ളിൽ മറയുകയും ചെയ്തു. അതോടെ മാധവിയുടെ ജീവിതത്തിൽ ഒരു പുതിയ അദ്ധ്യായം തുറന്നു. എളിമയുടേയും ശാന്തിയുടേയും ഒരു പാവനാദ്ധ്യായം.

* * * *

ഉണ്ണൂലി മാധവിയെ വീട്ടിലേയ്ക്കു ക്ഷണിച്ചു. ക്ഷണിക്കുകയല്ല ചെല്ലണമെന്നു നിബ്ബന്ധിക്കുകതന്നെ ചെയ്തു. മാധവി ആദ്യമൊന്നു മടിച്ചു. പക്ഷെ ഒടുവിൽ നിബ്ബന്ധത്തിന്നും ആന്തരമായ ഔത്സുക്യത്തിന്നും വഴങ്ങിക്കൊടുത്തു.

രമണീയവും ഐശ്വര്യപൂണ്ണവുമായ ഒരു കൃഷിസ്ഥലത്തിൻെറ നടുവിൽ ചെറുതെങ്കിലും നവീനരീതിയിൽ പണിതിട്ടുള്ള ഒരു വീട്ടിലാണ് അവർ കയറിച്ചെന്നത്. നാമത്തിൽ മാത്രമല്ല കാര്യത്തിലും ഉണ്ണൂലി അവിടുത്തെ ഗൃഹനായികതന്നെയായിരുന്നു. അവളുടെ ഭർത്താവ് അവളെ സദാ ആദരിച്ചുകൊണ്ടാണ്. തനിയ്ക്കു് അമൂല്യമായ ഒരു നിധികിട്ടിയ കൃതജ്ഞതാഭാവത്തോടെയാ

ണ്് അയാളുടെ പെരുമാററം മുഴുവൻ. സവ്വകാര്യവും ഉണ്ണൂലിയോടു ചോദിച്ചേ ചെയ്യൂ. അവരുടെ ആ നിഷ്കളങ്കപ്രണയം ഇന്നും മധുവിധുകാലത്തെ ആ പുതുമയോടെതന്നെ തുടരുന്നു. ചിത്രയുടെ അനുജനുണ്ട്് ഒരു കുട്ടിഭീമനായി അവിടെ തകൎത്തുനടക്കുന്നു. കണ്ണും മനവും കുളുൎപ്പിക്കുന്ന ഈ കാഴ്ചകാംകണ്ടു മാധവി ദീൎഘമായി ഒന്ന്് നിശ്വസിച്ചു. 'ഭാഗ്യവതി' എന്ന്് അവാം അറിയാതെ തന്നെ ഉച്ചരിച്ചുപോയി. പക്ഷെ ലേശവും അസൂയാകലുഷിത മായിരുന്നില്ല ആ സ്വരം. ഉണ്ണൂലിയുടെ ഒരു സ്വന്തം സഹോദ രിയെപ്പോലെ അവളെ അതാഹ്ലാദിപ്പിച്ചു.

കലാപത്തിൻെറ വരവിനെ അവാം ആശങ്കയോടെ ഉററു നോക്കിയിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇന്നവാംക്ക്് തെളി ഞ്ഞു കാണാറായി, എത്രയെത്ര കുടിലുകളിൽ അത്് സൌഖ്യത്തി ൻെറ ദീപശിഖ കൊളുത്തിയിരിക്കുന്നുവെന്ന്്. കടിഞ്ഞാൺ വിട്ടു ഭ്രാന്തൻ കുതിരയെപ്പോലെ പാഞ്ഞതായിരുന്നില്ല സമുദായം. ആ കരുണാവാരിധിയുടെ ശക്തി അതിലും അവാം തെളിഞ്ഞു കണ്ടു.

3-7-'47

# പിരിച്ചുവിട്ട പട്ടാളക്കാരൻ

ചളിയൂറിത്തെളിഞ്ഞ വെള്ളംപോലെ ഗ്രാമീണജീവിതം അതിൻെറ ഉപരിതലശാന്തിയിൽ മയങ്ങിക്കിടക്കുന്ന കാലം. വിപ്ലവശക്തികൾ ആ ചളിയേ കുത്തിയിളക്കുവാനാരംഭിച്ചിട്ടില്ല; സ്വാതന്ത്ര്യസൂര്യൻ ആ പൊന്തിവന്ന മാലിന്യങ്ങളുമായി അടരാടുവാനും.

''ടക്—ടക്—ഛല്ം—ടക്—ടക്''

ഒരു കൊച്ചു കുടിലിൻെറ കോലായിൽനിന്ന് ഒരു കൈത്തറി സുമധുരമായി താളം പിടിയ്ക്കുകയാണ്. കുടിൽ കൊച്ചാണെങ്കിലും ചെററയല്ല. പരിസരങ്ങളിലുള്ള മററു കുടിലുകളെ അപേക്ഷിച്ച് ഐശ്വര്യം അവിടെ മെല്ലെ മെല്ലെ എത്തിനോക്കുവാൻ തുടങ്ങിയിട്ടുണ്ട്. മേൽപ്പുര ഇന്നും ഓലതന്നെ. പക്ഷെ ചുമർ കട്ടയല്ല, കല്ലാണ്. പൂട്ടും താക്കോലുമുള്ള കട്ടളകൾ പൂട്ടാനും സൂക്ഷിയ്ക്കാനും ചിലതായിത്തുടങ്ങിയെന്നു സൂചിപ്പിയ്ക്കുന്നു— അസമത്വത്തിൻെറ അങ്കുരം; മാത്സര്യത്തിൻേറയും. മുററത്തെ ചെറിയ തൊടിയിൽ പച്ചക്കറികൾ സുഭിക്ഷമായി നില്ക്കുന്നു. വള്ളികൾ മേൽപുരയ്ക്കു പടൎന്നു കണ്ണും മനവും കുളിപ്പിയ്ക്കുന്നു. ആകപ്പാടെ ശാന്തിയുടേയും സംതൃപ്തിയുടേയും ഒരു രംഗം.

ദീർഘകായനും ബലിഷ്ഠനുമായ ഒരു യുവാവ് തറിയടിച്ചുകൊണ്ടിരിയ്ക്കുന്നു. ഓടം ഓട്ടുന്ന താളത്തിൽ അവൻെറ കയ്യിലെ മാംസപേശികളും പൊങ്ങിയും താണും കളിയ്ക്കുന്നു. ഒത്ത ദേഹം, വിരിഞ്ഞ മാറ്, വാത്തെടുത്തപോലുള്ള അവയവങ്ങൾ, വെയിൽ കൊണ്ടു മാലീസിട്ട ഒരു ചൎമ്മം—അകൃത്രിമാഭമായ പുരുഷസൌന്ദര്യത്തിൻെറ ഇത്തരം മാതൃകകൾ, പ്രതിക്ഷണം മാഞ്ഞുപോയിക്കൊണ്ടിരിയ്ക്കുന്ന ഒരു പഴയ സംസ്കാരത്തിൻെറ അന്ത്യകണികകളായി അവിടവിടെ മാത്രം അവശേഷിയ്ക്കുന്നു. പാഴ്‌വിജ്ഞാനം കൊണ്ട് ഊതിവീർത്ത ഒരു തലയും ശുഷ്കിച്ചു ശോഷിച്ച കൈകാലുകളുമായ ഇന്നത്തെ തവളക്കുഞ്ഞുതലമുറ ഉടലെടുത്തതോടെ പുരുഷസൌന്ദര്യത്തിൻെറ മാനദണ്ഡം മീശയുടെ വടിവിലും, സൂട്ടിൻെറ ക്രീസിലും തൊലിയുടെ വിളർപ്പിലും തേപ്പിലും മിനുപ്പിലുമൊക്കെയായി സംക്രമിച്ചിരിയ്ക്കുന്നതും അത്ഭുതമല്ല.

തറിയുടെ താളത്തിനു ശ്രുതിമീട്ടിക്കൊണ്ട് ഒരു ചക്രം തിരിഞ്ഞുകൊണ്ടിരിയ്ക്കുന്നു. യൌവനയുക്തയായ ഒരു സ്ത്രീ—നെയ്ത്തുകാരൻെറ സഹധർമ്മിണി—കാൽ നീട്ടിയിരുന്നു നൂല്ക്കുകയാണ്. ആരോഗ്യമാണ് അവളുടെ അലങ്കാരം. കഴുത്തിൽ ഒരു കറുത്ത ചരടും പൊന്നേലസ്സും മാത്രം തൂങ്ങുന്നുണ്ട്—എത്തിനോക്കുന്ന ഐശ്വര്യദേവതയ്ക്കു സ്വാഗതം പറയുവാൻ. ആരേയോ പ്രതീക്ഷിയ്ക്കുംപോലെ ഇടക്കിടെ അവൾ പടിയ്ക്കലേയ്ക്കു കണ്ണോടിയ്ക്കുന്നുണ്ട്. പെട്ടെന്ന് അവളുടെ മുഖം വിരിഞ്ഞു. ഇരുന്നേടത്തുനിന്നും അവൾ എഴുന്നേററു.

അതോടെ ഏതാണ്ട് ആറു വയസ്സായ ഒരു കൊച്ചു മിടുക്കൻ കടമ്പുചാടി തൊടിയിൽ പ്രവേശിച്ചു. മുറിക്കാലുറ, കോളർഷട്ട്, പുസ്തകസ്സഞ്ചി—കുടിൽ പരിസരങ്ങൾക്കു ചേർന്നതായിരുന്നില്ല അവൻെറ ആ വേഷം. പക്ഷെ സ്കൂൾപഠിപ്പ് പൈതൃകമായ അവൻെറ ആരോഗ്യത്തെ കാർന്നുതിന്നുവാൻ തുടങ്ങിക്കഴിഞ്ഞിട്ടില്ല. കണ്ണുകളിലെ പ്രസരിപ്പു മങ്ങിക്കഴിഞ്ഞിട്ടില്ല. അമർത്തിവെച്ചു വിട്ട സ്പ്രിങ്ങുപോലെ ആ പ്രസരിപ്പ് ഇപ്പോൾ കിടന്ന് തുള്ളുകയാണ്. പടിയ്ക്കലേ നിന്നുതന്നെ എന്തെല്ലാമോ വിളിച്ചുപറഞ്ഞും കൊണ്ടാണ് അവൻ കയറി വന്നിരുന്നത്. കോലായിൽ കയറിയതും സഞ്ചിയും പുസ്തകങ്ങളും ഒരേറ്—ഒരു മൂലയ്ക്ക്. ഷട്ട് ഊരി മറെറാരു മൂലക്കും. ഒരു വിഷയത്തിൽനിന്നു മറെറാരു വിഷയത്തിലേക്കു എടുത്തു ചാടിക്കൊണ്ട് ആ വാക്പ്രവാഹം മുറിയാതെ പ്രവഹിയ്ക്കുന്നുണ്ട്. "ഞങ്ങൾക്കിനി ബുധനാഴ്ചയേ സ്കൂളുള്ളു. ശനി, ഞായർ, തിങ്കൾ, ചൊവ്വ—നാലു ദിവസം ഹോളീഡേ—കുട്ടപ്പനെ ഇന്ന് ഹെഡ്മാസ്റ്റര് എല്ലാവരുടേയും മുമ്പിൽ വെച്ചടിച്ചു. ഓരോ കയ്യിലും എട്ടെട്ടടി. ണിം. ണിം. കിഴക്കേല് മാങ്ങ പറിയ്ക്കാൻ പോയിട്ട്. ഞാനും പുറപ്പെട്ടതായിരുന്നു. നാ അസ്സലാവേ്രുന്നു........അച്ഛാ എനിക്കൊരു അൺറൂൾഡ്എയിററിപേജ് വേണം........"ഒററക്കാലിമേൽ തുള്ളിച്ചാടിക്കൊണ്ടാണ് ഈ സംസാരമൊക്കെയും.

'കയ്യും കാലും കഴുകി വല്ലതും കഴിക്കാൻ നോക്ക്. എന്നിട്ടാവാം സംസാരം.' അമ്മയുടെ ഓമൽശാസനംകേട്ട് കയ്യിലെ ചളി കഴുകി—അല്ലാ കുതിത്ത്—രഘു കാപ്പികഴിയ്ക്കാനിരുന്നു. മകൻെറ സ്കൂൾപഠിപ്പോടെ രംഗപ്രവേശം ചെയ്തതാണ് കാപ്പിയും. വെള്ളക്കാരുടെ ഭാഷയല്ലെ. അതു വെറുതെ അങ്ങിനെ തലയിൽ

കയറുമോ? ഇങ്ങിനെ ചിലതു ചെല്ലാതെ.

കാപ്പികുടിയ്ക്കാനിരുന്നതേയുള്ളൂ; അപ്പോഴേക്കും, എന്തോ ഓർമ്മവന്നതുപോലെ രഘു ചാടിയെഴുന്നേററു, 'അച്ഛാ! ഞങ്ങടെ ഇംഗ്ലീഷുപുസ്തകം കിട്ടി.' പുസ്തകം പെറുക്കിയെടുത്ത് അവൻ അച്ഛൻെറ അരികിലേയ്ക്കോടി. അച്ഛൻെറ ഒപ്പം തറിപ്പടിയിന്മേൽ കയറി ഇരുന്നു. പുസ്തകം നിവർത്തി അച്ഛൻ കാണത്തക്കവണ്ണം വായന തുടങ്ങി. 'ബി. എ. ടി. ബാററ് കടവാതിൽ, സി. എ. ടി. കേററ് പൂച്ച.''

''ഇതെന്താമോനേ, വായിയ്ക്കൂ.'' മറെറാരു പാഠംചൂണ്ടി അച്ഛൻ കൌതുകത്തോടെ ചോദിച്ചു. ''അവിടെ എത്തീട്ടില്ല. രണ്ടു ലസ്സനേ ആയിട്ടുള്ളൂ.''

അച്ഛൻെറ മുഖം അഭിമാനത്താൽ തുടുത്തു. കണ്ണിൽ അശ്രുകണങ്ങൾ തുളുമ്പിനിന്നു. ഒരെഴുത്തെഴുതാറാവണം—തൻെറ ജീവിതത്തിലെ ഒരു വലിയ മോഹമായിരുന്നു അത്—പക്ഷെ, 'വേലു' എന്നെഴുതി ഒപ്പിടാറായതോടെ തൻെറഅക്ഷരപരിജ്ഞാനം അവസാനിച്ചു. തൻെറ മകൻെറ മുമ്പിൽ തിളങ്ങിക്കിടക്കുന്ന ആ സുവർണ്ണപന്ഥാവിലെ പല മോഹനരംഗങ്ങളും വേലുവിൻെറ ഭാവനയിൽ വന്നുനിന്നു: അതോടെ അസുഖകരമായ മറെറാരു ചിന്തയും. തൻെറ മുമ്പിൽകിടക്കുന്ന ആ തറിയിൽ ആ കണ്ണുകൾ പതിഞ്ഞു. തൻെറ സ്ഥാനത്ത്, തനിയ്ക്കു വയ്യാതായാൽ, ആർ വന്നിരിയ്ക്കും?. ആ തറി അനാഥയാവുമോ? പരസ്വമാവുമോ? ആ തറിയും തനിക്ക് ഏററവും പ്രിയപ്പെട്ടതായിരുന്നു.

''മോൻ വലിയ ആളായാൽ അച്ഛനെ മറക്ക്വോ''? അച്ഛൻെറ ആ ചോദ്യംകേട്ടു രഘു ഒരു നിമിഷനേരം ആ മുഖത്തു തന്നെ ഉററുനോക്കി. പെട്ടെന്നുണ്ടായ ഒരു വികാരാവേശത്തിനു വശഗനായി മകൻ അച്ഛൻെറ കഴുത്തിൽ കെട്ടിപ്പിടിച്ചു. അച്ഛൻ മകനേയും. ആ പൂങ്കവിളും പരുത്ത മുഖവും കൂട്ടിയുരസി. പല ആശകളും ആ കൊച്ചുമനസ്സിലും കുരുത്തിരിക്കണം.

'ദാ, ഇതൊക്കെതണുത്തുതുടങ്ങിയല്ലോ.' എന്നുള്ള അടുക്കളക്കെട്ടിലെ ആവലാതി അവരെ ആ സുഖസുഷുപ്തിയിൽനിന്നും ഉണർത്തി.

*　　*　　*　　*

ഒരു കാൽനൂററാണ്ടിനുശേഷം വേലുവിൻെറ കുടിൽ ഇന്നു കണ്ടാലറിയില്ല. അത്രകണ്ടു അതു മാറിയിരിക്കുന്നു. തറിയുടെ ശബ്ദം എന്നോ നിലച്ചുകഴിഞ്ഞു. മുററത്തെ പച്ചക്കറിത്തോട്ടം ഇന്നൊരു പൂന്തോട്ടമാണ്. മേൽക്കൂട് ഓടായി. ഉമ്മറത്തെ കോലായ ഒരു 'ഫാഷണബിൾഡ്രായിങ്ങ്‌റൂമായും മാറിയിരിക്കുന്നു.' കസേരകൾ, എമ്പ്രോയിഡറിചെയ്ത കുഷീൻകൾ, ടീപ്പോയി, ഫ്ലവർവേസ് അങ്ങിനെ എണ്ണങ്ങൾ മിക്കതും ഒത്തിട്ടുണ്ട്. മുറിയുടെ ഒരു മൂക്കിൽനിന്നു ഗ്രാമഫോൺ ഒരു ഹിന്ദിപ്പാട്ട് മൂളികൊണ്ടിരിക്കുന്നു.

കയറിച്ചെല്ലുന്നതിനെതിരെ പട്ടാളവേഷത്തിലുള്ള ഒരു യുവാവിൻെറ ചിത്രം തൂക്കിയിട്ടുണ്ട്. ചുവട്ടിൽ അതേവേഷം ധരിച്ച ഒരു ചെറിയകുട്ടി—ആ ചിത്രത്തിൻെറ ഒരു കൊച്ചുപതിപ്പ്—കളിച്ചുകൊണ്ടിരിക്കുന്നു. പെട്ടെന്നു തപാൽശിപായി അവിടെ കയറിച്ചെന്നു. കളിയിൽനിന്നു കണ്ണെടുക്കാതെ കുട്ടി 'അമ്മേ' എന്നൊന്നു വിളിച്ചു. അടുത്ത ക്ഷണം വാതില്ക്കലെ കട്ടൻ നീങ്ങി. ഒരു യുവതി ആ മുറിയിൽ പ്രവേശിച്ചു. ആ കുടിലിൽ ആ രൂപം ആദ്യമായിക്കാണുന്ന ആരും ഒന്നുഞെട്ടും. കുടിലും ആ പുതിയ തരം ഡ്രായിങ്ങ്‌റൂമുമായിത്തന്നെയുണ്ട് ഒരു പൊരുത്തമില്ലായ്മ. പക്ഷെ അതു സാരമില്ല, ആ യുവതിയും ആ പരിസരങ്ങളുമായുള്ള അന്തരം നോക്കുമ്പോൾ.

ചേററിൽനിന്നു കിളിത്തതാവാൻ വഴിയില്ലാ ആ പുഷ്പം. അതത്രയ്ക്കും ലോലമാണ്. ഉയൎന്ന ഏതോ വൃക്ഷത്തിൽനിന്ന്, മൃദുലയായ ഏതോ ലതയിൽനിന്നു കാററടിച്ചുവീഴ്ത്തി ഇവിടെയെത്തിച്ചതാവാനേ വഴിയുള്ളു.

അന്തസ്സു കലൎന്നതാണ് ആ സൌന്ദര്യം. അവളുടെ ഓരോ ചേഷ്ടയിലുമുണ്ട് ഒരു ലാളിത്യം, ഒരോമനത്തം. പക്ഷെ ഇതൊന്നുമല്ല, ആ മുഖത്തെ ഭാവരസമാണ് ആ രൂപത്തിൽ നമ്മേ ഏററവും ആകൎഷിക്കുന്നത്. ഇപ്പോൾ അവൾ ഉൽക്കണ്ഠാകുലയാണ്. പക്ഷെ അതൊരു താല്ക്കാലികഭാവം മാത്രമാണ്. സംതൃപ്തിയും ആനന്ദവുമാണ് ആ മുഖത്തെ സ്ഥായിയായഭാവം. പക്ഷെ ഇതിൻെറ പിറകിൽ വിഷാദത്തിൻെറ ഒരു മങ്ങിയ പാശ്ചാത്തലമുണ്ടോ എന്നു നാമൊന്നു സംശയിക്കും. ഉപ്പിൻെറ ലാഞ്ഛനതട്ടിയ മധുരംപോലെ. പുതിയ പരിസരങ്ങളുമായി ഇണങ്ങിക്കഴിഞ്ഞു അവളുടെ ദേഹം എന്നു പറഞ്ഞുകൂടാ. പക്ഷെ അവളുടെ മനസ്സ് അതെല്ലാ

മായി ഇണങ്ങിക്കഴിഞ്ഞുവെന്ന് ആ മുഖം വിളിച്ചുപറയുന്നുണ്ട്. പശ്ചാത്താപത്തിന്റെ ഒരു നേരിയ നിഴൽ പിറകിലെങ്ങോ തങ്ങിനില്ക്കുന്നുണ്ടാവാം. പക്ഷെ അതിനെ അകററിനിൎത്തുന്ന ദീപ്തിമത്തായ ഒരു നാളം അവളുടെ ഹൃദയത്തിൽ ജ്വലിച്ചുകൊണ്ടിരിക്കുന്നുണ്ട്. ദിവ്യവും പരിശുദ്ധവുമായ ഒരു ദീപ്തി, അതവളുടെ മുഖത്തു പരത്തുന്നു. വെള്ളയാണ് അവൾ അണിഞ്ഞിട്ടുള്ളത്; ആഭാടരഹിതമാണ് അവളുടെ ഭൂഷ—രണ്ടും അവളുടെ നൈൎമ്മല്യത്തിന്നു മാററു കൂട്ടുന്നു.

അവൾക്ക് ഒരു മണിയോഡർവണ്ടായിരുന്നു. ഒപ്പിട്ട് പണം മേടിക്കുമ്പോൾ അവളുടെ കൈകൾ വിറച്ചുകൊണ്ടിരുന്നു. കണ്ണിൽ വെള്ളംനിറഞ്ഞു. ആ പണത്തോട് അവൾക്ക് ഒരു വെറുപ്പുള്ളതുപോലെ കാണപ്പെട്ടു. തനിക്ക് ഏററവും അരുമയായ ജീവൻ മൃത്യുവക്ത്രത്തിന്റെ ചുററും പറന്നുകൊണ്ടിരിക്കുകയാണ്. തനിക്ക്‌വേണ്ടി, തന്റെ സ്വാൎത്ഥസുഖങ്ങൾക്കുവേണ്ടി, ആ ജീവൻ പണയപ്പെട്ടുത്തിയിരിക്കുന്നു. ആ ദുസ്സഹമായ യാഥാൎത്ഥ്യത്തിന്റെ അനുസ്മരണമാണ് ആ ഓരോ മണിയോഡറും. എങ്ങിനെ അവളതിനെ വെറുക്കാതിരിക്കും? കത്ത് വരാതിരുന്നാൽ ഒരു കത്തൽ; വന്നാൽ അത് പൊളിച്ച് വിവരമറിയുവോളവും. 'കമ്പി' എന്നു കേട്ടാൽമതി പാതിമൂൎച്ഛിക്കാൻ. ഈ അസിധാരാജീവിതം എന്നാണ് അവസാനിക്കുക?

*　　*　　*　　*

രംഗം വീണ്ടുംമാറി. യുദ്ധം അവസാനിച്ചു. പിടിയിലൊതുങ്ങുന്ന സമ്പാദ്യവും പിടിച്ചാലൊതുങ്ങാത്ത ധാരാളിത്തവുമായി രാഘു പട്ടാളത്തിൽനിന്നും തിരിച്ചെത്തി. ജോലിക്കുവേണ്ടി കുറേയെല്ലാം അലഞ്ഞുതിരിഞ്ഞു. ചില്ലറ ചിലതെല്ലാം കിട്ടാനുണ്ട്. പക്ഷെ പട്ടാളത്തിൽനിന്ന് നേടിവന്ന ആ പുതിയ 'മാന്യതാബോധം' ആ ചെറുജോലികൾ സ്വീകരിക്കുവാൻ സങ്കോചമുളവാക്കി. തന്റെ പുതിയ വ്യയശീലം, അങ്ങിനെ വല്ലതും സ്വീകരിച്ചതുകൊണ്ടായില്ല എന്നും വരുത്തി. തിരച്ചൽ തുടൻ്നു. കൊണ്ടുവന്ന പണമെല്ലാം എങ്ങിനേയോ എവിടേയോ ഒക്കെയായി ചോൎന്നുപോവാനും തുടങ്ങി.

വേലുവിന്റെ കുടിലിൽ വീണ്ടും മാററങ്ങൾ വന്നു. തറി ഇപ്പോഴും നിശ്ശബ്ദംതന്നെ, പക്ഷെ മറെറാരു താളം ആ സ്ഥാനം

പിടിച്ചിട്ടുണ്ട്. ഗ്ലാസിൽ സ്പൂണിട്ടിളക്കുന്ന 'കടകട' ശബ്ദം. ലീലയുടെ ഡ്രായിങ്ങ്റും ഇന്നൊരു ചായക്കടയാണ്. വാതിൽ മറഞ്ഞുനിന്നുകൊണ്ട് ആ സാദ്ധ്വിഭർത്താവിൻെറ പുതിയ പരിശ്രമത്തിലും സഹായിച്ചുപോന്നു. പുറത്ത്‌വന്ന് വിളമ്പലിൽ പങ്കെടുക്കുവാൻ രഘു അവളെ പലകുറി പ്രേരിപ്പിച്ചു. പക്ഷെ അത്രക്കും താഴാൻ അവഠം തയ്യാറായില്ല. തൻെറ സൌന്ദര്യത്തെ ചായക്കടയുടെ പരസ്യോപകരണമാക്കുകയെന്നത് അവഠംക്കു ദുസ്സഹമായിരുന്നു.

ചായക്കടെസ്സംരംഭവും പരാജയത്തിൽ കലാശിച്ചു. ചങ്ങാതിമാരില്ലാത്തതല്ല, അവർ ജാസ്തിയായതാണു ഇക്കുറി പൊളിയാൻ മുഖ്യ കാരണം. കടം പെരുകിത്തുടങ്ങി. പട്ടാളക്കുപ്പായങ്ങഠം, കമ്പിളികഠം, മേശ, കസേലതൊട്ട് ലീലയുടെ പണ്ടങ്ങഠംവരെ ഒന്നൊന്നായി പണയക്കടയിലേക്ക് യാത്രയായി—ഇങ്ങിനി വരാത്തയാത്ര. നീരസത്തിൻെറ നിഴൽപോലും സ്ഫുരിപ്പിക്കാതെ ആ മനസ്വിനി പണ്ടങ്ങഠം ഓരോന്നും രഘുവിനെ ഏല്പിച്ചു. മംഗല്യസൂത്രമായി ധരിച്ചിരുന്ന ലോക്കററും ചെയിനുമായി യാത്രപറയുന്ന ഘട്ടത്തിൽ മാത്രം ആ കണ്ണുകഠം ഒന്നുകലങ്ങി. ഒരു ചുടു നിശ്വാസം. അത്രമാത്രം. അനുസ്മരണങ്ങഠം ചുററിപ്പിടിച്ചതായിരുന്നു അവഠംക്കു ആ അമൂല്യരത്നം.

രഘു ഇതൊന്നും കാണാതെയല്ല. മനസ്സിലാവാതെയുമല്ല. പ്രിയയുടെ ഹൃദയനൈർമ്മല്യത്തിൻെറ മുമ്പിൽ തല കുനിയ്ക്കാതെയുമല്ല. പക്ഷെ അയാഠം എന്തുചെയ്യും? ലീല അടക്കിയിരുന്ന വേദനയിലും പതിന്മടങ്ങ് ശക്തിയേറിയതായിരുന്നു, തൻെറ ഹൃദയത്തിൽ ആ ഓരോ ഘട്ടത്തിലും ഉളവായനോവ്. പക്ഷെ —ക്രമേണ—വിധിവൈപരീത്യവുമായ ആ ഇടവിടാതെയുള്ള മാററൻസലിൽ ആ മൃദുലവികാരങ്ങഠംക്ക് കാഠിന്യമേററുതുടങ്ങി. ഐശ്വര്യത്തിൻെറ കുളുർമ്മയിൽ തഴക്കുന്ന ഉന്നതാദർശങ്ങളും ധാർമ്മികബോധവുമെല്ലാം ദാരിദ്ര്യത്തിൻെറ പൊരിവെയിലിൽ വാടിക്കരിയുന്നു. അതാണ് ലോകം. ദാരിദ്ര്യത്തിൻെറ അഗാധഗർത്തത്തിൽ വീണുഴലുന്നവക്കു സത്യത്തിൻേറയും ഈശ്വരൻേറയും വെളിച്ചം കാണുവാൻ പ്രയാസമാണ്. ഉള്ളോട്ടുതിരിയുന്നവക്കു, ഉള്ളിൽ തിരയുന്നവക്കു, ഏതു കൂരിരുളിലും വെളിച്ചം കണ്ടെത്തുവാൻ സാധിച്ചേക്കാം. പക്ഷെ അതിന് എത്ര കട്ടത്ത സാധനവേണം. അങ്ങിനെ ഒരു വഴിയുണ്ടെങ്കിൽ തന്നെ, സാധാരണ

ക്കാരനുള്ളതല്ല ആ വഴി. അമ്മയുടെ ഓരോ തല്ലുകൊള്ളുമ്പോഴും, കുട്ടികാം 'അമ്മേ,' 'അമ്മേ' എന്നു തന്നെവിളിച്ചു കരയുന്നു. അമ്മയുടെ പ്രകൃതംമാറി പുഞ്ചിരിതൂകി, ആഞ്ഞണഞ്ഞ് പുൽകി ഓമനിച്ച് ഉമ്മവെക്കുന്നതുവരെ മററെങ്ങും നോക്കാതെ അമ്മയേതന്നെ വിളിച്ചുകരയുന്നതാണ് ശിശുസ്വഭാവം. എന്നാൽ ആ ഒരു മനോഭാവത്തോടെ ജഗദംബയേ സമീപിക്കുന്നവർ വളരേ ചുരുക്കമാണ്. രഘു ആ കൂട്ടത്തിലായിരുന്നില്ലെങ്കിൽ അതൊട്ടും അസാധാരണമായിരുന്നില്ല.

അങ്ങിനെ സാമ്പത്തികമായ അധഃപതനത്തോടൊപ്പം രഘു ധാർമ്മികമായും പതിയ്ക്കുവാൻ തുടങ്ങി. രാത്രി എവിടെയെല്ലാമോ ചുററിത്തിരിയും. തരിമ്പും ബോധമില്ലാതെ ചില ദിവസം കുടിലിൽ കയറിവരും. ജീവിതത്തിലിന്നേവരേ അപ്രിയമായ ഒരു വാക്കുപോലും കേട്ടിട്ടില്ലാത്ത ലീലയുടെ കണ്ണുകാം അശ്ലീലങ്ങളും അസഭ്യങ്ങളുമായ അധിക്ഷേപങ്ങാം കേട്ട തഴമ്പിയ്ക്കുവാൻ തുടങ്ങി. തൻെറ ഓമനക്കുഞ്ഞിൻെറ—തങ്ങളുടെ സംയുക്ത ഹൃദയങ്ങളുടെ ഒരായിരം സ്വപ്നങ്ങളുടെ ആശാവല്ലരിയായി വളൻവന്ന ആ കുഞ്ഞിൻെറ—കോമളമേനിയിൽ പരുത്ത പാടുകാം വീഴുവാൻ തുടങ്ങി. എന്നിട്ടും, അവാം അതെല്ലാം സഹിച്ചു. ക്ഷമിച്ചു. അനുതാപത്തിന്നല്ലാതെ വിദ്വേഷത്തിന്ന് ആ സ്വച്ഛഹൃദയത്തിൽ സ്ഥാനമുണ്ടായിരുന്നില്ല. രഘുവിനെ പിഴച്ച വഴിയിൽനിന്നും പിന്തിരിപ്പിയ്ക്കുവാൻ അവാം ആവുന്നതും പരിശ്രമിച്ചു. കലിയിറങ്ങിയ അവസരങ്ങളിൽ പലപ്പോഴും അവളുടെ സ്നേഹമസൃണമായ വാക്കുകാം രഘുവിനെ ഇരുത്തി ചിന്തിപ്പിയ്ക്കും. 'ഇനി അങ്ങിനെ വരില്ല!' എന്നു ആ ഓരോ കുറിയും അയാാം മനസ്സാക്ഷിയോട് ശപഥം ചെയ്യും. പക്ഷെ എന്തു ഫലം? അത്തരം ഘട്ടങ്ങാം സുലഭമായിരുന്നില്ല. ദിവസം ചെല്ലുംതോറും കുറഞ്ഞുകുറഞ്ഞും വന്നു.

ഈ കാററും കോളുമെല്ലാം ആഞ്ഞടിച്ചിരുന്ന ഘട്ടങ്ങളിൽ പോലും അവളുടെ ഹൃദയത്തിലെ ആ പ്രേമനാളം അണയാതെ, പതറാതെ, ജ്വലിച്ചുകൊണ്ടിരുന്നു. അതൊന്നുമാത്രമായിരുന്നു അവളുടേയും രഘുവിൻേറയും ഇരുണ്ട ജീവിതത്തിൽ ഒളിവീശിക്കൊണ്ടിരുന്നത്. ഒടുവിൽ—ശപിയ്ക്കപ്പെട്ട ആ ദിവസം—ആ നാളവും പൊലിഞ്ഞു. താൻ കൊളുത്തിയ ആ ഭദ്രദീപം താൻ തന്നെ ഊതിക്കെടുത്തി. ത്യാഗത്തിൻേറയും സഹനശക്തിയുടേയും ചി

ഹനമാണ് സ്ത്രീത്വം. എത്ര കഠിനമായ പ്രേമപരീക്ഷകളേയും വെല്ലുവിളിച്ച് വിജയം വരിക്കുവാൻ സമർത്ഥങ്ങളായ സ്ത്രീഹൃദയങ്ങൾ ഉണ്ട്. പക്ഷെ അതിന്നുമുണ്ട് ഒരതിർത്തി. ആ അതിർത്തി രഘു അതിലംഘിച്ചു. ആ നാളം അണയുകയും ചെയ്തു.

ഒരു ദിവസം സന്ധ്യമയങ്ങിയിരിയ്ക്കുന്നു. വേറൊരാളേയും കൂട്ടി രഘു വീട്ടിൽ കയറിവന്നു. അയാളുമായി തനിയ്ക്കു വലിയ കടപ്പാടുണ്ടെന്നും അയാളെ മാന്യമായി സല്ക്കരിയ്ക്കേണ്ടതാവശ്യമാണെന്നും രഘു ലീലയെ ധരിപ്പിച്ചു. സല്ക്കരിയ്ക്കണമെന്നു പറഞ്ഞപ്പോൾ ഒരു പ്രത്യേക ഊന്ന് കൊടുത്തത് ലീലയുടെ കാതിൽപ്പെട്ടില്ല. ഊണ് തയ്യാറായി. ലീലതന്നെ എല്ലാം വിളമ്പിക്കൊടുക്കണമെന്ന് രഘു നിർബ്ബന്ധിച്ചു. മനമില്ലാമനസ്സോടെ ലീല ശാപ്യത്തിന്ന് വഴങ്ങിക്കൊടുത്തു. ആ മുറിയിൽ നില്ക്കുന്ന ഓരോ നിമിഷവും അവൾക്കു ദുസ്സഹമായ ഒരറപ്പും വെറുപ്പും തോന്നി. വിളമ്പിയതെന്തെന്നോ താൻ കഴിക്കുന്നതെന്തെന്നോ ഒന്നും ആ അതിഥി അറിയുന്നില്ല. ഓന്ത് ചോര കുടിയ്ക്കുംപോലെ ആ ലോലുപനേത്രങ്ങൾ ലീലയുടെ സൌന്ദര്യം നുകരുകയാണ്. വിളമ്പൽ കഴിഞ്ഞു ഒരു നിർവ്വതിയോടെ ലീല അകത്തേക്ക് മറഞ്ഞു. ഊണു കഴിഞ്ഞു കുറച്ചുനേരം രഘുവും അതിഥിയും സംസാരിച്ചുകൊണ്ടിരുന്നു. അതിനുശേഷം രഘു ലീലയേ പൂമുഖത്തേക്കു വിളിച്ചു. സഹജമല്ലാത്ത ഒരു നീരസഭാവത്തോടെ അവൾ പുറത്തേയ്ക്കു വന്നു. ആ സ്വച്ഛനേത്രങ്ങളുടെ നേരേ നോക്കുവാൻ രഘു ധൈര്യപ്പെട്ടില്ല. പറയേണ്ടത് എങ്ങിനെയാണ് പറയേണ്ടതെന്നറിയാതെ രഘു ഒന്നു പരുങ്ങി. ഒടുവിൽ അസ്പഷ്ടമായി അങ്ങുമിങ്ങും തൊടാതെ എന്തെല്ലാമോ അയാൾ പറഞ്ഞൊപ്പിച്ചു. ലീലയ്ക്ക് ആദ്യം കാര്യം മനസ്സിലായില്ല. ഒരു നിമിഷനേരം അവൾ അന്ധാളിച്ചുനിന്നു. രഘുവിൻേറയും അതിഥിയുടേയും മുഖത്ത് അവൾ മാറിമാറി നോക്കി. രഘുവിൻെറ പരുങ്ങൽ. അതിഥിയുടെ പച്ചച്ചിരി. പെട്ടെന്നു ഒരു ഇടിമിന്നൽപോലെ അതവളുടെ ബുദ്ധിയിലേയ്ക്കു ഓടി. അവൾ കാര്യം ഗ്രഹിച്ചു. എന്ത്? രഘുവോ തന്നോട് ഈ പറയുന്നതു? അവൾക്കത് വിശ്വസിയ്ക്കുവാൻ പ്രയാസമായിരുന്നു. അവളുടെ ഭാവം പകർന്നു. സദാ സൌമ്യയും ശാന്തയുമായ അവൾ ഉത്തരക്ഷണം ഒരു പ്രചണ്ഡചണ്ഡിയായി കാണപ്പെട്ടു. മാൻപേടയുടെ മുഖത്തുനിന്നു ഒരു സിംഹിണിയുടെ നോട്ടം പൊട്ടിപ്പുറപ്പെട്ടു. അതോടെ അതിഥിപോയ വഴിഅറിയില്ല. ഒരു കാരി കുത്തിയ

റക്കംപോലെ ആ നോട്ടം രഘുവിൻെറ ഹൃദയത്തിൽ ആണ്ടു തറച്ചു. തൻെറ സവ്വസ്വവും ചാമ്പലായി വീഴുന്നത് അയാഠം കണ്ടു. ഏതു് കാററിലും കോളിലും തൻെറ ജീവന് ഏകാവലംബമായി അവശേഷിച്ചിരുന്ന ആ അവസാനത്തെ പിടിവള്ളിയും. ജീവൻമാത്രം ബാക്കി. എന്തിനു് അതിനിവെച്ചുകൊണ്ടിരിക്കണം? ഒരു ഭ്രാന്തനേപ്പോലെ അയാഠം പുറത്തേയ്ക്കു ഓടി.

* * * *

വിജനമായ കടൽപ്പുറം. വിളറിയ നിലാവെളിച്ചം. കടലിലേക്കു തള്ളിനില്ക്കുന്ന ഒരു പാറക്കൂട്ടത്തിൻെറ മുകളിലിരുന്നു രഘു തൻെറ പുകയുന്ന തലയേ തണുപ്പിക്കുവാൻ വൃഥാ ശ്രമിക്കുകയാണ്.

ഒരു നൂറു ചിത്രങ്ങഠം അയാളുടെ മുന്നിൽവന്നുനിന്നു. ഒരുകാലത്തു് എത്രയോ അരുമയായിരുന്നതും ഇപ്പോഠം മമ്മഭേദകവുമായ ചിത്രങ്ങഠം. കോളേജിൽ പഠിക്കുന്ന ലീല. അവരുടെ ആദ്യത്തെ ആ കണ്ണിടയൽ; അനർഘമായ ആ വൈദ്യുതനിമിഷം. പ്രേമലേഖനങ്ങഠം, പ്രഥമസമാഗമം; ആ കോരിത്തരിപ്പു്. ഓമനിച്ചു് വളത്തിയ അച്ഛനമ്മമാരുമായ ബന്ധം വേരറുത്തു് ധനവും പ്രതാപവും ജാതിയും കുലവും എല്ലാം ഉപേക്ഷിച്ചു് സമുദായത്തിൻെറ അടിത്തട്ടിലേക്കിറങ്ങിവന്ന ധീരവനിത. പ്രേമപീഠത്തിൻെറ മുമ്പിൽ തൻെറ ഒരായിരം സുഖങ്ങളെ ബലിയപ്പിച്ച ത്യാഗമൂത്തി. എത്ര വേഗമാണു് പുതിയ ജീവിതവുമായി അവഠം ഇണങ്ങാൻ പഠിച്ചതു്. എഴുതാനും വായിക്കാനുമറിയാത്ത പട്ടപണിക്കാരായ തൻെറ അച്ഛനമ്മമാരെ എത്ര ആദരവോടെയാണു അവഠം നോക്കിയിരുന്നതു്. താൻതന്നെ അവരെ മാനിക്കാൻ പഠിച്ചതു്. അവഠംവഴിയാണു്....
........യുദ്ധരംഗത്തിലേക്കു് അവളയച്ചുകൊണ്ടിരുന്ന പ്രേമസമ്പൂണ്ണമായ, അവളുടെ നിമ്മലാത്മാവിനെ പ്രതിഫലിപ്പിക്കുന്ന, ദീർഘലേഖനങ്ങഠം. എത്രകുറിയാണു് മതിവരാതെ ആ കത്തുകഠം പേത്തുംപേത്തും താൻ വായിക്കാറുള്ളതു........തൻെറ ഓമനമകൻ. അയ്യോ! അവൻെറ ഭാവിയെക്കുറിച്ചു് എന്തെല്ലാം പ്ലാൻ തങ്ങഠം വരച്ചുകൊണ്ടിരുന്നു........പുകയുന്ന ആ തല തല്ലിത്തകക്കുവാനയാഠംക്കുതോന്നി. വേദന സഹിക്കവെയ്യാതെ തലമുടിയുടെ ഇഴകഠം പിടിച്ചു് ഇഴുത്തു.

ഒരു പൈശാചികപുഞ്ചിരിയോടെ അലകഠം അയാളെ മാടിവിളിക്കുന്നു. ഇരയെ ഗ്രസിക്കുവാൻ കൊതിയോടെ നാക്കുകഠം

മേലോട്ടുനീട്ടിക്കൊണ്ട് കടൽ, പാറയുടെ പുറവം അടിക്കുന്നു. ലക്ഷോപലക്ഷം പ്രാണികളുടെ ദീനരോദനംപോലെ കടലിന്റെ അകത്തുനിന്ന് ഇരമ്പൽ കേൾക്കുന്നു. സാഹസികമായ ഒരു നോട്ടം ആ മുഖത്തു പ്രത്യക്ഷപ്പെട്ടുതുടങ്ങി. അയാൾ എഴുന്നേററ് രണ്ടടിമുന്നോട്ടുവെച്ചു. പെട്ടെന്നു എന്തൊ ഒരു ശക്തി അയാളെ പിറകോട്ടുവലിച്ചു. കരയിൽ അകലെനിന്ന് അസ്പഷ്ടമായ ഒരു ശബ്ദം അയാളുടെ കാതിൽവന്നലച്ചു. അത് ആവർത്തിച്ചുകൊണ്ടിരിക്കുന്നു. അയാൾ ആ ശബ്ദം കേട്ടിടത്തേക്കു നടന്നു. ശബ്ദം അധികമധികം തെളിഞ്ഞു തുടങ്ങി. 'ഇൻ-കിലാബ്-സിന്ദാബാദ്. ഇൻ-കിലാബ്-സിന്ദാബാദ്.' ചുകന്നകൊടിയുംപിടിച്ചു മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ട് ചില എല്ലിൻകോലങ്ങൾ മാർച്ചുചെയ്യുകയാണ്. കണ്ണിന്നും കരളിന്നുമല്ലാതെ മറെറാരു ചൊടിയും ചുണയുമില്ലാത്ത, താളംപിഴച്ച, ആ മാർച്ചുകൾ പട്ടാളത്തിൽനിന്നു വന്ന തനിക്കു പരിഹാസ്യമായേ തോന്നാറുള്ളു. എന്നാൽ ഇന്നു അങ്ങിനെയല്ല. മനോഹരമായ ഒരു പുതിയ താളം അതിലുള്ളതായി അനുഭവപ്പെട്ടു. മനസ്സിന്റെ താളം. ഹൃദയത്തിന്റെ താളം. ഞെരമ്പുമിടിപ്പിന്റെ താളം. നിരർത്ഥകമായ ആ മുദ്രാവാക്യങ്ങൾക്ക് ഒരു പുതിയ അർത്ഥമുള്ളതായും അയാൾക്കു തോന്നി. മെലിഞ്ഞു വളഞ്ഞ ആ ശരീരങ്ങൾ സമുദായത്തോടുള്ള അത്രയും ചോദ്യചിഹ്നങ്ങളായി കാണപ്പെട്ടു. കൺമറയുവോളം ആ ജാഥയെ അയാൾ നോക്കിനിന്നു. ഒരു പുതുരക്തം തന്റെ സിരകളിലേക്ക് പകരുന്നതായി അയാൾക്കു തോന്നി; ഒരു പുതുചൈതന്യം തന്റെ ഞെരമ്പുകളെ പുനർജ്ജീവിപ്പിക്കുന്നതായും. 'താൻ അപരാധിയല്ല; താനല്ല അപരാധി. തന്നെ ഇവിടെയെത്തിച്ച വ്യവസ്ഥകളാണ്''. ഒരു ദൃഢനിശ്ചയം ആ മുഖത്ത് കുരുത്തു. അമർത്തിയചുണ്ടോടെ, പതറാത്ത ചുവടോടെ അയാൾ മുന്നോട്ടുനടന്നു. ആ വെളിച്ചത്തിലേക്കു്. നിബിഡാന്ധകാരം തന്നെ മിഴുങ്ങിമിഴുങ്ങിയില്ലെന്നഘട്ടത്തിൽ പെട്ടെന്നു തന്റെമുമ്പിൽ പ്രത്യക്ഷപ്പെട്ട വെളിച്ചത്തിലേക്ക്.

* * * *

പിറേറന്നു ലീലയ്ക്കു രഘുവിന്റെ ഒരെഴുത്തു കിട്ടി.

''ദേവി! എനിക്കു മാപ്പു തരൂ. വീണ്ടും തലയുയർത്തി ദേവിയെ നോക്കാറാകുന്ന ഒരു ഘട്ടത്തിൽ ഞാൻ വന്നുകണ്ടുകൊള്ളാം.

കുഞ്ഞിന്—നമ്മുടെകുഞ്ഞിന്ന്, അനർഹനായ ഒരു പിതാവിൻെറ, തകരുന്ന ഒരു പിതൃഹൃദയത്തിൻെറ, ഉള്ളഴിഞ്ഞ ആശിസ്സ്.''

മാനക്ഷതമേററ് ശിഥിലീഭവിച്ച ലീലയുടെ ഹൃദയം പശ്ചാത്താപത്തിൻെറ ചൂളയിൽ ഉരുകുവാൻ തുടങ്ങി. ഇത്രയും അവൾ കരുതിയിരുന്നില്ല. രഘു തിരിച്ചുവരുമെന്നായിരുന്നു അവളുടെ പ്രതീക്ഷ. രഘുവിൻെറ അപരാധം അവൾ പൊറുത്തുകഴിഞ്ഞിരുന്നു. കലിബാധിതനായ രഘുവിനെ വീണ്ടെടുക്കുവാൻ സാധിയ്ക്കുമെന്നു തന്നെ അവൾ ആശിച്ചുകൊണ്ടിരുന്നു. പ്രേമത്തിൻെറ ശക്തിയിലും ഈശ്വരകാരുണ്യത്തിലും അവൾക്കു വിശ്വാസമററിരുന്നില്ല. പക്ഷെ തനിയ്ക്കതിന്ന് അവസരം ലഭിച്ചില്ല. അതിന്നുമുമ്പു രഘു—തൻെറ ജീവിതസർവ്വസ്വമായ രഘു—തൻെറ ജീവിതത്തിൽനിന്നും മറഞ്ഞുകഴിഞ്ഞു. ഇനി തങ്ങൾ കാണുന്നതെന്ന്?

*　　　*　　　*　　　*

രഘുവിൻെറ അജ്ഞാതവാസം തുടങ്ങി അധികകാലമായിട്ടില്ല. ഒരു ദിവസം ഒരു കുട്ടി വേലുവിൻെറ കുടിലിൻെറ മുമ്പിൽ നിന്നു പരുങ്ങുന്നു. ലീല പുറത്തു വന്നു എന്താ വേണ്ടതെന്നു ചോദിച്ചു. കുട്ടി വസ്ത്രത്തലപ്പിൽ ഭദ്രമായിക്കെട്ടിയിരുന്ന ഒരു കുറിപ്പ് എടുത്തു ലീലയുടെ കയ്യിൽ കൊടുത്തു. രഘുവിൻെറ കൈപ്പട കണ്ട ലീല ആർത്തിയോടെ വായിച്ചു. താൻ കിടപ്പിലാണെന്നും, ഒളിവിലാണെന്നും, തനിയ്ക്കു ദേവിയെ അടിയന്തരമായി കാണണമെന്നും കുട്ടി വഴികാണിച്ചു തരുമെന്നും സംശയം ജനിപ്പിയ്ക്കാതെ സൂക്ഷിച്ചുവരണമെന്നുമായിരുന്നു കുറിപ്പിൻെറ സാരം. അവൾ ഒട്ടും സംശയിച്ചില്ല. ബദ്ധപ്പെട്ടു കുട്ടിയെ അനുഗമിച്ചു. രഘുവിൻെറ അജ്ഞാതവാസത്തെക്കുറിച്ചു പല അപൂർണ്ണവിവരങ്ങളും അവൾ കുട്ടിയുടെ വായിൽനിന്നു തോണ്ടിയെടുത്തു. പക്ഷെ അവന്നറിയാമായിരുന്നത് നന്നേ കുറച്ചായിരുന്നു. അവർ വണ്ടികയറി അവൾക്കു തീരെ അപരിചിതമായ ഒരു സ്റ്റേഷനിലിറങ്ങി. ഊടുവഴിയിലൂടേയും കാട്ടുവഴിയിലൂടേയും കുറേ നടന്നു. ഒടുവിൽ വിജനമായ ഒരു സ്ഥലത്തെത്തി. കുടിൽപോലെ ഒന്ന് അവിടെ കെട്ടിയുണ്ടാക്കീട്ടുണ്ട്. രഘു അതിന്നകത്തു തളർന്നു കിടക്കുകയാണ്. നെററി മുക്കാലും മറച്ചുകൊണ്ടു തലയിൽ വലിയ ഒരു കെട്ടുണ്ട്. അനവധി ചുററുകളെ ഭേദിച്ചു കെട്ടിൻെറ പുറത്തുമെത്തിയിട്ടുണ്ടു ചോരയുടെ പാട്. ദേഹത്തിൽ മററു പല സ്ഥലങ്ങ

ളിലും കെട്ടുകളുണ്ട്. അടുത്തുള്ള ഒരു പാത്രത്തിൽ ചോര തുപ്പിയിരിക്കുന്നു.

'ചതിച്ചു' എന്ന് നിലവിളിച്ചുകൊണ്ടു ലീല ആ വക്ഷസ്സിലേക്കു ചാഞ്ഞു. ഒരു നേർത്ത പുഞ്ചിരി രഘുവിൻെറ ദീനവദനത്തിൽ പ്രത്യക്ഷമായി. അവളുടെ തലമുടി പ്രേമപൂർവ്വം തലോടിക്കൊണ്ട് ഇടറുന്ന സ്വരത്തിൽ രഘു പറഞ്ഞു:

"ദേവിയെ ഒരു നോക്കു കാണുവാൻ കഴിയുന്നതിനുമുമ്പു പ്രാണൻ പോയേക്കുമോ എന്നു ഞാൻ ഭയപ്പെട്ടു. ഭീഷ്മർ ശരശയനത്തിൽ കിടന്നപോലെ കിടക്കുകയായിരുന്നു." അവളുടെ തല പിടിച്ചുയർത്തി ആ മുഖത്തു നോക്കിക്കൊണ്ട്: "ദേവി! എനി എനിക്കു മാപ്പു തരരുതേ?"

"അയ്യോ, മാപ്പു ചോദിക്കേണ്ടതു ഞാനല്ലേ? ഞാനെത്ര നിഷ്ഠുരഹൃദയയായിപ്പോയി. കഷ്ടം. എന്തിനീ സാഹസത്തിന്നു പോയി. ഇതുകൊണ്ട് ആൎക്ക് എന്തൊരു പ്രയോജനം? എന്നെയും കുഞ്ഞിനേയും അല്പമെങ്കിലും ഓർത്തിരുന്നെങ്കിൽ, ജീവനെ —ഞങ്ങളുടേയുമായ ഈ ജീവനെ—വെറുതെ ഇങ്ങനെ വലിച്ചെറിയുമായിരുന്നോ?"

"വെറുതെയോ? ഒരിക്കലുമല്ല. ആത്മാർത്ഥമായ ത്യാഗം ഒരിക്കലും വെറുതെയാവില്ല. ഞാനും എൻെറ മററനേകം കൂട്ടുപ്പിറവികളും ചിന്തിയ ഈ രക്തമൊന്നും ഒരിക്കലും പാഴാകില്ല." ഭാസുരമായ എന്തോ മുന്നിൽ കണ്ടുകൊണ്ടെന്നപോലെ രഘു തുടൎന്നു: "ഒരു പൊൻപുലരി വരാൻ അടുത്തിരിക്കുന്നു. സ്വാതന്ത്ര്യത്തിൻെറ പൊൻപുലരി. നാമമാത്രവും കാമ്പററതുമായ ഒരു സ്വാതന്ത്ര്യമല്ല. ചൈതന്യദായകമായ ഒരു സ്വാതന്ത്ര്യം. ചിലൎക്കുമാത്രമല്ല ഏതു പാവപ്പെട്ടവനുമുള്ള ഒരു സ്വാതന്ത്ര്യം...........ഞാൻ നേടിയ സ്വാതന്ത്ര്യം. എൻെറ കുഞ്ഞ്, ആ സ്വാതന്ത്ര്യത്തിൻെറ കാററും വെളിച്ചവും തട്ടി വളൎന്നു വികസിക്കും. അവനഭിമാനിക്കാം, ആ സ്വാതന്ത്ര്യത്തിൻെറ അടിക്കല്ലിൽ അവൻെറ അച്ഛൻെറ രക്തവും കലൎന്നിട്ടുണ്ടെന്ന്........ഞാൻ ഒരു പട്ടാളക്കാരനായിരുന്നു. ഇന്നേ ഞാനൊരു പടയാളിയായുള്ളൂ." മുഖം തൻെറ മാറിൽ താഴ്ത്തി തേങ്ങിത്തേങ്ങി കരഞ്ഞുകൊണ്ടിരിക്കുന്ന ലീലയുടെ മുഖം വീണ്ടും പിടിച്ചുയർത്തി: "ദേവി! എൻെറ— ആ—അപരാധം. ഞാനതു കഴുകിക്കളഞ്ഞിരിക്കുന്നു. എൻെറ

രക്തംകൊണ്ട്. എനി എനിയ്ക്കു മാപ്പു തരൂ. ഞാൻ ആശ്വാസത്തോടെ മരിയ്ക്കട്ടെ'' ലീല ആ നെററിയിൽ—കെട്ടു മറയ്ക്കാത്ത ആ സ്വല്പഭാഗത്ത്—വീണ്ടും വീണ്ടും ചുംബിച്ചു. ''സാഹസമൊന്നും കാണിയ്ക്കരുത്. കുഞ്ഞിന്നുവേണ്ടി നീ ജീവിയ്ക്കണം'' അതു പറഞ്ഞുകൊണ്ടു ചാരിതാർത്ഥ്യത്തോടെ ആ കണ്ണുകളടഞ്ഞു.

* * * *

കൊല്ലം കുറേ കടന്നുപോയി. സാമൂഹ്യവ്യവസ്ഥയെ മാററിക്കശക്കിയ കൊല്ലങ്ങൾ. മണ്ണിനെ മറന്നു ശാഖോപശാഖകളായി മേലോട്ടുയൎന്നു മദിച്ചു തെളിഞ്ഞിരുന്ന അനേകം വൃക്ഷങ്ങളെ കടപുഴക്കി നിലംതള്ളിക്കൊണ്ട് ഒരു കൊടുങ്കാററ് ആഞ്ഞുവീശി. മണ്ണോടു പാറിപ്പിടിച്ചുനിന്ന ഒരു കൊച്ചുപുൽത്തകിടുപോലെ വേലുവിൻെറ കുടിൽ കാററിനെ അതിജീവിച്ച് ഇന്നും ആ സ്ഥാനത്തുനിൽപ്പുണ്ട്. പക്ഷെ അവിടെ വീണ്ടും മാററങ്ങൾ വന്നിരിക്കുന്നു. തറിയുടെ ശബ്ദം വീണ്ടും കേൾക്കാറായി. ചാരുകസേരയിൽ കിടന്ന് ഉറക്കം തൂങ്ങിയിരുന്ന തൻെറ അവീൻ ജീവിതത്തിൽനിന്ന് ഉണൎന്നെഴുന്നേററ് അരപ്പതോടടുത്ത വേലു വീണ്ടും തറിയുടെ മുമ്പിൽ സ്ഥലംപിടിച്ചു. പക്ഷെ പണ്ടത്തെ ആ പ്രസന്നത ആ മുഖത്ത് ഇന്നു കാണുന്നില്ല. അന്നത്തെ ആ ശുദ്ധാത്മാവുമല്ല ഇന്നയാൾ. പല പരിണാമച്ചുഴികളിലൂടെയും കടന്നുപോന്ന, പലതും കണ്ടും കേട്ടുമുള്ള ഒരു ലോകപരിചയവും വിവേകവും ആ മുഖത്തു പതിഞ്ഞിട്ടുണ്ട്.

ഏതാണ്ട് പത്തുവയസ്സുചെന്ന പേരപ്പുത്രൻ അമ്മയോടൊപ്പം മുത്തച്ഛനെ പാവിടുന്നതിലുംമററും സഹായിച്ചുകൊണ്ടിരിക്കുന്നു. അവനെ കാണുമ്പോൾമാത്രം വേലുവിൻെറ ആ വരണ്ട മുഖത്ത് ഒരു നേരിയ നീരോട്ടമുണ്ടാകും. അമൎത്തിപ്പിടിച്ച ആ ചുണ്ടുകൾ ഒരു പുഞ്ചിരിയിൽ അയയും. വിദൂരമായ ആ നോട്ടങ്ങൾ ചുററുപാടുകളിലേക്ക് ഇറങ്ങിവരും.

അവനും സ്കൂളിൽ പോകുന്നുണ്ട്. പക്ഷെ ഇന്ന് സ്കൂൾ വീടിൻെറ ഒരു തുടൎച്ചയാണ്; വീട് സ്കൂളിൻേറയും. തൊഴിലിൽനിന്നു പിടിച്ചുകയററി പാഴ്‌വിജ്ഞാനത്തിൻെറ ഉത്തുംഗശൃംഗങ്ങളിലേക്ക് ഉയൎത്തുവാനുള്ളതല്ല ഇന്ന് സ്കൂൾ; വിജ്ഞാനത്തിൻെറ വെളിച്ചത്തെ തൊഴിലിൻെറ ഇരുട്ടറകളിലേക്കു കൊണ്ടുവന്ന് ആ അടിത്തട്ട് ആകമാനം മേലോട്ടുയൎത്തുവാനുള്ളതാണ്. വീട്ടിലെ തറി

യും പച്ചക്കറിത്തോട്ടവുമെല്ലാം അവൻെറ ഇന്നത്തെ പുസ്തകങ്ങൾ തന്നെയാണ്. ആ തോട്ടത്തിലെ ഓരോ ചെടിയിലും തളിരിലു മെത്തും അവൻെറ കണ്ണ്. 'മുത്തച്ഛാ' "ഞങ്ങൾ സ്കൂളിൽ ഇങ്ങി നെയാണ് ചെയ്യാറുള്ളത്." എന്നിങ്ങിനെ ശാസ്ത്രത്തിൻെറ പല പുതുമകളും പാരമ്പര്യത്തിൻെറ ആ പഴമയിലേക്ക പകത്തും. സ്കൂൾപഠിപ്പ് അവനെ തളത്തി നിരുന്മേഷനാക്കുന്നുമില്ല. മറി ച്ച് പ്രസരിപ്പും ചൈതന്യവും ആ മുഖത്ത് അനുദിനം വദ്ധിച്ചു വരുന്നു. തലയോട്ടുമ്പോൾ കയ്യോടാതേയും കയ്യോട്ടുമ്പോൾ തല യോടാതെയുമുള്ള ആ പഴയ മട്ടുമാറി ബുദ്ധിയും കൈകാലുകളും ഇന്ന് ഒരുമിച്ചു താളത്തിൽ പ്രവൎത്തിക്കുന്നു. അങ്ങിനെ ഒരു പുതി യ തലമുറയുടെ നാന്ദിയെ സൂചിപ്പിച്ചുകൊണ്ടു വേലുവിൻെറ പേര പ്പുത്രൻ വളൎന്നുവന്നു. ചോദ്യങ്ങൾ ചോദിക്കാനും അതിന്ന് അടി യല്ലാതെ ഉത്തരം പ്രതീക്ഷിക്കുവാനുമുള്ള വാസന ആ പുതിയ തല മുറയുടെ പ്രത്യേകമുദ്രയായിരുന്നു.

അമ്മയുടെ അടുക്കലൊണ് അവൻെറ ചോദ്യശരങ്ങൾ മിക്ക തും ചെല്ലാറുള്ളത്. ഒരു തള്ളപ്പക്ഷി കുഞ്ഞിൻെറ വായിൽ തീററി കൊടുക്കുംപോലെ പല വിജ്ഞാനശകലങ്ങളും പാകംനോക്കി അ മ്മ മകനു കൊടുത്തുകൊണ്ടിരുന്നു. അച്ഛനെക്കുറിച്ച ചോദ്യങ്ങൾ വന്നാൽമാത്രമാണ് അവർ വിഷമിയ്ക്കാറുള്ളത്.

അച്ഛൻെറ ഫോട്ടോ നോക്കി ആ വിരുതൻ ഇടയ്ക്ക് ചോദി ക്കും, "അച്ഛൻ എവിടെയമ്മേ?"

"അച്ഛൻ മരിച്ചു."

"അപ്പോൾ എനി വരില്ലെ?"

"ഇല്ല."

"അച്ഛൻ എങ്ങിനെയാ മരിച്ചെ?"

"യുദ്ധത്തിൽ."

"എന്തുയുദ്ധം?"

"സ്വാതന്ത്ര്യത്തിനുള്ള യുദ്ധത്തിൽ."

"എന്താ സ്വാതന്ത്ര്യം എന്നുവെച്ചാൽ?"

"ദാ, ആ പക്ഷി പറന്നുപോകുന്നതു കണ്ടോ? അതിനു സ്വാതന്ത്ര്യമുണ്ട്. അതിനെ പിടിച്ചു കൂട്ടിലിട്ടാൽ ആ സ്വാത ന്ത്ര്യം പോയി."

''അച്ഛനെ കൂട്ടിലിട്ടിരുന്നോ?''

''ഇല്ല, ജയിലിൽ.''

''ജയിലിൽ കള്ളന്മാരെയല്ലെ ഇടുക?''

''കക്കാനുണ്ടാവണം, കക്കേണ്ടിവരികയുംവേണം, എന്നാലല്ലേ കള്ളന്മാരുണ്ടാവൂ?''

അവനതു മനസ്സിലായില്ല.

''അച്ഛൻ കള്ളനായിരുന്നോ?''

''അല്ല. വളരെ നല്ലവരേം ജയിലിൽ പിടിച്ച് ഇട്ടിരുന്ന ഒരു കാലമുണ്ടായിരുന്നു.''

''എന്തിനാ അവരേ ജയിലിൽ പിടിച്ചിടുന്നത്?''

കിളിയേ കൂട്ടിലിട്ടടച്ചാൽ നമുക്കു വേണ്ടപോലെ അതിനെക്കൊണ്ടു പാടിക്കാം. ഇല്ലേ? അതുപോലെ നമുക്കു വേണ്ടത് അവരേക്കൊണ്ടു പറയിക്കാൻ.'' ആ സാഹിത്യവും അവന്റെ തലയ്ക്കു കയറിയില്ല.

''എന്താ അമ്മെ ഈ 'പാർട്ടി' എന്നുവെച്ചാൽ? അച്ഛനു പാർട്ടിയുണ്ടായിരുന്നോ?''

''പാർട്ടികൾ പേരിന്നു പലതുമുണ്ട് മോനേ. പക്ഷെ കാര്യമായിട്ട് രണ്ടുപാർട്ടികളെയുള്ളു. അത് എല്ലാ പാർട്ടിയിലുമുണ്ടുതാനും. തന്നെമറന്നു പ്രവർത്തിക്കുന്നവരും, തനിക്കുവേണ്ടി പ്രവർത്തിക്കുന്നവരും. അച്ഛൻ ആദ്യത്തെ പാർട്ടിയിലായിരുന്നു.''

അതും അവന്നു മനസ്സിലായില്ല. അമ്മക്ക് ഇന്ന് എന്തോ ഒരു പന്തിയില്ലായ്മ. അച്ഛനെപ്പററി ചോദിയ്ക്കാൻ തുടങ്ങിയാൽ എപ്പോഴും ഇങ്ങിനെയാണ്. എന്തെല്ലാമോ ഒക്കെ പറയും. അവൻ ചോദ്യങ്ങൾ നിർത്തി.

''ആ അമ്മെ! ഇന്നാള് സ്കൂളിൽ ഞങ്ങളെയെല്ലാം എഴുന്നേററുനിർത്തി പ്രാർത്ഥിപ്പിച്ചു. സ്വാതന്ത്ര്യയോദ്ധാക്കളുടെ ഓർമ്മക്കാണത്രെ.''

''അച്ഛനും അങ്ങിനെ ഒരു യോദ്ധാവായിരുന്നു.''

''എന്റെ അച്ഛനോ?''

അഭിമാനത്താൽ തുടുത്ത മുഖത്തോടെ അവൻ ആ ഫോട്ടോ നോക്കി അമ്മയെ കെട്ടിപ്പിടിച്ചു. അമ്മ ആ നെററിയിൽ ചുംബിച്ചു.

''എനിക്കും യുദ്ധത്തിന്നു പോകണം.''

അതിനി വേണ്ടിവരാതിരിക്കട്ടെ. ഗൽഗദത്തോടെ അമ്മ ആശിസ്സരുളി.

20-2-'49/27-2-'49

# പിറന്നാൾ സമ്മാനം

"അമ്മേ, ഏട്ടനെന്താമ്മേ ഇപ്പോൾ ഇങ്ങോട്ടൊന്നും വരാത്തത്? അച്ഛൻ അപ്രിയം വല്ലതും പറഞ്ഞോ?" അമ്മയുടെ മുഖഭാവം സൂക്ഷിച്ചുകൊണ്ട് ലീല ചോദിച്ചു.

മാധവിയമ്മ ഒന്നും മിണ്ടിയില്ല. പക്ഷെ ലീലയ്ക്കു കാര്യം മനസ്സിലായി. അവളുടെ മുഖം വാടി. കണ്ണിൽ വെള്ളം നിറഞ്ഞു. മാധവിയമ്മ അവളെ മാറോട്ടുചേർത്തു. വാക്കുകൾ കൂടാതെ ആ ഹൃദയങ്ങൾ അന്യോന്യം സംസാരിച്ചു. ആ അമ്മയും മകളും അങ്ങിനെയാണ്. അവർക്കൊന്നുമില്ല, അന്യോന്യം മറച്ചുവെയ്ക്കുവാൻ.

ലക്ഷപ്രഭുവായ കുമാരമേനോൻെറ ഏകപുത്രിയാണ് ലീല. മദിരാശിയിൽ സീനിയർ ബി. എ. യ്ക്കു പഠിയ്ക്കുന്നു. ഇപ്പോൾ കോളേജ് പൂട്ടി നാട്ടിൽ വന്നിരിയ്ക്കുകയാണ്. സഹപാഠികളെ അസൂയാകലുഷിതരാക്കത്തക്കവിധം പ്രകൃതി അവളെ അനുഗ്രഹിച്ചിട്ടുണ്ട്. പക്ഷെ അവളുടെ സൌശീല്യം അവളെ എല്ലാവരുടേയും സ്നേഹഭാജനമാക്കിത്തീർത്തു.

കുമാരമേനോൻെറ മരുമകനാണ് ബാലൻ. ലീലയും ബാലേട്ടനും കൊച്ചിലേതൊട്ടു കളിച്ചു വളൎന്നതാണ്. ശൈശവത്തിലെ ആ നിഷ്കളങ്കസ്നേഹം ക്രമേണ പ്രണയബന്ധമായി പരിണമിച്ചു. എന്നുമുതല്ലെന്നു അവൎക്കു പറഞ്ഞുകൂടാ—മൊട്ടുവിരിഞ്ഞു പൂവാവുംപോലെ.

യുദ്ധകാലത്താണ് കുമാരമേനോൻ പെട്ടെന്നു പണക്കാരനായത്. അതിന്നുമുമ്പ് അദ്ദേഹത്തിൻെറ സ്ഥിതി നന്നെ പരുങ്ങലിലായിരുന്നു. അന്നു ബാലൻ ഏറെക്കുറെ പ്രതാപത്തിലാണ്. പ്രതിഭാശാലിയായ ഒരു യുവാവെന്ന നിലയ്ക്കു ഭാസുരമായ ഒരു ഭാവി ബാലൻെറ മുമ്പിൽ തുറന്നുകിടന്നിരുന്നു. അന്നെല്ലാം ലീലയുമായുള്ള ബാലൻെറ അടുപ്പം കുമാരമേനോൻ സകൗതുകം, അഭിമാനപുരസ്സരം നോക്കിക്കണ്ടു. നിഗൂഢമായ പ്രോത്സാഹനവും നല്കാതിരുന്നില്ല.

പെട്ടെന്ന് എല്ലാം മാറിമറഞ്ഞു. ബാലൻെറ അച്ഛനമ്മമാർ മരിച്ചു. വിദ്യാൎത്ഥി ജീവിതം തുമ്പില്ലാതാക്കി, രാഷ്ട്രീയസമര

ത്തിൽ പങ്കെടുത്തു, ബാലൻ ജയിൽവാസം വരിച്ചു. അതോടു കൂടി മുമ്പു തെളിഞ്ഞുകിടന്നിരുന്ന വഴികളെല്ലാം എന്നെന്നേയ്ക്കുമായി അടഞ്ഞു. മുൾനിറഞ്ഞ ആപല്ക്കരമായ ഒരു പുതിയ വഴിയിൽക്കൂടി ആ യുവാവ് യാത്രയാരംഭിച്ചു.

കുമാരമേനോന്ന് ഇതൊന്നും അത്ര പിടിച്ചില്ല. അദ്ദേഹത്തിൻെറ കണ്ണുകൾ അന്യത്ര തിരച്ചൽ തുടങ്ങി. മാധവിയമ്മക്കു മാത്രം യാതൊരു മാററവുമുണ്ടായില്ല. അവർ അവരുടെ ആ അടങ്ങിയൊതുങ്ങിയ ജീവിതംതന്നെ തുടൎന്നുപോന്നു. അന്നെന്നപോലെ ഇന്നും ബാലനെ അവൾക്കു വലിയ കാര്യമാണ്. ലീലക്കും ബാലേട്ടനെ കുറിച്ചുള്ള മതിപ്പ് ഒരു മാററംകൂടിയതല്ലാതെ ഒട്ടുംതന്നെ കുറഞ്ഞിരുന്നില്ല. യുവത്വത്തെ ത്യാഗവേദിയിലേയ്ക്കു ആഹ്വാനം ചെയ്യുന്ന നൂതനാശയങ്ങളുടെ അലകൾ അവളുടെ ഹൃദയത്തേയും തലോടാതിരുന്നില്ല.

"അമ്മേ! നാളെ എൻെറ പിറന്നാളിന്നു ഞാൻ ഏട്ടനെ ക്ഷണിക്കട്ടെ?"

"ക്ഷണിച്ചോളു." മാധവിയമ്മ പറഞ്ഞു. "കുറെ ദിവസമായി അവനെ ഒന്നു കണ്ടിട്ട്."

"ഞാൻ ഇന്നു സരളയുടെ വീട്ടിൽ പോണവഴി അവിടെ കേറിപ്പറയാം."

"ഒരു കുറിപ്പയച്ചാൽ പോരെ?" മാധവിയമ്മ ചോദിച്ചു.

"ഏട്ടൻ വരില്യ. ഒഴികഴിവുപറഞ്ഞു കൂട്ടുകയേ ഉള്ളു. ഞാൻതന്നെ പോയി പറയാം. അതാണ് നല്ലത്".

"ശരി, എന്നാൽ അങ്ങിനെയാവട്ടെ." മാധവിയമ്മ ചിരിച്ചുംകൊണ്ട് പറഞ്ഞു. "കുഞ്ഞിയമ്മയെക്കൂടി കൂട്ടിക്കോളു........"

മധുരമായ ഒരു ഹിന്ദിമൂളിപ്പാട്ടും കേട്ടു ഞെട്ടിക്കൊണ്ടാണ് ലീല ബാലൻെറവീട്ടിൽ കയറി ചെന്നത്. ബാലേട്ടനു പാട്ടറിയാമെന്നു അവൾക്കറിഞ്ഞുകൂടായിരുന്നു. അവൾക്കല്ലാ, മിക്കപേൎക്കും. ആരുമില്ലാത്തപ്പോൾ മാത്രമെ ബാലൻ തൻെറ സംഗീതപാടവം പ്രകടിപ്പിക്കാറുള്ളു. ലീല അകത്തുചെന്നപ്പോൾ ബാലൻ മൂളിപ്പാട്ടും പാടി എന്തോ ചിത്രം വരയ്ക്കുകയാണ്. പിന്നിൽ പതുങ്ങി നിന്നുകൊണ്ട് ലീല ചിത്രം സൂക്ഷിച്ചു; ബാലൻെറ അമ്മയുടെ പടമാണത്: പണി മുഴമിക്കാറായിരുന്നു. ഛായ അസ്സലായി വന്നിട്ടുണ്ട്.

"പാട്ടം ചിത്രമെഴുത്തും ഏട്ടൻ ജയിലിൽനിന്നു പഠിച്ചതാ?" ലീലയുടെ ശബ്ദം കേട്ട ബാലൻ ഞെട്ടി തിരിഞ്ഞുനോക്കി.

"തനിച്ചാണോ വന്നത്?" ബാലൻ ഗൌരവത്തിൽ ചോദിച്ചു.

"അല്ലാ, കുഞ്ഞിയമ്മയും ഉണ്ട്."

"അച്ഛനോട്ട ചോദിച്ചിരിയ്ക്കുന്നോ?"

"ഇല്ല, അമ്മയുടെ സമ്മതമുണ്ട്."

"അതു നന്നായില്ല". ബാലൻ നീരസഭാവത്തിൽ പറഞ്ഞു. അഭിമാനക്ഷതമേററ ലീലയുടെ മുഖം അരുണവർണ്ണമായി. ഇതായിരുന്നില്ല അവരം സ്വപ്നം കണ്ടിരുന്ന സ്വീകരണം. മടങ്ങിപ്പോകുവാൻ അവരം രണ്ടടി പിന്നോക്കം വെച്ചു. പക്ഷെ അഭിമാനം വേറെ എന്തോ ഒന്നിൻെറ മുമ്പിൽ തല താഴ്ത്തി. ബാലൻെറ ഹൃദയമല്ല, ആ സംസാരിച്ചിരുന്നതെന്ന് ആ മുഖഭാവത്തിൽ നിന്നു പ്രത്യക്ഷമായിരുന്നു. അതു അവളെ ധൈര്യപ്പെടുത്തി.

"നാളെ എൻെറ പിറന്നാളാണ്, ഏട്ടനെ ക്ഷണിയ്ക്കുവാൻ വന്നതാണ്." ഒരു വെറും ഔപചാരികമായ സ്വരത്തിൽ ലീല തൻെറ വരവിൻെറ ഉദ്ദേശ്യമറിയിച്ചു.

"ഒരു കുറിപ്പയച്ചാൽ മതിയായിരുന്നില്ലേ?"

"എന്താ! ഏട്ടന് എന്നെ കാണുന്നതു തന്നെ ഇഷ്ടമില്ലാതായോ?." ലീല പരിഭവം തുളുമ്പുന്ന സ്വരത്തിൽ ചോദിച്ചു. അതോടെ ബാലൻെറ സ്ഥൈര്യമെല്ലാം അസ്തമിച്ചു. ദുസ്സഹമായ ഹൃദയവേദനയോടെ ചോദിച്ചു: "എന്തിനാണ് എൻെറ നരകം ഇരട്ടിപ്പിയ്ക്കുന്നത്.?"

"നല്ല കഥ; ഞാനാണതിന്നുത്തരവാദി"

"ഞാൻ ലീലയെ മറക്കുവാൻ ശ്രമിയ്ക്കുകയാണ്.

"ഓഹോ അങ്ങിനെയാണല്ലെ? അതെനിയ്ക്കു മനസ്സിലായില്ല. അതിന്നു ഞാൻ സഹായിയ്ക്കുകയുംകൂടി വേണം. അല്ലേ? അതുണ്ടാവുന്ന കര്യാമാണ്!" ഒരു കുറുമ്പുചിരിയോടെ അവരം മറുപടി പറഞ്ഞു.

"നമ്മുടെ വഴികരം പിരിഞ്ഞുകഴിഞ്ഞു. നിൻെറ അച്ഛനു നാമരം തമ്മിലുള്ള അടുപ്പം തീരെ വിസമ്മതമാണെന്നു് അറിയരുതേ"?

"അച്ഛൻ ഒരിയ്ക്കലും എൻെറ ഹിതത്തിന്നു വിരോധമായി നി

ല്ലുകയില്ല. അഥവാ നിന്നാൽതന്നെ ഞാൻ ഏട്ടനെ അനുഗമി യ്ക്കാൻ തയ്യാറാണ്."

"അതെല്ലാം ഇപ്പോറം പറയുകയല്ലേ? കാര്യത്തോടടുത്താൽ അറിയാം കള്ളി. 'ഐശ്വര്യമാണ് യഥാൎത്ഥ പ്രണയപാശം; കഷ്ടപ്പാടിൻെറ മുമ്പിൽ പ്രണയത്തിൻെറ ലളിതാവേഷം മാറിമറ യും' എന്ന ഷേക്സ്പിയറുടെ വരികറം വായിച്ചിട്ടില്ലേ?"

"അത് ഷേക്സ്പിയർ പറഞ്ഞതല്ല. ഷേക്സ്പിയറുടെ ഒരു കഥാപാത്രം പറഞ്ഞതാണ്."

"ഷേക്സ്പിയർ തൻെറ അഭിപ്രായം ഒരു കഥാപാത്രത്തിൽകൂ ടി പറയിച്ചുവെന്നേയുള്ളു."

"റോമിയോ ആൻറ് ജൂലിയററ് എഴുതിയ ഷേക്സ്പിയർ ആ അഭിപ്രായക്കാരനാണെന്നു ഞാൻ വിശ്വസിയ്ക്കുന്നില്ല. ആണെ ങ്കിൽതന്നെ ഞാനതിനോടു യോജിയ്ക്കുന്നില്ല. ആട്ടെ, ഞാനൊ ന്നു ചോദിച്ചോട്ടെ. നമ്മളുടെ സ്ഥിതി നേരെമറിച്ചാണെന്നു വി ചാരിയ്ക്കുക. എന്നാൽ ഏട്ടൻ പ്രണയത്തിന്നുവേണ്ടി ഐശ്വര്യം ഉപേക്ഷിയ്ക്കുവാൻ തയ്യാറായിരിക്കില്ലേ?" "അതു വ്യത്യാസമു ണ്ടു്?" ഉത്തരം മുട്ടികൊണ്ടു് ബാലൻ മറുപടി പറഞ്ഞു.

"എന്തു വ്യത്യാസം." ലീല വിട്ടില്ല. "പുരുഷന്മാരുടെ വിചാരം, അവർ മാത്രമാണ് ത്യാഗികറം എന്നാണ്. എന്നാൽ നിങ്ങറം ജയിലിൽ കിടന്നപ്പോഴെല്ലാം യഥാൎത്ഥ ത്യാഗം അനുഭവി ച്ചിരുന്നത് ആരാണ്? വീട്ടിലെ സ്ത്രീകറം. അതു പുറമേക്ക വരി ല്ല. പത്രങ്ങളിൽ കാണില്ല. അത്രമാത്രം. ഗാന്ധിജിയുടെ ത്യാ ഗത്തിലും മാററുകൂടിയതാണ് കസ്തൂർബായുടേത്. ഗാന്ധിജിക്ക ഒ ന്നുമില്ലെങ്കിലും പേരുണ്ട്, പെരുമയുണ്ട്. ബായിയ്ക്കോ? ഒന്നു മില്ല. ഒരു സ്ത്രീയുടെ ജീവിതം മുഴുവൻതന്നെ ത്യാഗത്തിൻെറ ഒരു ചിഹ്നമാണ്.

"വാദിക്കാൻ ലീല പണ്ടേ മിടുക്കിയാണല്ലൊ?"

"ഉള്ളതു പറഞ്ഞാൽ അത് വാദവൈദഗ്ദ്ധ്യമായിപ്പോയി. വാദത്തിൻെറ ആവശ്യം ഇല്ലാത്തത് പറഞ്ഞു ഫലിപ്പിക്കാനാണ്. ആട്ടെ നേരം വൈകുന്നു ഞാൻ പോട്ടെ—നാളെ വരില്ലേ?"

"അച്ഛൻ ക്ഷണം അയച്ചാൽ വരാം."

"അപ്പോറം ഞാൻ നേരിട്ടു ക്ഷണിച്ചാൽക്കൂടി പോരാ അല്ലേ? ആട്ടെ—അച്ഛൻ കുറിപ്പയക്കും. എന്നാൽ വരില്ലേ? വന്നില്ലെങ്കിൽ

ഞാൻ വന്നു കൂട്ടിക്കൊണ്ടുപോവും'' എന്നുംപറഞ്ഞ് അവൾ പോവാൻ പുറപ്പെട്ടു; പക്ഷെ ബാലൻെറ മനസ്സിലെ വിചാരങ്ങൾ മനസ്സിലാക്കിയപോലെ തിരിഞ്ഞുനിന്നുംകൊണ്ട് തുടൻു:

''ഏട്ടൻ അതും ഇതും ആലോചിച്ച് വെറുതെ മനസ്സിനെ അലട്ടുകയാണ്. ഏട്ടൻ വിചാരിക്കുന്നത്ര പ്രതിബന്ധമൊന്നും ഇക്കാര്യത്തിലില്ല. അച്ഛനെ ഏട്ടനറിയുന്നതിലും നല്ലവണ്ണം ഞാൻ അറിയും. എന്നെ വളയ്ക്കുവാൻ ആവില്ലെന്നു തീർച്ചപ്പെട്ടാൽ താനെ വളഞ്ഞുകൊള്ളും. അതുകൊണ്ട് അത്ര ബദ്ധപ്പെട്ടു മറക്കാനും മറവും സാധന നടത്തേണ്ട.'' ഒരു വികൃതിച്ചിരിയോടെ അവൾ പറഞ്ഞു.

പോകുന്നപോക്കിൽ ഒരു പെട്ടിയിൽ ഒരു ചിത്രച്ചട്ടം കിടക്കുന്നതുകണ്ട് അതു കയ്യിലെടുത്തു. ബാലൻ തടയുന്നതിനുമുമ്പ്, അവൾ അത് നിവർത്തിനോക്കിക്കഴിഞ്ഞു. അവളൊന്നു ഞെട്ടി. അത് അവളുടെതന്നെ ഛായയായിരുന്നു.

''ഇതെനിക്കുവേണം, ഞാനിതു കൊണ്ടുപോണു. ഏട്ടൻെറ എനിക്കുള്ള പിറന്നാൾ സമ്മാനം.''

''അരുത്. / അതെടുക്കരുത്.'' ബാലൻ വിലക്കിനോക്കി.

''ഏട്ടനു മറെറാന്നു എളുപ്പത്തിൽ വരയ്ക്കാമല്ലൊ. ഇത് എനിക്കിരിയ്ക്കട്ടെ''.

''വരക്കുന്നതിനെപ്പററിയല്ല. അച്ഛന് അത് വലിയ നീരസത്തിനു വഴിയാവും. എനിക്കായിരിയ്ക്കും അതിൻെറ പരാതിയെല്ലാം''.

''ഞാൻ ഇത് ഏട്ടൻ വരച്ചതാണെന്ന് ആരോടും പറയില്ല. എന്നാൽ പോരെ? എൻെറ ഒരു സ്നേഹിത വരച്ചതാണെന്നേ പറയൂ''. അവൾ ചിത്രവും കൊണ്ടുപോയി. ബാലൻ വിഷണ്ണനായി ലീലപോയ വഴിയും നോക്കിനിന്നു.........

പിറെറദിവസം അമ്മാമൻെറ ഔപചാരിക ക്ഷണനമനുസരിച്ച് ബാലനും പിറന്നാൾവിരുന്നിനു ചെന്നിരുന്നു. പക്ഷെ അമ്മാമൻ അങ്ങിനെ ഒരാൾ അവിടെ ഉള്ളതായിതന്നെ ഭാവിച്ചില്ല. മാധവിയമ്മയുടെ വാത്സല്യമസൃണമായ സ്വാഗതമോ, ലീലയുടെ മാദകമായ എതിരേല്പൊ ബാലൻെറ ദുസ്സഹമായ അപമാനത്തെ കുറയ്ക്കുവാൻ പര്യാപ്തമായിരുന്നില്ല. വിരുന്നുകഴിഞ്ഞുഅതിഥികളെല്ലാം മടങ്ങി. കഴിയുന്നതും വേഗം അവിടെനിന്നു തിരിച്ച് സ്വഗൃഹത്തിലെ നിശ്ശബ്ദതയെ ആശ്രയിക്കുവാൻ ബാലൻെറ ഹൃദ

യം വെമ്പി. പക്ഷെ ചായകഴിഞ്ഞത് ഇറങ്ങിയാൽ മതിയെന്ന് മാധവിയമ്മ നിർബ്ബന്ധിച്ചതിനാൽ, ധർമ്മസങ്കടത്തിൽപെട്ട ബാലൻ താഴത്തു തനിയെ ഇരിപ്പായി.

മുകളിൽ സല്ലാരമുറിയിൽ അമ്മയും മകളും തനിയെയാണ്. മകൾ ചിത്രച്ചുരുൾ അമ്മയുടെ നേക്കു നീട്ടി. "നോക്കു അമ്മെ! ഏട്ടൻെറ പിറന്നാൾ സമ്മാനം. ഓ, അച്ഛനോട് പറയല്ലെ."

ഇതുകേട്ടുംകൊണ്ട് കുമാരമേനോൻ പൊട്ടുന്നനവെ മുറിയിൽ കടന്നുവന്നു. ലീല ചുരുൾ ഒളിക്കുവാൻ ഒരു വ്യർത്ഥശ്രമം നടത്തി. പക്ഷെ ലേശം വൈകി.

"അതിവിടെ കൊണ്ടുവാ." നാളിതുവരെയും അവൾ കേട്ടിട്ടില്ലാത്ത ഒരു ഗംഭീരസ്വരത്തിൽ കുമാരമേനോൻ ആജ്ഞാപിച്ചു. വിറയ്ക്കുന്ന കൈകളോടെ ലീല ചുരുൾ അച്ഛൻെറ കൈയിൽ കൊടുത്തു. അദ്ദേഹം അതു നിവർത്തിനോക്കി. അച്ഛൻെറ അപ്പോഴത്തെ രൌദ്രഭാവം ലീലയെ ഭയവിഹ്വലയാക്കി. അവൾ അച്ഛനെ ഇതിനു മുമ്പൊരിക്കലും ഇങ്ങിനെ കണ്ടിട്ടില്ല. ഒരു വേലക്കാരനെ വിളിച്ച് കുമാരമേനോൻ പറഞ്ഞു. ബാലനെ ഞാൻ വിളിച്ചു എന്നു പറയൂ."

"വേണ്ട അച്ഛാ!" ദയനീയ സ്വരത്തിൽ ലീല കേണുനോക്കി. ബാലനെ അപമാനിയ്ക്കുന്നത് അവൾക്കു കാണുവാൻ വയ്യ. "മിണ്ടരുത്" ആ ശബ്ദം കേട്ട അവൾ നടുങ്ങിപ്പോയി. അച്ഛനെ വളയ്ക്കാമെന്നു തലേദിവസം വീരവാദം ചെയ്ത അവളുടെ ധൈര്യമെല്ലാം ഇന്ന് എവിടേയോ ഓടി ഒളിച്ചു. ഇന്നത്തെ അച്ഛൻ അവൾക്ക് ഒരു പുതിയ അച്ഛനായിരുന്നു. മാധവിയമ്മയും അമ്പരന്നുനിന്നതല്ലാതെ ഒന്നും പറയുവാൻ ധൈര്യപ്പെട്ടില്ല.

വിനീതവും പക്ഷെ അതേസമയംതന്നെ സ്വാഭിമാനം തുളുമ്പുന്നതുമായ ഭാവത്തോടെ ബാലൻ സാവധാനം കോണികയറി മുകളിൽ പ്രവേശിച്ചു. അമ്മാമൻെറ കയ്യിൽ ചുരുളും ലീലയുടെ കണ്ണിൽ വെള്ളവും കണ്ടതോടുകൂടി ബാലനു കാര്യമെല്ലാം മനസ്സിലായി. ശാന്തനായി, പതറാതെ, ബോമ്പുപൊട്ടുന്നതും തൻെറ ജീവിതസൌഖ്യത്തെക്കുറിച്ച് വിധി പറയുന്നതും കാത്തുകൊണ്ട് ഒരു ശിലപോലെ ബാലൻ നിലയുറപ്പിച്ചു.

കുമാരമേനോൻ രണ്ടു മിനുട്ടു നേരത്തേയ്ക്കു ഒന്നും മിണ്ടിയില്ല. തൻെറ മുഖത്ത് ഒന്നു നോക്കുകപോലും ചെയ്യാതെ തലയും താഴ്ത്തി അതിഗൌരവഭാവത്തിൽ അഞ്ചാറു ചാൽ അങ്ങോട്ടും ഇങ്ങോട്ടും

നടന്നു. വാക്ക്തൂണീരത്തിൽനിന്നു ഏററവും നിശിതമായ അസ്ത്ര ങ്ങൾക്കുവേണ്ടി അദ്ദേഹം തപ്പുകയായിരുന്നുവോ എന്നു തോന്നും. ലീലയുടെ ഹൃദയം കിടന്നുപിടയ്ക്കുകയാണ്. ഓരോ വിനാഴി കയും അവൾക്ക് അതിദീർഘങ്ങളായി തോന്നി.

പെട്ടെന്നു കുമാരമേനോൻ നടത്തം നിർത്തി. ബാലൻെറ സമീപം ചെന്നുനിന്നു. തലയുയർത്തി ബാലനെ അതിതീക്ഷ്ണമാ യി ഒന്നു നോക്കി. രണ്ടു പേരുടേയും കണ്ണുകൾ ഇടഞ്ഞു. ബാ ലനും ഒട്ടുംതന്നെ കൂസാതെ ആ നോട്ടം നേരിട്ടു; ഒരു നിമിഷനേ രത്തേയ്ക്കു അഭിമാനം മറെറല്ലാത്തേയും കീഴൊതുക്കി നിർത്തിയിരുന്നു.

"ലീലേ! ഇവിടെ വരു" കുമാരമേനോൻ മകളെ വിളിച്ചു. വിറച്ചും കൊണ്ട് ലീല അടുത്തേയ്ക്കു ചെന്നു. പെട്ടെന്നു, രണ്ടു പേരും തരിച്ചുനിൽക്കേ—കുമാരമേനോൻ ബാലൻെറ കൈപിടി ച്ചു ലീലയുടെ കൈയിൽ അപ്പിച്ചു. സ്തബ്ധയായി ലീല അച്ഛ ൻെറ മുഖത്തേക്കു നോക്കി. അവൾ സ്വപ്നം കാണുകയാണോ? അല്ല. അതാ അച്ഛൻെറ മുഖത്തുണ്ട് ഒരു നേരിയ കുസൃതിപ്പു ഞ്ചിരി.

"ലീലേ? നിനക്കു അച്ഛനെ ഇത്ര പേടിയോ? ഞാൻ കാല ത്തു നിന്നോടു പറഞ്ഞിരുന്നില്ലേ. നിനക്കു ഒരു ഒന്നാന്തരം പി റന്നാൾ സമ്മാനം എടുത്തുവെച്ചിട്ടുണ്ട് എന്ന്. ഇതാണ് ആ സമ്മാനം."

"ഓ! അച്ഛൻ എന്നെ കൊല്ലാറാക്കി" എന്നും പറഞ്ഞുകൊ ണ്ട് ലീല അച്ഛൻെറ മാറത്തേക്കു ചാഞ്ഞു. രണ്ടാംമുണ്ടിൻെറ വ ക്കുകൊണ്ട് മാധവിയമ്മ കണ്ണിൽ തങ്ങിയിരുന്ന രണ്ടു ആശ്രുകണ ങ്ങൾ തുടച്ചു............

*   *   *   *

"നാടകംകേമമായി." അവർ രണ്ടുപേരും തനിയെയായ പ്പോൾ മാധവിഅമ്മ പറഞ്ഞു. "അഭിനയചാതുര്യം ഇത്രയു ണ്ടെന്നു ഞാൻ മനസ്സിലാക്കിയിരുന്നില്ല. പക്ഷെ എന്തേ പെ ട്ടെന്നു ഇങ്ങിനെയൊരു പരിവർത്തനം വരാൻ? എൻെറ അന്ധാ ളിപ്പ് ഇനിയുംതീർന്നിട്ടില്ല"

കു. മേ—അതോ? ഞാൻ ഇന്നലെത്തന്നെ നിന്നോടു പറ യണമെന്നു വെച്ചതാണ്. പിന്നെ, വരട്ടെ ഒരു നേരമ്പോക്കുണ്ടാ ക്കാമെന്നുകരുതി കാത്തു. ഇന്നലെരാത്രി ഞാൻ ഒരു സ്വപ്നംകണ്ടു.

വല്ലാത്തൊരുസ്വപ്നം. ഇപ്പോഴും അതാലോചിക്കുമ്പോറം എൻെറ മേലാസകലം കോരിത്തരിക്കുന്നു. നീ എന്നെവന്നു വിളിച്ചില്ലേ? അതുകഴിഞ്ഞു അധികമായിട്ടുണ്ടാവില്ല. ഞാൻ ഒന്നു കണ്ണടച്ചിട്ടുണ്ടാവും, അത്രെയുള്ളു. 'കുട്ടാ! കുട്ടാ! എന്നു ആരോ എന്നെ ശക്തിയോടെ വിളിക്കുന്നപോലെതോന്നി. പെട്ടെന്നു ഒരു രൂപം എൻെറ കട്ടിലിന്നരികിൽവന്നു എൻെറ മുഖത്തുതന്നെ ഉററുനോക്കിക്കൊണ്ടുനിന്നു. ഏടത്തിയുടെ തനിച്ഛായ. പക്ഷെ മരിക്കുമ്പോഴത്തേതിലും പ്രായം ബാധിച്ചിട്ടുണ്ട്. തല മുഴുവൻ നരച്ചിരിക്കുന്നു. മുഖത്തു എന്തോ ഒരു വല്ലാത്തതേജസ്സ്, കഴുത്തിൽ രുദ്രാക്ഷമാലയുണ്ട്. നാമമുറിയിൽനിന്നു നാമംകഴിഞ്ഞു വരാറില്ലേ—ആ വേഷം.

"ഉം—നിനക്കു എൻെറ കുട്ടിയെ ഇപ്പോറം വിലയില്ലാതായി അല്ലേ?" രണ്ടുപ്രാവശ്യം, നിർത്തിനിർത്തി ആ ചോദ്യം ആവർത്തിച്ചു. ഓ. അതിലെ ഓരോ അക്ഷരവും എൻെറ സിരകളിൽ കുത്തിത്തുളച്ചു കയറുന്നതുപോലെ എനിയ്ക്കുതോന്നി. ഇപ്പോഴും അതോക്കുമ്പോറം എൻെറരോമം എണീററുനില്ക്കുന്നു. ഞാൻനിന്നെ വിളിയ്ക്കാൻ ഒന്നുരണ്ടുപ്രാവശ്യം ശ്രമിച്ചു. പക്ഷെ ഒച്ചപൊന്തിയില്ല. എഴുന്നേല്ക്കാമെന്നുവിചാരിച്ചു. കൈകാൽ അനങ്ങുന്നില്ല. എത്ര നേരമാണ് ഞാനങ്ങിനെ കിടന്നതെന്നു് പറയാൻവയ്യ. ഒടുവിൽ, ദുസ്സഹമായ ഒരു അപരാധബോധം എന്നെ കുലുക്കിയുണർത്തി. ആ സ്വപ്നം ഞാൻ ഈ ജീവിതത്തിൽ മറക്കില്ല. അതോടെ ഞാൻ നിശ്ചയിച്ചു, "നമ്മുടെ കുട്ടികളുടെ എടയിൽ എനി വിലങ്ങടിച്ചു നിൽക്കില്ലെന്നു."

23_3_'47

# ആങ്ങള

'ദീപം. ദീ ീ....പം.'

സന്ധ്യാകാലത്തെ പാവനമായ പ്രശാന്തതയിൽ ചെറുതരംഗങ്ങൾ തൊട്ടുത്തുവിട്ടുകൊണ്ട് ഒരു മധുരസ്വനം മാറെറാലിക്കൊണ്ടു. അതോടെ ഒരു പഴയ വീടിന്റെ ഉള്ളറയിലെ ഇരുട്ടിൽനിന്ന് ഒരു വിദ്യുല്ലേഖ വേർപെട്ട് ഉമ്മറപ്പടികടന്ന് മുററത്തിറങ്ങി. ശുഭ്രവസ്ത്രം, അന്തിത്തിരിയുടെ ദീപ്തിയിൽ രജതശലാകപോലെ മിന്നിത്തിളങ്ങുന്ന ഭസ്മക്കുറി, ഉലർത്തിയിട്ട് തുമ്പുകെട്ടി പിൻവശം മറയ്ക്കുന്ന സമൃദ്ധമായകേശം—അനുദിനം അപൂർവ്വമായിവരുന്ന കേരളസംസ്കാരത്തിന്റെ രംഗമണ്ഡപത്തിലെ ആ മനോഹരചിത്രം, അടിവെച്ചടിവെച്ച് തുളസ്സിത്തറയിലേക്കുനീങ്ങി. ഒരു തിരിയെടുത്ത് പൊത്തിൽവെച്ച് മെഴുക്കായ വിരലുകൾ തലമുടിയിൽ തുടച്ചു. അവ്യക്തമായ ഏതോ പ്രാർത്ഥനയിൽ ആ ചുണ്ടുകൾ ചലിച്ചു. അദൃശ്യമായ ഏതോ മൂർത്തിയുടെ സ്മരണയിൽ ആ കണ്ണുകൾ കൂമ്പി.

കണ്ണുതുറന്ന് തിരിഞ്ഞുനോക്കിയപ്പോൾ കാക്കിയുടുപ്പും ചുകന്ന തലപ്പാവുമായ കമ്പിശ്ശിപായി മുമ്പിൽ നില്ക്കുന്നതാണ് കണ്ടത്. അവളുടെ ഭാവനയിലെ ആ രൂപമെവിടെ? ഈ രൂപമെവിടെ? അവൾ ആദ്യമൊന്നു ഞെട്ടി. പക്ഷെ കമ്പിവാങ്ങി പൊട്ടിച്ച് വായിച്ച് ആഹ്ലാദംതുളുമ്പുന്ന മുഖത്തോടെ "ഏട്ടാ—ഫസ്റ്റ്ക്ലാസ്സ്" എന്ന് ഉച്ചത്തിൽ വിളിച്ചുപറഞ്ഞുംകൊണ്ട് അകത്തേക്ക് ഓടി. അവസാനനിമിഷങ്ങളിലെ ഉല്ക്കണ്ഠയുടെ ഭാരം താങ്ങാനാകാതെ ചാരുകസേരയിൽ തളർന്നുകിടക്കുന്ന ഏട്ടനിൽ സന്തോഷംകുലുക്കിയുണർത്തി വിമല കമ്പികൊടുത്തു. 'അമ്മയോടു പറയട്ടെ' എന്നു പറഞ്ഞ് അടുക്കളക്കെട്ടിലേക്ക് കുതിച്ചു.

അമ്മ തളത്തിലെ തിണ്ണയിൽ ചാഞ്ഞുകിടക്കുകയാണ്.

'അമ്മേ, ഏട്ടൻ പാസ്സായി. ഫസ്റ്റ്ക്ലാസ്സ്''

'ഉവ്വോ? ആവൂ. അതും കഴിഞ്ഞല്ലോ.' എന്നു പറഞ്ഞു പതുക്കെ കിടന്നേടത്തുനിന്നുമെഴുന്നേററു.

എന്തോ അമ്മ സന്തോഷിച്ചതുപോരെന്ന് അവൾക്ക് ഒരു തോന്നൽ. "എന്താ അമ്മയ്ക്കു സുഖമില്ലേ?" പ്രസരിപ്പു തുളുമ്പുന്ന ആ മുഖം പെട്ടെന്ന് ആർദ്രമായി. "ഏയ്. ഒന്നുമില്ല.

ഒരിയ്ക്കലിൻെറ ക്ഷീണംകൊണ്ട് അങ്ങിനെ കിടന്നു പോയെന്നു മാത്രം.''

അപ്പോഴെയ്ക്കും അവിടെ എത്തിയ മകനെ അമ്മ വാത്സല്യ പൂർവ്വം തഴുകി അനുഗ്രഹിച്ചു.

പിറേറന്നു രാവിലെ അനുമോദിയ്ക്കുവാൻ ആദ്യം എത്തിയതു തെക്കേതിലെ കുഞ്ഞിക്കുട്ടിയമ്മയാണ്.

കു–അ—''എന്താ മാധവിയമ്മേ, ശങ്കരൻകുട്ടിയെ ഇനി മദിരാശിക്കയെക്കുന്നെ. അല്ലേ?''

മാ–അ—''വേണമന്നാണ് മോഹം. സാധിയ്ക്കുമോ ആവോ. ഒന്നും തീർച്ച്യയാക്കിയിട്ടില്ല.''

കു–അ—''എന്താ സാധിയ്ക്കാണ്ട്. ഇങ്ങിനെയുള്ള കുട്ടികളെ പഠിപ്പിച്ചില്ലെങ്കിൽ പിന്നെ ആരെയാ പഠിപ്പിക്ക്യാ.''

വിമല—(ഒരു കുറമ്പുചിരിയോടെ) ''അമ്മ സ്വകാര്യമായിട്ടു പ്രാർത്ഥിയ്ക്കായിരുന്നു, ഏട്ടന് ഫസ്റ്റ്ക്ലാസ്സ് കിട്ടരുതേ എന്ന്.''

മാ–അ—''വിഡ്ഢിത്തം പറയാതെ. ആ കുട്ടി രാവു പകലാക്കി പഠിച്ച് ഒടുവിൽ ആ മുഖം വാടിക്കരിഞ്ഞുകാണുന്നത് എനിയ്ക്കു സന്തോഷമോ?''

വി—''അതൊന്നുമല്ല. ഏട്ടനെ ഇവിടെ ബേങ്കിൽ 40ക.യുടെ ശമ്പളത്തിൽ കെട്ടിയിടാമെന്നായിരുന്നു അമ്മയുടേയും അമ്മാമൻെറയും പ്ലാൻ. ഫസ്റ്റ്ക്ലാസ്സു കിട്ടിയപ്പോഠം അതു തെററി. ഇനി ഏട്ടനെ പിടിച്ചാൽ കിട്ടില്ല.''

മാ–അ—''കിട്ടിയ വള്ളി വിട്ട് ആകാശത്തിലെ പൂപറിയ്ക്കാൻ ചാടുന്നതുപോലെയാവില്ലേ എന്നാണ് എൻെറ ഭയം. അവഠം അറിയുന്നുണ്ടോ, കുഞ്ഞുകുട്ടിയമ്മേ, ഞാൻ ഇവിടെ കിടന്നു തിങ്ങുന്ന തിങ്ങലെന്താണെന്ന്?''

പച്ചവെള്ളം പാൎന്നപോലെ വിമലയുടെ മുഖം മ്ലാനമായി. അമ്മയുടെ തിങ്ങൽ അവഠം അറിയാതെയല്ല. അതു ലഘൂകരിയ്ക്കുവാൻ അവളുടെ സർവ്വശക്തിയും അവഠം ഉപയോഗിയ്ക്കുന്നുമുണ്ട്. പക്ഷെ യുവത്വത്തിൻെറ പ്രസരിപ്പു തുളുമ്പുമ്പോഠം എപ്പോഴും അതിനെപ്പററി ഓർത്ത് വിഷാദാത്മകത്വത്തോടെ ഇരിയ്ക്കാൻ അവഠംക്കു സാധ്യമല്ല. അമ്മ തന്നെ തെററിദ്ധരിച്ചുവല്ലോ എന്ന് അവഠം കുണ്ഠിതപ്പെട്ടു.

കു–അ—'മാധവിയമ്മ ഇങ്ങിനെ പറയാൻ തുടങ്ങ്യാലോ —പത്തുരണ്ടായിരം ശമ്പളം വാങ്ങുന്ന ഒരു ഏട്ടനുണ്ടായിട്ട്? അതും

മാധവി എന്നു തികച്ചും വിളിയ്ക്കാത്ത അത്ര വാത്സല്യമുള്ള ഒരു ഏട്ടൻ. ആ ഏട്ടന് ഈ ഒരു മരുമകനേ ഉള്ളുതാനും. ഇങ്ങിനെയുള്ള സന്ദർഭങ്ങളിലല്ലേ അവരെക്കൊണ്ടുള്ള സഹായം?''

മാ—അ—''ഏട്ടൻ പാവം ഭാരക്കാരനാണ്. അവരെ നിവൃത്തിയുള്ളതും ബുദ്ധിമുട്ടിയ്ക്കരുതെന്നാണ് എൻെറ മോഹം.''

കു—അ—എന്ത്. രണ്ട് കുട്ടികളുള്ളതാ ഭാരം?

മാ—അ—അവരുടെ ഉദ്യോഗം അങ്ങിനത്തെ ഒന്നാണ്. കാണാൻ വലിയ അവസ്ഥേം പദവീം എല്ലാം ഉണ്ട്. പക്ഷെ അതിനു പോവും കിട്ടുന്നതിൽ മുക്കാലും.

കു—അ—അങ്ങിനെ മടിച്ചിരുന്നാൽ പററില്ല. ഇങ്ങിനത്തെ സന്ദർഭങ്ങൾ എനി ഉണ്ടാവില്ലല്ലോ? അപ്പോഴല്ലേ അവരെ ബുദ്ധിമുട്ടിയ്ക്കുന്നുള്ളൂ.

ഒടുവിൽ ഏട്ടന് എഴുതാൻതന്നെ മാധവിയമ്മ നിശ്ചയിച്ചു. ശങ്കരൻകുട്ടി ഫസ്റ്റ്ക്ലാസ്സായി പാസ്സായിയെന്നും അവനു ബാങ്കിലെ ആ ജോലിയിലിരിയ്ക്കുവാൻ ഇഷ്ടമില്ലെന്നും ശാഠ്യം സഹിയ്ക്കാതെ അവനെ മദിരാശിക്കയയ്ക്കുവാൻതന്നെ തീച്ച്യാക്കിയിരിയ്ക്കുന്നുവെന്നും അതിന് അവൻെറ അമ്മാമൻെറ പൂൎണ്ണമായ അനുഗ്രഹവും ആശിസ്സും ഉണ്ടാവുമെന്ന് പ്രതീക്ഷിയ്ക്കുന്നുവെന്നും എഴുതി. വിമല അപ്പോൾ തന്നെ പറഞ്ഞു: 'അനുഗ്രഹവും ആശിസ്സും' എന്ന് എഴുതിയാൽ അത്രതന്നെ ഉണ്ടാവൂ. സഹായംകൂടി വേണം എന്നു തുറന്നുതന്നെ എഴുതണം.

മാ—അ—ഏട്ടനറിയാത്തതോ ഇവിടത്തെ സ്ഥിതിയെല്ലാം? ഇഷ്ടമുണ്ടെങ്കിൽ അറിഞ്ഞുചെയ്യും. ഇല്ലെങ്കിലോ മനസ്സിന്ന് ഒരു അസ്വസ്ഥത കൊടുത്തിട്ട് കാര്യമെന്ത്?

വിമല വിചാരിച്ചദിക്കിൽ കാര്യം ചെന്നെത്തി. നാലാം ദിവസംതന്നെ മറുപടി എത്തി. ശങ്കരൻകുട്ടിയുടെ പ്രശസ്തമായ വിജയത്തിൽ വളരെ സന്തോഷിയ്ക്കുകയും അഭിമാനിയ്ക്കുകയും ചെയ്യുന്നുവെന്നും അവന് ഒരു പാരിതോഷികമായ് 25ക. മണിയോർഡർ അയക്കുന്നുണ്ടെന്നും ബി. എ. ക്കാരും എം. എ. ക്കാരും ബസ്സ്കണ്ടക്ടർമാരായും മററും നട്ടംതിരിയുന്ന ഇക്കാലത്ത് ഉപരിപഠനത്തിന്നു പോകുന്നത് വെറും വിഡ്ഢിത്തമാണെന്നും ബാങ്കിലെ ജോലിയിൽ ചെറുപ്പത്തിലേതന്നെ ചേൎന്നാൽ ഉയൎന്നുവരാമെന്നും ഇരിയ്ക്കുന്ന കൊമ്പത്തുനിന്നു എത്താത്തകൊമ്പിലേയ്ക്കു ചാടുന്നത് അവിവേകമാണെന്നും പക്ഷെ ഇതൊന്നും ശങ്കരൻകുട്ടിയുടെ

ഉത്സാഹം കെടുത്താൻവേണ്ടി എഴുതുന്നതല്ലെന്നും മറവമാണ് എഴുത്ത്. 'സഹായ'ത്തെക്കുറിച്ചുമാത്രം ഒരു വാക്കുമില്ല.

എഴുത്തുവായിച്ചു മാധവിയമ്മയുടെ മുഖം വാടി. ദുസ്സഹമായ ഒരു വേദന ആ മുഖത്ത് പ്രത്യക്ഷപ്പെട്ടു. സഹായം ലഭിയ്ക്കാത്തതിലല്ല, ഏട്ടൻെറ സ്നേഹം പരീക്ഷിയ്ക്കേണ്ടിവന്നതിൽ. ഏട്ടൻ അവരുടെ ഒരു അഭിമാനസ്തംഭമായിരുന്നു. താൻ എത്ര താണ പടിയിലായാലും ഏട്ടൻെറ പടിപ്പടിയായുള്ള ഓരോ ഉയർച്ചയിലും ആ ഹൃദയം അഭിമാനംകൊണ്ടിരുന്നു. ഒരു സ്വാർത്ഥോദ്ദേശം കൊണ്ടല്ല. ആ ഏകോദരഭാവത്തിൻെറ ഏകഭാവത്തിൽനിന്ന്. ആ മിഥ്യാസ്വപ്നത്തിനു കിട്ടിയ പ്രഥമപരാഭവം അവരെ തളത്തി.

വി—(എഴുത്തുവായിച്ച് ചുരുട്ടിയെറിഞ്ഞ്) "എന്ത് ഭംഗി വാക്ക്! എന്തൊരുപദേശം! ഈ ബുദ്ധിയൊന്നും സ്വന്തം മകൻെറ കാര്യത്തിൽ തോന്നിയില്ലല്ലോ. അയാളെ ശീമക്കും അമേരിക്കയ്ക്കുമൊക്കെ അയച്ചുനോക്കി. ഒരു രണ്ടക്ഷരംപോലും എടുക്കാതെ തിരിച്ചുവന്നിരിയ്ക്കുന്നു. ഒരു മകറം ഉണ്ടാകേണ്ടിയിരുന്നു. എന്നാൽ കാണാമായിരുന്നു.

മാ_അ—അസംബന്ധം പറയാതെ, വല്ലകുരുത്തക്കേടും വരുത്തിവെക്കേണ്ട.

വി—'ഇങ്ങിനെയുള്ള ഗുരുക്കളുടെ ഗുരുത്വം ഇല്ലാതിരിക്യാ ഭേദം.'

മാ_അ—മതി നിൻെറ പരിഹാസം. നോക്കിക്കോ. നിൻെറ ഏട്ടന് ഒരു ഏടത്തിവന്നാൽ അറിയാം.

വി—എൻെറ ഏട്ടൻ ഒരിയ്ക്കലും അങ്ങിനെയാവില്ല.

മാ_അ—ഞാനും അങ്ങിനെയൊക്കെത്തന്നെ വിചാരിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു.

* * * *

അതിവേഗം പാഞ്ഞുകൊണ്ടിരിക്കുന്ന എക്സ്പ്രസ്സ്‌വണ്ടിയിൽ ചോരത്തിളപ്പുകൊണ്ട് ഉല്ലാസഭരിതരായി. ആർത്തുതിമിക്കുന്ന സ്നേഹിതന്മാരിൽനിന്നെല്ലാം വിട്ടുമാറി ഒരു മൂലയിൽ ശങ്കരൻകുട്ടി ചിന്താവിഷ്ടനായി ഇരിയ്ക്കുന്നു. വിടരുംമുമ്പെ വാടിയ പൂപോലെ അകാലികമായ ഉത്തരവാദിത്വബോധംകൊണ്ട് ആ മുഖം വിഷണ്ണമായിരിയ്ക്കുന്നു. കഴിഞ്ഞ ഒരു മാസത്തെ തൻെറ അനുഭവങ്ങളും, തൻെറ ഹൃദയം വെന്തുരുകിയ ആ ഓരോ ഘട്ടങ്ങളും, ആ

കൊച്ചുതലയിൽ തിക്കിത്തിരക്കി വന്നെത്തിനോക്കി. തന്റെ വിജയത്തെക്കൂടി ഭാവിയെ ഓർത്തുള്ള കണ്ണുനീരോടെ സ്വാഗതം ചെയ്യേണ്ടിവന്ന ആ മാതൃഹൃദയം. ഒരു നിഷ്കളങ്കസുമംപോലെ ആദ്യം ഉല്ലാസത്താൽ വിടന്നതും ഉത്തരക്ഷണം വാടിക്കരിഞ്ഞതും എങ്കിലും ആശാവല്ലരികൾ മൊട്ടിട്ടുനില്ക്കുന്നതുമായ ഒരു കുഞ്ഞനുജത്തിയുടെ സ്നേഹമൂറുന്ന പളുങ്കുഹൃദയം. തന്റെ ദുഃഖത്തെ മയപ്പെടുത്തുന്ന, പക്ഷെ തന്റെ സുഖത്തിൽ ഉത്തരവാദിത്വത്തിന്റെ മുള്ളുകുത്തുന്ന, ആ നിസ്വാർത്ഥസ്നേഹപാശങ്ങൾ. തനിയ്ക്കുവേണ്ടി ആദ്യമായി കടക്കാരിയായ അമ്മ. തന്റെ പഠിപ്പിന്നുവേണ്ടി പണയപ്പെടുത്തിയ കുടിയിരിപ്പും നിലങ്ങളും. "നാളത്തെ കഞ്ഞിയ്ക്കുള്ളതാണ്'' എന്ന് ആധാരമൊപ്പിടുന്ന സമയം ആ മാതൃഹൃദയത്തിൽ നിന്നു പൊട്ടിവന്ന ആ വാക്കുകൾ. തനിയ്ക്ക് വെച്ചിരുന്ന കുടുംബാഭരണങ്ങളെ പണയംവെയ്ക്കുവാൻ അമ്മയെ തിരക്കിയ ആ സഹോദരിയുടെ നിസ്വാർത്ഥസ്നേഹം. നാല്പതുറുപ്പികയുടെ ഒരു ജോലിയും മററു പലക്കും അസൂയ തോന്നിച്ചേക്കാവുന്ന ഒരു എളിയ ജീവിതവും തനിയ്ക്കു കരസ്ഥമായിരുന്നു. അത് വിട്ടുപോന്നത് വിവേകമായോ? ഏത് അജ്ഞാതമായ ഭാഗധേയത്തിലേയ്ക്കാണ് തന്റെ അതൃപ്തിയും അത്യാഗ്രഹവും തന്നെ മുന്നോട്ടുനയിയ്ക്കുന്നത്? ഗ്രാമജീവിതത്തിന്റെ, കവിഞ്ഞതത് ഒരു ചെറുപട്ടണത്തിന്റെ, ചിറവരമ്പുകൾക്കപ്പുറം പാളിനോക്കിയിട്ടില്ലാത്ത തന്നെ പെട്ടെന്നു ഒരു വലിയ നഗരത്തിന്റെ നടുവിലേയ്ക്ക് എറിയുകയാണ്. അവിടെ തനിയ്ക്ക് ഉററവരാരുമില്ല. എന്തെല്ലാം ആപത്തുകളും കെണികളും പ്രലോഭനങ്ങളുംതന്നെ അവിടെ കാത്തിരിയ്ക്കുന്നു.

"എന്മകനാശുനടക്കുന്നനേരവും കന്മഷംതീർന്നിരുന്നീടുന്നനേരവും തന്മതികെട്ടുറങ്ങീടുന്നനേരവും സമ്മോദമാൻ രക്ഷിച്ചീടുവിൻ നിങ്ങൾ'' എന്നു യാത്രപറയുന്ന സമയത്ത് പൂജാമുറിയിൽവെച്ചു നെറുകയിൽ കൈവെച്ച് പൊട്ടുന്ന കണ്ണുനീരോടെ അമ്മ ചൊല്ലി അനുഗ്രഹിച്ചത്!

ആ ഗോപി എത്ര ഭാഗ്യവാൻ. തന്റെ സഹപാഠിയാണ്, മൂന്നാംക്ലാസ്സായിട്ടാണ് പാസ്സായത്. അതുമുംതന്നെ പ്രതീക്ഷിച്ചിരുന്നതല്ല. പറഞ്ഞിട്ടെന്തുകാര്യം, അയാളുമുണ്ട് അതേവണ്ടിയിൽ—രണ്ടാംക്ലാസ്സിൽ യാത്ര ചെയ്യുന്നു. സ്റ്റേഷനിൽ അച്ഛനമ്മമാർ കാറിൽ വന്നു മകന്റെ സുഖസൌകര്യങ്ങൾ തികഞ്ഞില്ലേ എന്നു പ്രത്യേകം അന്വേഷിയ്ക്കുന്നു. കളിച്ചുചിരിച്ചുകൊണ്ടുള്ള

ഒരു ജീവിതം—സുഖിയ്ക്കാൻ ജനിച്ചവൻ. ദൈവം? അങ്ങിനെ ഒരാളുണ്ടോ? ഉദിച്ചുയരുന്ന പൂർണ്ണചന്ദ്രൻെറ നിഷ്കളങ്കമല്ലാത്ത പരിഹാസച്ചിരിയായിരുന്നു അതിനു മറുപടി. 'വനേ വാ ഹർമ്മ്യേ വാ സമകരനിപാതോ ഹിമകരഃ'. ദേവിയുടെ കാരുണ്യം അങ്ങിനെയാണത്രേ! എവിടെ? കാണുന്നതിങ്ങിനെയും. 'ഭാഗ്യവന്തം പ്രസൂയേ' എന്നു പറഞ്ഞത് എത്ര ശരിയാണ്. ഭാഗ്യമാണ് മനുഷ്യനു കാര്യം'. ബുദ്ധികൊണ്ടെന്തു കാര്യം? പക്ഷെ ഒന്നു നോക്കുമ്പോഠം ബുദ്ധിതന്നെ ഭാഗ്യത്തിൻെറ മറെറാരു വശമല്ലേ? തലച്ചോറിൽ രണ്ടുമൂന്നു ചുരുളുകഠം ജാസ്തിയാക്കി അയയ്ക്കുന്ന അതേ കൈകഠം തന്നെയല്ലേ മറെറാരു ജീവനെ ധനാഢ്യമായ ഒരു കുടുംബത്തിൽ കൊണ്ടുപോയി വിത്തിറക്കുന്നതും. ഒന്നു നമ്മുടെ സ്വന്തമാണെന്നും മറേറതു ദൈവത്തിൻെറതാണെന്നും കരുതുന്നതു മൂഢമായ അഹങ്കാരംമാത്രമല്ലേ? ഗോപിയുടെയും തൻെറയും സ്ഥിതി നേരെ മറിച്ചായിരുന്നുവെങ്കിൽ താൻ തൃപ്തിപ്പെട്ടമായിരുന്നോ? പൊരുതിജയിയ്ക്കുന്നതിൽ ഒരു പ്രത്യേക ആനന്ദമില്ലേ? നേടിയ പൊന്നിനു മാററു കൂടില്ലേ?

ശങ്കരൻകുട്ടിയുടെ വിചാരധാര ഇങ്ങിനെ ആ ഇളംപ്രായത്തിന് എത്തിനോക്കാറായിട്ടില്ലാത്ത തത്വജ്ഞാനത്തിൻെറ തലപുകയ്ക്കുന്ന വഴികളിലേയ്ക്കു തിരിഞ്ഞുപോകുമ്പോഠം അതിനെല്ലാം മറുപടിയെന്നോണം കർണ്ണകഠോരമായ ഒരു സംഗീതം ആ മുറിയിൽ വന്നലച്ചു. വയററത്തടിയാണ് അതിനുള്ള താളം. ആ ചെറുബാലൻ വികൃതമാക്കിച്ചൊല്ലുന്ന ഹിന്ദിപ്പാട്ടുകഠം കേട്ട തൻെറ സുഹൃത്തുക്കഠം ചിരിയ്ക്കുകയാണ്. അവൻെറ ജീവിതം?

*　　*　　*　　*

മൂന്നുകൊല്ലത്തെ തലകാഞ്ഞ പഠിപ്പുകഴിഞ്ഞു, ബിരുദം കയ്യിലാക്കി, പുറത്തുവന്നപ്പോഴുണ്ട് എനിയെന്ത് എന്ന ചോദ്യചിഹ്നം തന്നെ തുറിച്ചുനോക്കുന്നു. ഐ. എ. എസ്. പരീക്ഷയ്ക്കുപോവാൻ പലരും ഉപദേശിച്ചു. ആർക്കും മുട്ടിനോക്കാവുന്ന വാതിൽ അതു മാത്രമേ ഉള്ളു. അതിനും വേണ്ടേ പണം? ഈ നാടൻമട്ടുംകൊണ്ട് അവിടെ പോയാൽ 'വൈവ'ക്ക് പൂജ്യം കിട്ടും. 'ഡ്രായിങ്ങ് റൂം മേനേർസ്' ഒരു ദിവസംകൊണ്ട് പുസ്തകം പഠിയ്ക്കുമ്പോലെ പഠിയ്ക്കാവുന്നതല്ല. അതിനു സെററ് കൂടണം. പണം കുറച്ചൊന്നു ഇട്ടു കളിയ്ക്കണം. അല്ലെങ്കിൽ അതുള്ളവരുടെ പിരി

മുറക്കി സ്വാത്ഥം നേടാനുള്ള അടവു പഠിയ്ക്കണം. അതിരിയ്ക്കട്ടെ. മദിരാശിയിൽ ഒരു കൊല്ലംകൂടി തങ്ങണം; പരീക്ഷാഫീസ്സ് വേണം. അതിന്നുതന്നെ മാഗ്ഗം കാണാനില്ല. വീട്ടിൽനിന്ന് ഇനിയും പണംവരുത്തുക സാദ്ധ്യമല്ല. കടക്കാരുടെ പൊറുതികേട് മൂദ്ധന്യത്തിലെത്തി നോട്ടീസ്സുവരെ എത്തിയിരിയ്ക്കുന്നു. അടിയന്തിരമായി വേണ്ടത് ഒരു ജോലിയാണ്. പകൽ ജോലിതിരയലും രാത്രി പരീക്ഷയ്ക്കുള്ള പഠിപ്പും, പാതി വിശപ്പടക്കിയ ഒരു ജീവിതവുമായി ഒന്ന് രണ്ടുമാസം കഴിഞ്ഞു ഗതിമുട്ടി വീട്ടിലേയ്ക്കു മടങ്ങുകയേ നിവൃത്തിയുള്ളു എന്ന ഘട്ടത്തിലാണ് ഒരു പ്രൊഫസറുടെ ശിപാശ് കൊണ്ട് ഒരു വലിയ ആഫീസറുടെ മന്ദബുദ്ധിയായ മകനെ പഠിപ്പിയ്ക്കുവാനുള്ള ഒരു ട്യൂഷൻപണി കിട്ടിയത്. അതുകൊണ്ട് കടം കൂടാതെ രണ്ടു തലയും ഒപ്പിയ്ക്കാമെന്നായി—കുറച്ചുമാത്രം നാട്ടിൽ നിന്നു് വരുത്തിയാൽ.

* * * *

ആഫീസറുടെ മകൻമാത്രമല്ല, ഏടത്തിയും ചില സംശയങ്ങളുമായി എടയ്ക്കു മാസ്റ്ററെ സമീപിയ്ക്കും. ക്രമേണ സംശയങ്ങൾ വദ്ധിച്ചുതുടങ്ങി. ഒരു ദിവസം പെട്ടെന്നു ശങ്കരൻകുട്ടിയ്ക്കു ബോധോദയമുണ്ടായി. തന്റെ വിശദീകരണത്തിലല്ല അദ്ധ്യേതാവിന്റെ ശ്രദ്ധ എന്നു 'കണ്ട് എന്തേ ഞാനിപ്പോൾ പറഞ്ഞതിരുന്നത്?' എന്നു ചോദിച്ചു. പെട്ടെന്നു കള്ളി കണ്ടുപിടിച്ചതിൽ ലജ്ജിച്ചപോലെ തുടുത്ത മുഖത്തോടെ അകത്തേയ്ക്ക് ഒരോട്ടം. അതോടെ തിരനീക്കിയുള്ള ആട്ടംതന്നെയായി. സംശയനിവാരണങ്ങൾ നമ്മസല്ലാപങ്ങളായി മാറി.

സുഷമയുടെ അച്ഛനും അമ്മയും ഇതൊന്നും കാണാതെയല്ല. അവർ അതിനെപ്പററി സംസാരിച്ചിട്ടുമുണ്ട്.

അച്ഛൻ—ഇതു കുറച്ചു കടന്നുപോകുന്നുണ്ടോ?

അമ്മ—അതിനെന്താ? ആ കുട്ടി ഉയരാൻ പോണ ഒരു കുട്ടിയാ. അതു കണ്ടാലറിയാം.

അച്ഛൻ—ഭവിച്ചിട്ടു പോരേ ഭാവിയ്ക്കൽ.

അമ്മ—അതിന്നു കാത്തിരുന്നാൽ ശരിയാവും. ചിറകുവെച്ചിട്ടു പിടിയ്ക്കാൻ നോക്കണപോലെയാവും.

അച്ഛൻ—ആവോ, ഞാൻ പറയേണ്ടതു പറഞ്ഞു. എനി

യ്ക്ക് ഇതത്ര പിടിയ്ക്കുന്നില്ല. ഇപ്പോഴത്തെ കുട്ടികാം വാശിക്കാരാണ്. അയച്ചുവിട്ടാൽ പിന്നെ പിടിച്ചാൽ കിട്ടില്ല.

അമ്മ—അവളത്ര പൊട്ടിയൊന്നുമല്ല.

അച്ഛൻ—അമ്മയുടെ മകാംതന്നെ അല്ലേ? ചൂണ്ടലിടാനുള്ള സാമത്ഥ്യം.

അമ്മ—ഓ! ചൂണ്ടലിട്ടതാണെപോലും? ഒരു സൈ്വരംതരാതെ ബോറടിച്ച് ഒടുവിൽ സൊല്ലയൊഴിപ്പാൻ സമ്മതിച്ചത്.

അങ്ങിനെ അപകടംപിണയാത്ത അകൽച്ചയിലും പക്ഷെ വിട്ടൊഴിയ്ക്കാത്ത വേഴ്ചയിലുമായി ആ തീകൊണ്ടുള്ള കളി തുടൻ പോന്നു. ഇരുളടഞ്ഞ തൻെറ ജീവിതത്തിലേയ്ക്ക് എത്തിനോക്കിയിരുന്ന ആ സുവണ്ണകിരണങ്ങളെ തള്ളിനീക്കാൻ ആ സാധു ശക്തനായില്ല. പൊള്ളുമോ എന്ന ഭയം ഇല്ലാതെയല്ല. എടയ്ക്കിടയ്ക്ക് അമ്മയെ ഓക്കുമ്പോാം ഞെളിഞ്ഞുകയറുന്ന ആ പട്ടം മാതൃസ്നേഹത്തിൻെറ ചരടുവലി തട്ടി കുനിഞ്ഞു താഴേയ്ക്ക് ഇറങ്ങും. "എന്മകനാശു നടക്കുന്ന നേരവും........" എന്ന ആ പ്രാത്ഥന ചെവികളിൽ മാറെറാലിക്കൊള്ളും.

* * * *

ഒരുമിച്ചാണ് ആ രണ്ടു കമ്പികളും വന്നത്. ഇരുളും വെളിച്ചവും, പ്രഹരവും തലോടലും. ഐ. എ. എസ്. പാസ്സായി എന്ന കമ്പി വായിച്ചസന്തോഷം ആറിയിട്ടില്ല. 'അമ്മ അത്യാസന്നമായി കിടക്കുന്നു' എന്നാണ്മറേ കമ്പി. പാസ്സായ വിവരത്തിന് അമ്മയ്ക്കു കമ്പിയടിച്ചു ശങ്കരൻകുട്ടി വീട്ടിലേയ്ക്കു കുതിച്ചു. താൻ എത്താൻ വൈകുമോ? തൻെറ ഇരുണ്ട ജീവിതത്തിലൂടെ കൈ പിടിച്ചു നടത്തിയ ആ കൈയ്ക്ക് ഉദിയ്ക്കുവാൻപോകുന്ന സുപ്രഭാതത്തിലേയ്ക്ക് ഒന്ന് എത്തിനോക്കുവാൻപോലും കഴിഞ്ഞില്ലെന്നുവരുമോ? അമ്മയോടുള്ള ആ തീരാക്കടം വീട്ടുന്നതുപോകട്ടെ, നരകിച്ചിരുന്ന ആ 'ഹൃദയത്തിന്ന്' 'ആറു' എന്നൊന്നു പറയുവാൻപോലും അവസരംകിട്ടാതെ പോകുമോ? ആരോടും കടപ്പെടാതെ വിധിയോടു പൊരുതിയ ആ സ്വാഭിമാനിയ്ക്കു മകനോടുപോലും കടപ്പെടുന്നത് ഇഷ്ടമല്ലെന്നായിരിയ്ക്കുമോ?

ഒരു നിമിഷംപോലും നേരത്തെയല്ല താൻ എത്തിയത്. അമ്മയ്ക്കു പ്രജ്ഞവിട്ടിട്ടില്ല. പക്ഷെ അത് അവസാനമാണെന്ന് ഒരൊററ നോട്ടം പ്രത്യക്ഷമാകും. മകൻ പാസ്സായ വിവരമറി

ഞ്ഞ് അതിരുകവിഞ്ഞ ഒരു സന്തോഷവും ആശ്വാസവും ആ മുഖത്ത് തിളങ്ങുന്നുണ്ട്. കണ്ണീരോടേ മാറത്തേയ്ക്കു ചാഞ്ഞ മകനെ തഴുകി കാൽക്കൽ തേങ്ങിത്തേങ്ങിയ്ക്കരഞ്ഞുകൊണ്ടിരിയ്ക്കുന്ന മകളുടെ കൈപിടിച്ചു മകന്റെ കയ്യിൽ ഏല്പിച്ച്: "ഇവളെ ഒരു സ്ഥാനത്ത് ആക്കിയേ നീ ഒരിടത്ത് ഉറയ്ക്കാവൂ" എന്ന അന്ത്യശാസനത്തോടെ ആ മാതൃഹൃദയത്തിന്റെ സ്പന്ദനം നിലച്ചു.

*　　　*　　　*　　　*

സുഷമ—"അച്ഛൻ അന്നുംപറഞ്ഞു, ഉദ്യോഗം കണ്ടു ഭ്രമിച്ചു വല്ല ചെററക്കുടിലിലും പോയി പെടരുത് എന്ന്. പലരും ത്ര ങ്ങണ കഴുത്തിൽപോയി മാലയിടരുത് എന്ന്. അന്നതു ഞാൻ കേൾക്കാത്തതിന് ഇന്ന് എനിയ്ക്കു കിട്ടുന്നുണ്ട്."

'ചെററക്കുടിൽ' എന്നു കേട്ടപ്പോൾ ശങ്കരമേനോന്റെ മുഖം അരുണവർണ്ണമായി. എങ്കിലും കോപമടക്കി ദുസ്സഹമായ വേദനയോടെ:—"കഷ്ടം, പാപമുണ്ട് ഇങ്ങിനെ പറഞ്ഞാൽ. നീ അറിയുന്നുണ്ടോ എന്റെ അമ്മ എന്നെ എങ്ങിനെയാണ് പഠിപ്പിച്ചതെന്ന്? ഒടുവിൽ എനിയ്ക്കു പണമയക്കുവാൻവേണ്ടി നരകിച്ചു നരകിച്ചു സ്വന്തം രോഗത്തെക്കൂടി വകവെയ്ക്കാതെ, ഒരു ഡോക്ടരെപ്പോലും വിളിയ്ക്കാതെ, ആ അരുമജീവൻ എനിയ്ക്കുവേണ്ടി ബലിയർപ്പിച്ചു. ആ കടത്തിന്റെ ഒരണപോലും എനിയ്ക്കു വീട്ടാനായില്ല. അമ്മയുടെ അന്ത്യശാസനവും ഞാൻ തെററിച്ചു. എനിയ്ക്കു കിട്ടുന്നതു മുഴുവൻ ഞാൻ നിന്റെ കാല്ക്കൽ അടിയറവെയ്ക്കുന്നുണ്ട്. എന്നിട്ട് ആകെയുള്ള ഒരു അനുജത്തിയ്ക്കു തുച്ഛമായ ഒരു സംഖ്യ അയയ്ക്കുന്നതിനാണ് ഈ കോലാഹലമെല്ലാം."

സുഷമ—"ആർക്കുവേണ്ടിയാണാവോ ഞാൻ ഈ ചിലവിടുന്നതെല്ലാം. എനിയ്ക്കു സുഖിയ്ക്കാനോ? അവിടുത്തെ കുട്ടികളെയും, അവിടുത്തെ വീടും, അവിടുത്തെ അന്തസ്സും, പോററാൻതന്നെ. അതും വല്ല കാര്യത്തിനുമാണ് ഈ പണമയയ്ക്കുന്നതെങ്കിൽ പിന്നെയുമാട്ടെ. ഈ പെൺകുട്ടികൾ പഠിച്ച് ഉദ്യോഗം നോക്കി ഇരിയ്ക്കാൻ പോവല്ലേ? കമ്പം! ഞാൻ ഇപ്പോൾ എത്ര പഠിച്ചിട്ടുണ്ട്? എന്റെ അച്ഛനു പഠിപ്പിയ്ക്കാൻ വയ്യാഞ്ഞിട്ടായിരുന്നു?

ശ. മേ—"അതിന്റെ കാണാനുമുണ്ട്—ആ ഇടുങ്ങിയ മനസ്ഥിതി."

സുഷമ—'ഒ. എന്നാൽ വല്ല വിശാലവീക്ഷണക്കാരേയും തേ

ടിപ്പോയാൽ മതിയായിരുന്നില്ലേ? നാലു കണ്ണിൽക്കൂടി നോക്കുന്ന എത്രപേരെയെങ്കിലും കിട്ടുമായിരുന്നല്ലോ ആ കോളേജിലേക്ക് ചെന്നാൽ. എന്തിന് എന്നെ ഈ നരകത്തിലേയ്ക്കു വലിച്ചിഴച്ചു?

ശ. മേ—'നരകം! ഇതാരും കേൾക്കണ്ടേ. ചിരിച്ചുകളയും.'

സുഷമ—'പുറത്തേയ്ക്കു കാണാനുണ്ടായാൽ മതി! ഉള്ളിലുള്ള തിങ്ങൽ ഞാനല്ലേ അറിയൂ? പൂന്തോട്ടത്തിൻെറയും മണിമേടയുടെയും നടുവിലാണ് യഥാർത്ഥനരകം.

ശ. മേ—'ഞാൻ ഇപ്പോഴെന്താണ് അതിനിനി വേണ്ടത്. ആകെയുള്ള ഒരനുജത്തിയെ, ആരുമില്ലാത്ത ഒരനുജത്തിയെ, അങ്ങു തള്ളിക്കളയുകയോ? നിനക്കുവേണ്ടി?

സുഷമ—'ആരു പറഞ്ഞു അങ്ങിനെ വേണം എന്ന്" ഞാനെന്താ വല്ല കണ്ണുകിയോ മററോ ആണോ? അനുജത്തിയെ യഥാർത്ഥസ്നേഹമുണ്ടെങ്കിൽ അവളെ തക്ക ഒരാളെ ഏല്പിയ്ക്കണം. അതാണ് വേണ്ടത്. അല്ലാതെ ഇങ്ങിനെ ഇഷ്ടത്തിനെല്ലാം ആടിക്കൊടുക്കുകയല്ല."

ശ. മേ—"അതിന് തക്ക ആളെ കിട്ടണ്ടേ?"

സുഷമ—"ആളില്ലാഞ്ഞിട്ടാ? അപ്പോളതു പോരാ. ഒന്നാം കിടേലും ഒന്നാംകിട വേണം. എന്താ അവൾക്ക് ഉണ്ണിയെ വിവാഹം ചെയ്താൽ?"

ശ. മേ—"അവനിപ്പോൾ അവനെത്തന്നെ നോക്കാൻ വയ്യ. എന്നിട്ടല്ലേ?"

സു—"അതിനെന്താ. ഒരു ഉദ്യോഗം കൊടുപ്പിച്ചേക്കണം. അതിനാ പ്രയാസം. പാസ്സില്ലാഞ്ഞിട്ടല്ലല്ലോ?"

ശ. മേ—"നിൻെറ അനുജന് എന്തൊക്കെ വേണം? ഒരു ഭാര്യയെ വേണം. പിന്നെ ഭാര്യയെ നോക്കാൻ ഒരു ഉദ്യോഗം വേണം അതും ഒന്നാംക്ലാസ്സ് ഉദ്യോഗമേ വേണ്ടൂ. എല്ലാംകൂടിയുള്ള കോപ്പോ? ഒരു മൂന്നാംക്ലാസ്സ് ഡിഗ്രിയും."

സുഷമ—"ഒ. അല്ലെങ്കിൽ പിന്നെ ക്ലാസ്സ് നോക്കിയിട്ടല്ലേ ഉദ്യോഗം കൊടുക്കുന്നത്? എനിക്കു കേൾക്കണ്ടേ. ഞാനും കുറെ ശ്ശെയൊക്കെ കാണുന്നുണ്ട്. വേണ്ടാന്നു വെച്ചാൽ ഉണ്ടാവേല്യ. ഒരു പുരുഷനായാൽ കുറച്ചൊരു കരളുറപ്പൊക്കെ വേണം. അവന് ഇപ്പോൾ വേറെ നല്ല കുട്ടികളെക്കിട്ടാഞ്ഞിട്ടാ? എന്തോ വിമലയെ ഒരു ഭ്രമം. എന്നാൽ അങ്ങിനെയാണെങ്കിൽ നമ്മൾ അതിനെ പ്രോത്സാഹിപ്പിക്കരുതായിരുന്നു.

ശ. മേ—"ഞാനാണ് പ്രോത്സാഹിപ്പിച്ചത്! ശിക്ഷ. അതും എനി എൻെറ തലക്ക് വെച്ചോളു."

*　　　*　　　*　　　*

"പ്രിയപ്പെട്ട ജ്യേഷ്ഠാ! എൻെറ വിവാഹം നിശ്ചയിച്ചിരിക്കുന്നു; ഞാൻ അദ്ദേഹത്തെയും കൂട്ടി അടുത്തുതന്നെ അങ്ങോട്ടു വരുന്നുണ്ട്. ഏട്ടൻെറയും ഏടത്തിയമ്മയുടേയും അനുഗ്രഹം വാങ്ങാൻ. ഏട്ടനോടു മുൻകൂട്ടി ആലോചിക്കാത്തതിന് എനിക്കു മാപ്പു തരില്ലേ? ഏട്ടന് അദ്ദേഹത്തെ വളരെ പിടിക്കും—എല്ലാം കൊണ്ടും. ഒരു കുണ്ഠിതം മാത്രമേ എനിക്കുള്ളു. ഏട്ടൻ തന്ന പഠിപ്പ് വെറുതെയാവുമല്ലോ എന്ന്. പക്ഷെ ഒരു സമാധാനമുണ്ട്. അതിൻെറ കാതലായ ഭാഗം ഒരിക്കലും വെറുതെയാവില്ല. ഏട്ടനോടും പ്രത്യേകിച്ച് ഏടത്തിയമ്മയോടും എനിക്കുള്ള കടപ്പാട് ഒരിക്കലും വിസ്മരിക്കാവുന്നതല്ല...........".വിമലയുടെ ആ എഴുത്തു വായിച്ച ശങ്കരമേനോനു സന്തോഷമോ പശ്ചാത്താപമോ അധികം എന്നു പറയുവാൻ പ്രയാസം.

'ഏട്ടൻ എനിക്കു മാപ്പുതരില്ലേ?' എന്നു ചോദിച്ചു കാല്ക്കൽ വന്നു കുമ്പിട്ട വിമലയെ പിടിച്ചെഴുന്നേല്പിച്ചു: "കഷ്ടം മാപ്പുചോദിക്കേണ്ടതു ഞാനല്ലെ? എൻെറ കടം ഞാൻ വീട്ടിയില്ല. പക്ഷെ അമ്മയുടെ ആത്മാവ് നിനക്കുവേണ്ടി പ്രവൎത്തിക്കുന്നുണ്ടായിരുന്നു."

വിമല—"പുതിയ കണ്ണികൾ വരുമ്പോൾ പഴയ കണ്ണികൾ അററു പോകുന്നതു ലോകസ്വഭാവമല്ലേ ഏട്ടാ?"

ശ. മേ—"നിനക്ക് ഇപ്പോൾ അങ്ങിനെ തോന്നും. പുതിയ സ്നേഹം—പുതിയ കണ്ണിയല്ലെ? പക്ഷെ കുറച്ചു കഴിഞ്ഞാൽ തോന്നും പഴയകണ്ണി പഴയകണ്ണിതന്നെ എന്ന്. അതിൻെറ ഉറപ്പു ഒന്നു വേറെയാണ്. മാതൃസ്നേഹം—ദിവ്യപ്രേമം ഒന്നേയുള്ളു, അതിനെ ജയിക്കാൻ."

വിമല—"ഏട്ടൻ ആ പറയുന്നത് അത്ര ശരിയല്ല. ഏടത്തിയമ്മയുടെ സ്നേഹത്തിന് എന്താണ് ഇപ്പോൾ ഒരു കുറവ്? ഏട്ടനു സ്വാൎത്ഥമാണെന്നു തോന്നുന്ന അതുതന്നേ ആൎക്കുവേണ്ടിയാണ്? ആ കുട്ടികൾക്കുവേണ്ടി. അപ്പോൾ അതും മാതൃസ്നേഹത്തിൻെറ മറെറാരുവശം മാത്രമല്ലേ? നമ്മുടെ അമ്മയുടെ അതേ മാതൃസ്നേഹംതന്നെയല്ലേ എന്നെ ഏട്ടന് ഒരു ഭാരമാക്കിത്തീൎത്തതും? സ്വാൎത്ഥത്തിന് എവിടെയാണ് സ്ഥാനമില്ലാത്തത്?"

28-1-51

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.* MF9 *Acc. No.* 9550

This book should be returned on or before the date last stamped below.

MF 9 9550
Bha-M
ഭാസ്ക്കരമേനോൻ. കെ.
മാറുന്നകാലങ്ങൾ.